മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 18 | THE ONLINE OFFICIAL NEWS BULLETTIN | 2020 May 30

SEASON OF PENTECOST | പെന്തിക്കോസ്തികാലം | ܙܒܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
31 ♪7 Pentiqosti (Fifteenth day after Easter)	1 ♪3 Comme. of Aaron the Monk	2 ♪7	3 ♪3	4 ♪7	5 ♪3 'rubto ddahbo Golden Friday (Friday after Pentecost)	6 ♪7 95th Mem. of Yuakim Mar Ivanios (Parumala) 13th Mem. of Augen Mar Dionysius (Vallikkattu Dayara)

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 6–ാം ഓർമ്മപ്പെരുന്നാൾ പരുമല സെമിനാരിയിൽ ആചരിച്ചു. വി. കുർബ്ബാനയ്ക്ക് പ. കാതോലിക്കാ ബാവാ മുഖ്യ കാർമികത്വം വഹിച്ചു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം നൽകുന്നതായ ഭക്ഷണ കിറ്റുകളുടെ വിതരണ ഉദ്ഘാടനം ഡോ. മാത്യൂസ് മാർ സേവേറിയോസ് യുവജനപ്രസ്ഥാനം ഭദ്രാസന ഭാരവാഹികൾക്ക് നൽകി നിർവഹിക്കുന്നു. കൂത്താട്ടുകുളം പ്രദേശങ്ങളിലുള്ള വിവിധ കുടുംബങ്ങൾക്കും മലയോര മേഖലയായ ഇടുക്കിയുടെ വിവിധ പ്രദേശങ്ങളിലും കിറ്റുകൾ വിതരണം ചെയ്തു.

കോതമംഗലം മുൻസിഫ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു

കൊച്ചി: ചാത്തമറ്റം ശാലേം മർത്തമറിയം പള്ളിയുടെ ഒറിജിനൽ സ്യൂട്ട് തള്ളിയ കോതമംഗലം മുൻസിഫ് കോടതിയുടെ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തു. ടി കേസിൽ പുറപ്പെടുവിച്ച വിഘടിത യാക്കോബായ വിഭാഗത്തിനുള്ള നിരോധന ഉത്തരവ് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിലനിർത്തിയ ഹൈക്കോടതി കേസിൽ രജിസ്റ്റേഡ് നോട്ടീസ് അയക്കാനും നിർദ്ദേശം നൽകി.

പ. ദിദിമോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ മെയ് 26–ന് മൗണ്ട് താബോർ ആശ്രമത്തിൽ വെച്ച് യാക്കൂബ് മാർ ഐറേനിയോസ്, സഖറിയാസ് മാർ അപ്രേം, ജോഷ്വാ മാർ നിക്കോദിമോസ് എന്നിവരുടെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.

20 വർഷത്തെ പെന്തക്കോസ്ത് ജീവിതത്തിനു അവസാനം കുറിച്ച് മാതൃ സഭയിലേക്ക് മടങ്ങി എത്തിയ ബ്രദർ സുജിത്തും കുടുംബവും ഹൂസ്റ്റൺ സെന്റ് മേരീസ് ദേവാലയത്തിലെ ആരാധനയ്ക്കു ശേഷം ഡോ. ഗീവർഗീസ് മാർ യൂലിയോസിനോടൊപ്പം.

അനുശോചിച്ചു

കോട്ടയം: രാജ്യസഭാംഗവും മാതൃഭൂമി ചെയർമാനും മുൻ കേന്ദ്രമന്ത്രിയുമായ എം. പി. വീരേന്ദ്രകുമാറിന്റെ നിര്യാണത്തിൽ മലങ്കര ഓർത്തഡോക്സ് സഭ അനുശോചിച്ചു. ജാതിമത ഭേദമെന്യേ സർവരുടെയും ആദരവ് പിടിച്ചുപറ്റിയ പത്രപ്രവർത്തകനും രാഷ്ട്രീയ നേതാവുമായിരുന്നു അദ്ദേഹമെന്ന് പ. കാതോലിക്കാ ബാവാ അനുസ്മരിച്ചു.

അനുഭവസമ്പന്നനും പൊതുപ്രവർത്തകനുമായ എം. പി. വീരേന്ദ്രകുമാറിന്റെ നിര്യാണം കേരള സമൂഹത്തിന് തീരാ നഷ്ടമാണെന്നും പ. കാതോലിക്കാ ബാവാ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ



"ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെയിരിക്കേണ്ടതിന് നിങ്ങൾക്കു തരും" (വി. യോഹ. 14:16)

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

"എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ (യെരുശലേമിൽ) പാർപ്പിൻ" (വി. ലൂക്കോസ് 24:49) എന്ന വചനപ്രകാരം, സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കുസ്തി ദിനം വരെയും പരിശുദ്ധ ആത്മ നിറവിനായി പ. ശ്ലീഹന്മാർ കാത്തിരുന്ന് ധ്യാനിച്ച ദിവസങ്ങളെ പ. സഭയും കാത്തിരിപ്പിന്റെ വി. ദിനങ്ങളായി പൂർണ്ണ വ്രതനിഷ്ഠയോടെ അനുഷ്ഠിച്ചശേഷം വി. പെരുന്നാളിലേക്ക് കടന്നു വരികയാണല്ലൊ.

നന്മയിൽ വളർന്ന് സത്യദർശനം നടത്തുവാനും പരിശുദ്ധാത്മ സംസർഗ്ഗത്തിൽ ശക്തി പ്രാപിച്ച് ലോകമെമ്പാടും ക്രിസ്തുവിനെ സാക്ഷിക്കുവാൻ ആത്മാവിനാൽ അയക്കപ്പെടുകയും ചെയ്യപ്പെട്ട വി. ശിഷ്യന്മാരെപ്പോലെ നാമും ആയിത്തീർന്ന് നശിച്ചുപോകാത്ത ജീവന്റെ സുവിശേഷം കാല-ദേശ-ഭാഷ-ജാതി-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾ കൂടാതെ സർവ്വ ജനതയോടും അറിയിക്കുവാനുമായി ഒരിക്കൽ കൂടെ നാം അഭിഷേക പൂർണ്ണതയിലേക്ക് ദൈവകൃപയാൽ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയോടെ വേണം നാം ഈ പെരുന്നാൾ ആഘോഷിക്കുന്നത്.

"ഇന്നു മാളികയിൽ വച്ച് പരിശുദ്ധ ആത്മാവു മൂലം പ. ശ്ലീഹന്മാർക്കു പരിപൂർണ്ണ കൃപയെ പ്രദാനം ചെയ്ത് അവരുടെ മേൽ ആവസിപ്പിച്ച അഗ്നിനാവാകൃതിയിലുള്ള റൂഹായാൽ തന്റെ വാഗ്ദാനം നിറവേറ്റിയവനായ കർത്താവേ!"

എന്ന സംബോധനയോടെ ആരംഭിക്കുന്ന പ്രാർത്ഥനയിൽ "നിന്നിൽ നിന്നുള്ള പൂർണ്ണ വെടിപ്പിലും വിശുദ്ധിയിലും ഞങ്ങളെ നിത്യവും വസിപ്പിക്കണമെ" എന്ന് നാം ധ്യാനിക്കുന്നു.

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിന്റെ, ഏക പുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്നും ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും താൻ മുഖാന്തരം സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യനായി നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വിശുദ്ധ റൂഹായാൽ പ. കന്യകമറിയാമിൽ നിന്നും ശരീരം ധരിച്ച് മനുഷ്യനായി നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് ഉയിർത്തവനും സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ വലതു ഭാഗത്തു ഇരുന്നവനും ജീവനുള്ളവരെയും മരിച്ചുപോയവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനം ഇല്ലാത്തവനും ആയ യേശുമിശിഹാ ആയ ഏക കർത്താവിനോടൊപ്പം, വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനായ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായുമാകുന്ന വി. ത്രിത്വത്തിൽ വിശ്വസിക്കുന്ന ഏകവും വിശുദ്ധവുമായ സാർവ്വത്രിക അപ്പോസ്തോലിക സഭയുടെ ആരംഭം അഥവാ മാമോദീസ്സാ പെരുന്നാളാണ് വി. പെന്തിക്കോസ്തി നാളിൽ സംഭവിക്കുന്നത്!

വി. ലൂക്കോസ് തന്റെ രണ്ടാം ഗ്രന്ഥമായ 'അപ്പോസ്തോല പ്രവർത്തികൾ' എന്ന വി. സഭാചരിത്രത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ ഈ സംഭവം ദൃക്സാക്ഷിയായി വിവരിക്കുന്നുണ്ടല്ലൊ.

ബാബേൽ ഗോപുരനിർമ്മാണത്തിൽ (ഉൽപത്തി 11) അഹന്തയാൽ ദൈവസന്നിധിയിൽ നിന്നും ചിതറിപ്പോയി വിവിധ ഭാഷകൾ സംസാരിച്ച് ലോകമെമ്പാടും വിവിധ സംസ്കൃതികളിലായവർ പെന്തിക്കോസ്തി പെരുന്നാളിൽ യെരുശലേമിൽ ഒന്നിച്ചു കൂടുകയും ആത്മാവിൽ സംസാരിക്കുകയും അപ്പോൾ ഭാഷാഭേദങ്ങളോ മത-സംസ്കാര-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളോ ഇല്ലാതെ, പരിശുദ്ധ ആത്മാവിനാൽ ക്രിസ്തുവിൽ വെളിപ്പെട്ട സത്യ ഏക ദൈവത്തെ വിശ്വസിച്ച് ഏറ്റുപറഞ്ഞ് വി. സഭയിൽ ജനിച്ച് ഒരു വിശ്വാസ സമൂഹമായി വളരുകയും ചെയ്യുന്നു. ആദ്യം മൂവായിരത്തിൽ തുടങ്ങി പിന്നീട് അയ്യായിരവും (4:4) തുടർന്ന് ലോകമെമ്പാടും വളരുകയും ചെയ്യുന്ന വി. സഭയുടെ ജീവനുള്ള ചരിത്രത്തിന്റെ ഭാഗമായാണ് നാമും ഓരോ പെന്തിക്കോസ്തി പെരുന്നാളിലും പങ്കെടുക്കുകയും പരിശുദ്ധ ആത്മാവിൽ പുതുക്കം പ്രാപിക്കുകയും ചെയ്യുന്നത് എന്ന് പ്രത്യേകം ഓർക്കണം.

"തന്റെ അത്യുൽകൃഷ്ടജ്ഞാനത്തിന്റെ ശ്രേഷ്ഠ പ്രകാശത്താൽ സർവ്വോപരി ശോഭിച്ചുകൊണ്ടിരിക്കേ, തന്റെ വചനത്താൽ സത്യപ്രകാശത്തിലേക്ക് ഞങ്ങളെ തിരിപ്പിക്കുകയും ഞങ്ങൾക്ക് ആത്മപ്രകാശം നൽകുകയും ഞങ്ങളുടെ സ്വാഭാവിക അന്ധകാരത്തെ നീക്കികളയുകയും ചെയ്ത കർത്താവേ! നിന്നിൽ നിറഞ്ഞു നിന്ന് നിത്യവും നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ" എന്നാണ് ഈ ദിവസത്തിലെ പ്രാർത്ഥനകളുടെ സാരാംശം.

പരിശുദ്ധ ആത്മാവിലുള്ള പ്രകാശനം എന്നാൽ നാമും ആത്മഭാവം പൂണ്ട

വരായി പ. ആത്മാവിന്റെ കൃപയാൽ ജീവിച്ച് ആത്മാവിന്റെ നൽവരങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ നവ ഫലങ്ങളാൽ നിറയുക എന്നാണ് അർത്ഥം. അർത്ഥമില്ലാത്ത ശബ്ദങ്ങളും ബഹളവും കോലാഹലങ്ങളും സൃഷ്ടിക്കുകയും കാഴ്ച്ചക്കാരിൽ അറപ്പ് ഉളവാക്കുന്ന ഗോഷ്ടികൾ കാണിക്കുകയും വിശ്വാസികളെ ഭയപ്പെടുത്തുകയും ചെയ്യുന്നത് അശുദ്ധാത്മാക്കളുടെ കൂട്ടമാണ്. മറിച്ച്, “കർത്താവേ! ഞങ്ങളോട് കരുണ തോന്നണമെ” എന്ന് ആത്മാർത്ഥമായി മുട്ടിന്മേൽ നിന്ന് ധ്യാനിക്കുമ്പോൾ “ഇപ്പോൾ നിങ്ങൾ പരിശുദ്ധാത്മ ശക്തിയാൽ എഴുന്നേൽക്കുവിൻ”എന്ന ദൈവശബ്ദം ആവർത്തിച്ച് കേട്ട് വിശുദ്ധിയുടെയും പരിപാകതയുടെയും പ്രത്യാശയുടെയും പനിനീരിനാൽ തളിക്കപ്പെട്ട് വി. മാമോദീസ മുതലുള്ള കൗദാശിക ജീവിതത്തിന്റെ നിറവിൽ ബോധമണ്ഡലങ്ങൾക്കപ്പുറത്ത് വി. മാലാഖമാരോട് ചേർന്നു അതീന്ദ്രിയ ധ്യാന സുഖത്തിൽ നിർവൃതിയിലെത്തുന്ന പ.സഭയുടെ മക്കളാണ് നാം എന്ന് ഓർക്കുവാൻ ഈ ദിവസത്തിൽ നമുക്ക് കഴിയണം.

ആർക്കും മനസ്സിലാകാത്ത “അന്യഭാഷ”യല്ല, എല്ലാവർക്കും അവരവരുടെ ആത്മാവിലേക്ക് പ്രകാശനം ചൊരിയുന്ന ആത്മഭാഷയാണ് വി. പത്രോസ് ശ്ലീഹായും സഹ ശിഷ്യന്മാരും സംസാരിച്ചത് എന്ന് വി. ലൂക്കോസ് വ്യക്തമായി പറയുന്നു. അന്യഭാഷ എന്ന പേരിൽ കോപ്രായങ്ങൾ കാണിക്കുന്നവർ ഇപ്പോഴും ‘ബാബേൽ’ ഗോപുരാവശിഷ്ടങ്ങളിൽ നിൽക്കുന്ന വേദവിപരീതികളായ സാത്താന്യ പ്രജകളാണ് എന്ന് ആവർത്തിക്കട്ടെ. നാമോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് പ്രവേശനം ലഭിച്ച രാജകീയ-പുരോഹിത-വർഗ്ഗവും വിശുദ്ധ വംശവുമായ ദൈവത്തിന്റെ സഭയാണ്.

വി. പെന്തിക്കോസ്തി പെരുന്നാളിന്റെ സന്ധ്യാനമസ്ക്കാരം മുതലുള്ള എല്ലാ യാമ പ്രാർത്ഥനകളിലും വി. വേദവായനകളിലും സ്ലൂസോകൾ, പ്രൊമിയോൻ-സെദ്റാകൾ, എത്രോകൾ, ഹൂത്തോമോകൾ എന്നിവയിലും വി. കുർബ്ബാന മദ്ധ്യേ മൂന്നു ഭാഗങ്ങളായി നടത്തപ്പെടുന്ന പ്രത്യേക ശുശ്രൂഷകളിലും മേൽപ്പറഞ്ഞ ആശയങ്ങൾ ഏറെ ഭംഗിയായും ചിട്ടയായും അവതരിപ്പിക്കുവാൻ പരിശുദ്ധാത്മ ശക്തിയിൽ പ. സഭാപിതാക്കന്മാർക്ക് സാധിച്ചിട്ടുണ്ട് എന്ന് ഓർക്കണം.

അതുകൊണ്ടു തന്നെ പ്രാർത്ഥനാപൂർവ്വം ശ്രദ്ധയോടെ അതിനെ ധ്യാനിക്കുവാൻ ഈ ഞായറാഴ്ചയിൽ നമുക്ക് സാധിക്കണം. ദിവസങ്ങളോളം ധ്യാനകേന്ദ്രങ്ങളിൽപ്പോയി അലസരും മടിയരുമായി ഇരിക്കുന്നവർ അവിടെപ്പോയി ഇരിക്കട്ടെ. അവർക്ക് അവിടെ നിന്ന് വല്ല ‘അത്ഭുതങ്ങളൊ’ ഇനി മറ്റെന്തെങ്കിലും വൈകാരിക അനുഭൂതികളോ ലഭിക്കുന്നെങ്കിൽ അവർ അത് ചെയ്ത് നഷ്ടം സഹിച്ചുകൊള്ളട്ടെ. എന്നാൽ പരിശുദ്ധ സഭാവിശ്വാസികൾ ഒരുക്കത്തോടെ ദേവാലയത്തിലെത്തി വി. പെന്തിക്കോസ്തി പെരുന്നാൾ ആഘോഷിച്ച് വി. കുർബ്ബാനയനുഭവിച്ച് മടങ്ങുമ്പോൾ അവർ ദൈവശക്തിയാൽ എഴുന്നേൽക്കപ്പെട്ടവരായി യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ശക്തിയുള്ളവരായി തീരും എന്ന് കാണാം.

ഈ തത്വമാണ് പെന്തിക്കോസ്തിക്കു ശേഷമുള്ള ആദ്യ വെള്ളിയാഴ്ചയായ സ്വർണ്ണവെള്ളിയാഴ്ചയുടെ സന്ദേശം എന്നും ഓർക്കണം. “വെള്ളിയും പൊന്നും എനിക്കില്ല, എനിക്കുള്ളതു നിനക്കു തരുന്നു. നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നടക്ക” എന്ന് തന്റെ മുന്നിൽ ഭിക്ഷാടനത്തിനു കൈ നീട്ടിയവനോട് വി. പത്രോസ് കൽപിക്കുന്നു.

രണ്ടു കാര്യങ്ങളെങ്കിലും ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നാം ഓർക്കേണ്ടതുണ്ട്. ഒന്നാമത്, വി. പത്രോസും വി. യോഹന്നാനും എന്നാൽ ശ്ലീഹന്മാരിൽ മൂപ്പനും ഇളയവനും ആണ്. പുനരുത്ഥാന വാർത്തയറിഞ്ഞ് ആദ്യം കബറിങ്കലേക്ക് ഓടുന്നവരും ഇവരാണ്. പരിശുദ്ധ സഭയുടെ പ്രതീകമാണ് ഇവർ. അപ്പോസ്തോലത്വത്തിന്റെ പൂർണ്ണതയാണ് ഇവരിൽ പിതാക്കന്മാർ ദർശിക്കുന്നത്. അതായത് വി. പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവിന്റെ നൽവരം പ്രാപിച്ചവർക്ക് കൊടുക്കുവാനുള്ളത് കേവലം ദ്രവ്യമായ പൊന്നോ, വെള്ളിയോ അല്ല, മറിച്ച് യേശുവിന്റെ നാമത്തിലുള്ള സമ്പൂർണ്ണ രക്ഷയും വിടുതലുമാണെന്ന് സാരം.

രണ്ടാമത്, വി. സഭ നിലനിൽക്കുന്നതു തന്നെ യേശുവിന്റെ (ദൈവ) നാമത്തിൽ ആണ് എന്ന് ഓർക്കണം. പ. സഭയുടെ എല്ലാ യാമ നമസ്ക്കാരങ്ങളും ആരംഭിക്കുന്നത് “പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ തിരുനാമത്തിൽ” ആണ് എന്നത് നിഷ്ഠയോടെ നാം ഓർക്കുകയും അങ്ങിനെ തന്നെ പ്രാർത്ഥന ആരംഭിക്കുകയും ചെയ്യണം. നാം നിൽക്കുന്നത് അഥവാ ആയിരിക്കുന്നത് പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ഏക ദൈവത്തിന്റെ വി. നാമത്തിൽ ആണ് എന്ന് നമ്മെയും സർവ്വ പ്രപഞ്ചത്തേയും ഓർമ്മിപ്പിക്കുന്ന അതിശക്തമായ വാക്യമാണത്. പരിശുദ്ധ സഭയുടെ സത്യവിശ്വാസപ്രമാണത്തിന്റെ സംക്ഷിപ്ത വാക്യമാണ് അത്. സുറിയാനിയിൽ ‘ബ്ശേം ആബൊ’ എന്നും ഇംഗ്ലീഷിൽ In the name of one true God എന്നും ഹിന്ദിയിലും അപ്രകാരം ചൊല്ലുന്നവർ മാതൃഭാഷയായ മലയാളത്തിൽ വരുമ്പോൾ നമസ്ക്കാരത്തിന്റെ ഈ പ്രാരംഭവാക്യം തെറ്റിച്ചും വികലമാക്കിയുമല്ലേ ചൊല്ലുന്നത് എന്ന് കാർമ്മികരും വിശ്വാസികളും സ്വയം ചോദിക്കണം. പുസ്തകം നോക്കി നമസ്ക്കരിച്ചാൽ വളരെ പെട്ടെന്ന് തിരുത്താൻ സാധിക്കുന്ന ഗുരുതരമായ ഒരു തെറ്റ് തിരുത്തുവാൻ നാം ശ്രമിക്കാത്തത് എന്തുകൊണ്ട് എന്ന് എത്ര ചിന്തിച്ചിട്ടും മനസിലാകുന്നില്ല. ഒരു പക്ഷേ അശുദ്ധാത്മാവ് നമ്മുടെ നാവിനെ കെട്ടുന്നതായിരിക്കാം. ‘പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി’ എന്ന പ്രാർത്ഥനയ്ക്ക് ഒരു തെറ്റുമില്ല. എന്നാൽ നമസ്കാരം ആരംഭിക്കേണ്ടത് അഥവാ നാം നമസ്ക്കരിക്കുവാൻ നിൽക്കുന്നത്, ജീവിതത്തിൽ നമ്മെ നാമാക്കി നിലനിർത്തുന്നത് യേശുവിന്റെ വിശുദ്ധ നാമമാണ് എന്നും ആയത് പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ മനുഷ്യാവതാരം ചെയ്ത ഭാവമാണെന്നും ഘോഷിപ്പാൻ ലഭിക്കുന്ന അവസരമാണ് നാം നഷ്ടമാക്കുന്നതെന്നും ചിന്തിക്കണം.

“.... നാമത്തിൽ; തനിക്ക് സ്തുതി. നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ! ആമ്മേൻ” എന്ന ആരംഭ വാക്യം അതിൽ തന്നെ അതിശക്തമായ ഒരു പ്രാർത്ഥനാ മന്ത്രമാണെന്ന് നാം ഓർക്കണം. ... നാമത്തിൽ എന്ന് പ്രധാന കാർമ്മികൻ പ്രഖ്യാപിക്കുമ്പോൾ, തനിക്ക് (വി. ത്രിത്വത്തിന്) സ്തുതി. നമ്മുടെമേൽ എന്ന് വിശ്വാസികൾ പ്രതിവാക്യം പറഞ്ഞ് കുരിശു വരച്ചുകൊണ്ടാണ് ആരാധന തുടരുന്നത്. അങ്ങിനെയല്ലാതെ ആരാധന തുടങ്ങുവാൻ പ. സഭയുടെ കാനോനുകൾ അനുവദിക്കുന്നില്ല എന്നിരിക്കെ ആരംഭവാക്യത്തെ തന്നെ വികലമായവിധത്തിൽ വക്രീകരിക്കുന്ന അനുഭവം കഷ്ടമല്ലേ എന്ന് ആദ്യം കാർമ്മികരും, ഒപ്പം വിശ്വാസികളും ചിന്തിക്കണം (ഇങ്ങനെ തുറന്ന് എഴുതേണ്ടി വന്നത് ആരെയും കുറ്റപ്പെടുത്തുവാനല്ല, തിരുത്തപ്പെടുവാനാണെന്ന് മാത്രമേ ചിന്തിക്കാവൂ). ഇന്നു മുതൽ ശരിയായവിധത്തിൽ ഞാൻ വി. നമസ്കാരം ആരംഭിക്കുമെന്ന് ഒരു തീരുമാനവും ഈ വി. പെരുന്നാളിൽ എടുക്കാം.

വി. പെന്തിക്കോസ്തി പെരുന്നാൾ മുതൽ ആരാധനാ വർഷത്തിന്റെ അഞ്ചാം കാലത്തിലേക്കും നാം പ്രവേശിക്കുകയാണ്. പെന്തിക്കോസ്തി മുതൽ കൂടാര പെരുന്നാൾ (ആഗസ്റ്റ് 6) വരെയുള്ള കാലത്തെ പെന്തിക്കോസ്തി കാലമെന്നും ശ്ലീഹാകാലമെന്നുമൊക്കെ വിളിക്കാറുണ്ട്. പ. റൂഹായുടെ അഭിഷേകത്താൽ ശക്തി പ്രാപിച്ച വി. ശ്ലീഹന്മാർ കർത്തൃ കൽപനപ്രകാരം ലോകമെമ്പാടു യാത്ര ചെയ്ത് സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും രക്ഷസാക്ഷിത്വ മരണം പ്രാപിക്കുകയും ചെയ്ത സംഭവങ്ങളാണ് ഈ കാലഘട്ടത്തിലെ ധ്യാനചിന്തകളായി വരുന്നത്. വി. ശ്ലീഹാനോമ്പും (ജൂൺ 16-28) തുടർന്ന് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാളുകളും (ജൂൺ 29, 30, ജൂലൈ 3) എല്ലാം ഈ കാലത്തിലാണ് എന്നും ഓർക്കണം.

ചുരുക്കത്തിൽ ഉയരത്തിൽ നിന്നും ശക്തി പ്രാപിച്ച് യെരുശലേമിൽ ആരംഭിച്ച് ലോകം മുഴുവനും വ്യാപിക്കുന്ന പ. സഭയുടെ പിറവിയും വ്യാപനവും ആണ് വി. പെന്തിക്കോസ്തി പെരുന്നാളിലും പെന്തിക്കോസ്തി കാലത്തും സഭാമക്കൾ ധ്യാനിക്കുന്നത്. ഈ പരിശുദ്ധാത്മ വ്യാപന പ്രക്രിയയുടെ ഭാഗമാണ് ഇന്നും സജീവമായി നിലനിൽക്കുന്ന വി. കൂദാശകളും കൗദാശിക നൽവരങ്ങളും എന്നും ഓർക്കണം. അവയെ നിലനിർത്തുവാനുള്ള ദൈവിക ഉപാധിയാണ് പ. സഭയുടെ പൗരോഹിത്യ ശുശ്രൂഷാ ക്രമം എന്നതും ഓർത്തിരിക്കണം.

അർത്ഥപൂർണ്ണവും ചൈതന്യവത്തായതുമായ ഒരു വി. പെന്തിക്കോസ്തി അനുഭവം സഭാമക്കളായ ഏവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സെബദിയുടെ പുത്രൻ യാക്കോബ്

ഫാ. എ. എം. പൗലോസ് ആത്തുങ്കൽ



യാക്കോബ് എന്ന പദത്തിന്റെ അർത്ഥം "കുതികാലിൽ പിടിച്ചവൻ" എന്നാണ്. യേശുവിന്റെ ശിഷ്യന്മാരിൽ യാക്കോബ് എന്ന പേരുകാരായ രണ്ടു പേരുണ്ടെങ്കിലും സെബദിപുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബു തന്നെയാണ് അവരിൽ പ്രമുഖൻ. യാക്കോബിന്റെ മാതാപിതാക്കൾ സെബദിയും ശലോമിയുമാണെന്ന് ചരിത്രവും പാരമ്പര്യവും സാക്ഷ്യപ്പെടുത്തുന്നു. സെബദിയുടെ കുലത്തൊഴിൽ മീൻപിടുത്തമായിരുന്നു. പത്രോസും സെബദിയും പങ്കുകച്ചവടക്കാരായിരുന്നു. സെബദി ധനികനായ ഒരു മനുഷ്യനായിരുന്നുവെന്നാണ് പാരമ്പര്യം പറയുന്നത്. യാക്കോബിന്റെ അമ്മയുടെ പേര് ശലോമി എന്നാണ്. അവൾ പരിശുദ്ധ കന്യകമറിയാമിന്റെ സഹോദരിയായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു.

യാക്കോബിന്റെ ജനനം, വിളി

പത്രോസിനെപ്പോലെ യാക്കോബും ഗലീലായിലെ ബേത്സയിദാക്കാരനാണ്. യോഹന്നാനേക്കാൾ മൂന്നോ നാലോ വർഷം പ്രായക്കൂടുതലുള്ള യാക്കോബ് ക്രിസ്തുവർഷാരംഭത്തിൽ ജനിച്ചതാണെന്ന് അഭിപ്രായപ്പെടുന്നു. ചെറുപ്പകാലത്തു തന്നെ പത്രോസിനെയും അന്ത്രയോസിനെയും പോലെ യാക്കോബും യോഹന്നാനും വിദ്യാഭ്യാസം നടത്തിയിരുന്നിരിക്കണം. ബേത്സയിദായിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അവർ പിതാവായ സെബദിയെ മീൻപിടുത്തത്തിൽ സഹായിച്ചിരുന്നു.

സുവിശേഷങ്ങളിൽ സെബദിപുത്രനായ യാക്കോബിനെക്കുറിച്ച് ഏഴു സ്ഥലങ്ങളിൽ പരാമർശമുണ്ട്. യാക്കോബിന്റെ വിളി, തെരഞ്ഞെടുപ്പ്, മറുപടി, വഞ്ചിയുപേക്ഷിക്കൽ, അനുഗമിക്കൽ തുടങ്ങിയവ സമവീക്ഷണ സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രോസിന്റെയും സെബദിയുടെയും നേതൃത്വത്തിൽ ഗന്നസരേത്ത് തടാകത്തിൽ മീൻ പിടിക്കുന്ന ഒരു മത്സ്യത്തൊഴിലാളി സംഘം പ്രവർത്തിച്ചിരുന്നു. അതിൽ ഒരാളായിരുന്നു യാക്കോബ് (ലൂക്കോസ് 5:10). യേശു തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ ഗലീലാക്കടൽത്തീരത്തു ചെന്ന് പത്രോസും അന്ത്രയോസും കടലിൽ വല വീശുന്നതു കണ്ട് അവരെ വിളിച്ചു. അവിടെ നിന്നും അല്പം മുമ്പോട്ടു പോകുമ്പോൾ യാക്കോബും യോഹന്നാനും പിതാവിനോടു കൂടെ വല നന്നാക്കുന്നതു കണ്ട് അവരേയും വിളിച്ചു. അവർ ഉടനെ വലയും വള്ളവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. 'ഇനി മുതൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' (ലൂക്കോസ് 5:4–11) എന്ന വചനമാണ് യാക്കോബിനെ അധികം സ്വാധീനിച്ചത്.

ദൈവവിളി ലഭിക്കുന്നതിന് മുമ്പു തന്നെ യാക്കോബിന് യേശുവിനെ അറിയാമായിരിക്കണം. യാക്കോബിന്റെ സ്ഥലമായ ബേത്സയിദായും യേശു വസിച്ചിരുന്ന നസ്രേത്തും തമ്മിൽ 25 മൈൽ അകലമുണ്ടായിരുന്നു. എങ്കിലും യാക്കോബിന്റെ അമ്മയായ ശലോമിയും മറിയവും സഹോദരിമാരായിരുന്നതിനാൽ അവർ പരസ്പര സന്ദർശനം നടത്തിയിരുന്നു എന്നു വേണം ഊഹിക്കാൻ.

യേശുവിന്റെ അരുമ ശിഷ്യൻ

ശിഷ്യന്മാരുടെ കൂട്ടത്തിൽ കർത്താവിനോട് ഏറ്റവും ഉറ്റബന്ധം പുലർത്തിയിരുന്ന മൂന്നുപേരിൽ ഒരുവനായിരുന്നു യാക്കോബ്. യാക്കോബിന്റെ സഹോദരനായ യോഹന്നാൻ എന്നാണ് അവനെപ്പറ്റി സുവിശേഷങ്ങളിൽ പലയിടത്തും പറഞ്ഞിരിക്കുന്നത് (മത്താ 4:20, 10:2, 17:1, മർക്കോ. 5:17). സെബദിയുടെ പുത്രനായ യാക്കോബ് യേശുവിന്റെ ശിഷ്യന്മാരിൽ നേതൃസ്ഥാനം വഹിച്ച ഒരാളായിരുന്നു. പുതിയനിയമത്തിൽ ശ്ലീഹന്മാരുടെ നാലു പട്ടികകളിലും ആദ്യത്തെ മൂന്നുപേരിൽ ഒരാളാണ് യാക്കോബ്. മർക്കോസിന്റെ സുവിശേഷത്തിലെ ക്രമത്തിൽ പത്രോസ് കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം യാക്കോബിനാണ് (മർക്കോസ് 3:17).

ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നാണ് യേശു യാക്കോബിനേയും യോഹന്നാനേയും വിളിച്ചിരുന്നത്. അവർക്ക് ഈ പേരു നൽകാൻ കാരണമായ ഒരു സുവിശേഷ സംഭവമുണ്ടെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. യരുശലേമിലേക്ക് പോകുന്നവഴി യേശുവും ശിഷ്യന്മാരും സമരിയായിലൂടെ കടന്നുപോയി. സമരിയാക്കാരും യഹൂദരും ആ നാളുകളിൽ ശത്രുക്കളായിരുന്നു. അതുകൊണ്ട് അവർ യേശുവിനെ കൈക്കൊണ്ടില്ല. ഇത് കണ്ട് യാക്കോബും യോഹന്നാനും ചോദിച്ചു "കർത്താവേ, സ്വർഗ്ഗത്തിൽ നിന്നും അഗ്നിയിറക്കി ഇവരെ നശിപ്പിക്കട്ടെ" (ലൂക്കോസ് 9:51–56). എന്നാൽ യേശു അവരെ ശാസിച്ചു. യാക്കോബും യോഹന്നാനും തങ്ങളുടെ പ്രത്യേക നാമം സമ്പാദിച്ചത് ഇപ്രകാരമാണെന്ന് പറയപ്പെടുന്നു. സ്വർഗ്ഗത്തിൽ നിന്നും അഗ്നിയുടെയും ഇടിമുഴക്കത്തിന്റേയും മദ്ധ്യേ പ്രതാപവാനായിട്ടാണല്ലോ മനുഷ്യപുത്രൻ പ്രത്യക്ഷപ്പെടുന്നത്. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഇടിമുഴക്കം ദൈവസ്വരമാണ്. യേശുവിന്റെ പ്രവർത്തനങ്ങളും ദൈവരാജ്യ സന്ദേശവും അരുമശിഷ്യന്മാർ പോലും പലപ്പോഴും ഗ്രഹിച്ചിരുന്നില്ല. ദൈവരാജ്യത്തിന്റെ ആത്മീയ പാഠങ്ങൾ യേശു അവർക്ക് നൽകിയപ്പോൾ യാക്കോബ് ഉൾപ്പെടെയുള്ളവർ അതു കേവലം ഭൗതീകയാഥാർത്ഥ്യമായി മാത്രം മനസ്സിലാക്കി. അതുകൊണ്ടാണ് സെബദിപുത്രന്മാർക്കു വേണ്ടി അവരുടെ അമ്മ യേശുവിനോട് 'എന്റെ പുത്രന്മാരിൽ ഒരുവൻ നിന്റെ വലത്തും ഒരുവൻ ഇടത്തും ഇരിക്കാൻ അരുളിച്ചെയ്യണമെ' എന്ന് ആവശ്യപ്പെട്ടത് (മത്തായി 20:20–28). കർത്താവ് അത്

അംഗീകരിച്ചില്ല.

യാക്കോബിന്റെ പ്രേഷിത പ്രവർത്തനം

യാക്കോബ് ശ്ലീഹാ സ്പെയിനിൽ ക്രിസ്തീയ വിശ്വാസം നട്ടുവളർത്തി എന്നൊരു വിശ്വാസമുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമായിരിക്കണം യാക്കോബ് സ്പെയിനിൽ പോയത്. യാക്കോബിന് കാര്യമായ പ്രതികരണമൊന്നും സ്പെയിനിൽ ലഭിച്ചില്ല. ഒരു ചെറിയ ഗണം മാത്രമാണ് അദ്ദേഹത്തിന്റെ വചനം കേട്ട് മാനസാന്തരപ്പെട്ടത്. ആ വേളയിൽ പരിശുദ്ധ മറിയം യാക്കോബു ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെടുകയും ശ്ലീഹായെ ആശ്വസിപ്പിക്കുകയും ചെയ്തുവെന്ന് പാരമ്പര്യം പറയുന്നു.

യാക്കോബിന്റെ രക്തസാക്ഷിത്വം

യാക്കോബിനെക്കുറിച്ചുള്ള അവസാനത്തെ പരാമർശം അപ്പോ: പ്രവൃത്തി 12-ാം അദ്ധ്യായത്തിലാണ് നാം കാണുന്നത്. അക്കാലത്ത് ഹേറോദാസ് രാജാവ്, സഭയിൽപെട്ട യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാളിനിരയാക്കി. യാക്കോബിന്റെ രക്തസാക്ഷിത്വം ഹേറോദേസ് അഗ്രിപ്പായുടെ കാലത്തായിരുന്നു. അത് മിക്കവാറും എ. ഡി. 42-ൽ ആകാനാണ് സാധ്യത. കാരണം ഹേറോദേസ് മരിക്കുന്നതും എ. ഡി. 42-ലാണ്. ക്രിസ്തീയ സമൂഹത്തെ നിർമ്മാർജ്ജനം ചെയ്യാൻ ഹേറോദേസ് അഗ്രിപ്പാ രാജാവ് ആലോചിച്ചു. യാക്കോബും പത്രോസുമായിരുന്നു ആദിമ ക്രൈസ്തവ സമൂഹത്തിന്റെ തലവന്മാർ. തന്മൂലം അവരെ നശിപ്പിക്കാനാണ് രാജാവ് ആദ്യം ഉദ്യമിച്ചത്. അലക്സാണ്ട്രിയായിലെ ക്ലെമന്റ് യാക്കോബിന്റെ മരണം സംബന്ധിച്ച് ചില വിശദാംശങ്ങൾ നൽകുന്നുണ്ട്. റോമാക്കാരനല്ലാത്ത വ്യക്തികൾക്ക് സാധാരണ കുരിശുമരണമാണ് വിധിച്ചിരുന്നത്. യാക്കോബിന് റോമൻ പൗരത്വമുണ്ടായിരുന്നതുകൊണ്ടോ റോമൻ പൗരന്മാരുമായി ബന്ധമുണ്ടായിരുന്നതു കൊണ്ടോ ആകാം കുരിശുമരണം ലഭിക്കാതിരുന്നത് എന്ന് കരുതുന്നു. യഹൂദന്മാരുടെ പരമാധികാര സമിതിയായ സന്നദ്രീം സംഘത്തിന്റെ കല്പന അനുസരിച്ചാണ് യാക്കോബിനെ വധിച്ചത്. അദ്ദേഹത്തിന്റെ ശരീരത്തിലൂടെ വാൾ കടത്തിവിട്ട് ഏറെ വേദന സഹിച്ച് അദ്ദേഹം മരണം പ്രാപിച്ചു എന്നും പാരമ്പര്യമുണ്ട്. ശ്ലീഹാ ജറുശലേമിൽ രക്തസാക്ഷിത്വം വരിച്ചതിനുശേഷം ഭൗതികാവശിഷ്ടങ്ങൾ സ്പെയിനിലേക്കു കൊണ്ടുപോയതായി പറയപ്പെടുന്നു.

❑

സീതത്തോട് സെൻറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ വൃക്ഷത്തൈ നടീൽ പദ്ധതി ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത തിരുമേനി തെങ്ങുംതൈ നട്ടു നിർവഹിച്ചു. ഇടവക വികാരി ഫാ. ഗീവർഗീസ് പണിക്കശ്ശേരി ട്രസ്റ്റി, സെക്രട്ടറി എന്നിവർ സമീപം.

കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിലെ ചാരിറ്റി മിഷൻ നിർമിച്ചു നൽകിയ വീടിന്റെ കൂദാശ.

കോവിഡ് കാലവും സമൂഹ പുനഃസൃഷ്ടിയും: വെബിനാർ ജൂൺ 2 മുതൽ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും മാധ്യമ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ 'കോവിഡ് കാലവും സമൂഹ പുനഃസൃഷ്ടിയും' എന്ന വിഷയത്തിൽ ജൂൺ 2 മുതൽ 5 വരെ ഓൺലൈൻ വെബിനാർ സംഘടിപ്പിക്കുന്നു. ഓരോ ദിവസവും വൈകിട്ട് 7 മുതൽ 8 മണി വരെയാണ് വെബിനാർ. ജൂൺ 2-ന് പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ജൂൺ 2 ചൊവ്വാഴ്ച 'കോവിഡ് അതിജീവന പാഠങ്ങൾ; ആദ്ധ്യാത്മിക ദാർശനിക കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിൽ ഫാ. ഡോ. കെ. എം. ജോർജ് ക്ലാസ് നയിക്കും. ഡോ. മാത്യൂസ് മാർ സേവേറിയോസ് മോഡറേറ്റ് ചെയ്യും. ജൂണ് 3 ബുധനാഴ്ച 'കോവിഡ്കാല ആരോഗ്യപരിപാലനം' എന്ന വിഷയത്തിൽ ഡോ. ബി. ഇക്ബാൽ (ചെയർമാൻ, കോവിഡ് എക്സ്പ്പേർട്ട് കമ്മിറ്റി, കേരള സർക്കാർ) ക്ലാസ് നയിക്കും. ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മോഡറേറ്ററാകും. ജൂൺ 4 വ്യാഴാഴ്ച 'കോവിഡ്കാല സാമ്പത്തികക്രമം' എന്ന വിഷയത്തിൽ ജോൺ സാമുവൽ (പ്രസിഡന്റ്, ഏഷ്യ ഡെമോക്രസി നെറ്റ്വർക്ക്, ദക്ഷിണ കൊറിയ) ക്ലാസ്സ് നയിക്കും. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ മോഡറേറ്ററാകും. ജൂണ് 5 വെള്ളിയാഴ്ച 'കോവിഡ്കാല മാനസിക ആരോഗ്യം: മനസ്സിനെയും വൈറസ് ബാധിക്കുമ്പോൾ' എന്ന വിഷയത്തിൽ ഡോ. വർഗീസ് പുന്നൂസ് (മാനസിക ആരോഗ്യ വിഭാഗം മേധാവി, കോട്ടയം മെഡിക്കൽ കോളജ്) ക്ലാസ്സിന് നേതൃത്വം നല്കും. സഖറിയാ മാർ നിക്കോളാവോസ് മെത്രാപ്പോലീത്താ മോഡറേറ്റ് ചെയ്യും.

ആദ്യം രജിസ്ട്രേഷന് നടത്തുന്ന 60 പേർക്കാണ് വെബിനാറിൽ പങ്കെടുക്കാൻ അവസരം. സൂം ആപ്ളിക്കേഷനിലൂടെയാണ് വെബിനാർ നടത്തുന്നത്. വെബിനാറിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷനു വേണ്ടി ഇതോടൊപ്പമുള്ള ഓൺലൈൻ ഫോം പൂരിപ്പിക്കുക.

https://forms.gle/P4qtrafbNJ8FWDSj6

സഭാപിതാക്കന്മാർ

നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് 1969–ൽ രചിച്ച The Faith of Our Fathers എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ.

തർജമ: ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

6

നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് (329–389)

സുവിശേഷ രചയിതാവായ വിശുദ്ധ യോഹന്നാനെ കൂടാതെ സഭ 'വേദശാസ്ത്രജ്ഞൻ' എന്ന പദവിയിൽ ആദരപൂർവ്വം കണക്കാക്കുന്നത് മാർ ഗ്രീഗോറിയോസിനെ മാത്രമാണ്. ഒരു പക്ഷേ ഇതിന്റെ കാരണം, വിശുദ്ധ യോഹന്നാനും നാസിയാൻസിലെ വിശുദ്ധ ഗ്രീഗോറിയോസും 'വചനമായ ക്രിസ്തു സത്യമായും ദൈവം തന്നെ' എന്ന് കാണിക്കുവാൻ ശ്രമിച്ചതുകൊണ്ടായിരിക്കണം.

മാർ ഗ്രീഗോറിയോസ് കപ്പദോക്യൻ ത്രയത്വത്തിൽ ഒരുവനായിരുന്നു. മറ്റു രണ്ടു പേരുടെയും, അതായത് മാർ ബസേലിയോസിന്റെയും, നിസ്സായിലെ മാർ ഗ്രീഗോറിയോസിന്റെയും അകന്ന സഹോദരനും അടുത്ത സ്നേഹിതനുമായിരുന്നു ഇദ്ദേഹം. കൂടാതെ മാർ ബസേലിയോസിനോടൊപ്പം ആഥൻസിൽ സഹപാഠിയും ആയിരുന്നത്രെ.

362–ൽ അദ്ദേഹം കശീശയായി. പത്തു വർഷങ്ങൾക്കു ശേഷം മെത്രാൻ സ്ഥാനത്തേക്ക് അഭിഷേകം ചെയ്യപ്പെട്ടു. ആദ്യ രണ്ടു വർഷം അദ്ദേഹം സ്വപിതാവായ മുതിർന്ന ഗ്രീഗോറിയോസിന്റെ കീഴിൽ സഫ്രഗൻ മെത്രാനായിരുന്നു. 379–ൽ രാഷ്ട്രതലസ്ഥാനമായ കുസ്തന്തീനോപോലീസിലേക്കു പോയി. പ്രശസ്തവും വളരെ വലുപ്പം ഉള്ളതുമായ സെന്റ് സോഫിയാ ദേവാലയം ആ സമയത്ത് അറിയോസ് പക്ഷക്കാരുടെ കൈവശം ആയിരുന്നതിനാൽ ചെറിയ ഒരു ദേവാലയത്തിൽ ഓർത്തഡോക്സ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സാവകാശം മാർ ഗ്രീഗോറിയോസിന്റെ ജീവിതശൈലിയും പ്രബോധന സാമർത്ഥ്യവും ക്രൈസ്തവ സമൂഹത്തെ അറിയോസ് വേദവിപരീതത്തിൽ നിന്ന് പിന്തിരിപ്പിച്ച് യഥാർത്ഥ ഓർത്തഡോക്സ് വിശ്വാസത്തിലേക്ക് കൊണ്ടുവന്നു. 381–ൽ നടന്ന കുസ്തന്തീനോപോലീസ് സാർവത്രിക സുന്നഹദോസിൽ വച്ച് ആ മഹാ നഗരിയുടെ ആർച്ച് ബിഷപ്പ് സ്ഥാനത്തേക്ക് നിയമിതനായി. എങ്കിലും ഏതാനും മാസങ്ങൾക്കകം ഈ പദവിയിൽ നിന്ന് മാർ ഗ്രീഗോറിയോസ് പിൻവാങ്ങുകയാണുണ്ടായത്. അദ്ദേഹം നാസിയാൻസിലേക്കു തന്നെ മടങ്ങിപ്പോകുകയും തന്റെ കുടുംബം വക സ്ഥലത്ത് താമസിക്കുകയും ചെയ്തു. അവിടെ തന്റെ അറുപതാം വയസ്സിൽ അദ്ദേഹം കാലംചെയ്തു.

മാർ ഗ്രീഗോറിയോസ് പ്രതിഭാസമ്പന്നനായ ഒരു കവിയും ശക്തനായ വാഗ്മിയും ആയിരുന്നു. അലങ്കാരിക പ്രകൃതം അദ്ദേഹത്തിന്റെ പ്രബോധനങ്ങൾക്ക് മോടി വർദ്ധിപ്പിച്ചു. വേദശാസ്ത്രമാകട്ടെ, സമഭാവനയിൽ അധിഷ്ഠിതവും. അവയിൽ വേദപുസ്തക സംഭവങ്ങൾ ഒളിഞ്ഞും തെളിഞ്ഞും നിറഞ്ഞുനിന്നു. മാർ ഗ്രീഗോറിയോസിന്റെ അഞ്ച് വേദശാസ്ത്ര പ്രഭാഷണങ്ങൾ അത്യുത്കൃഷ്ട ഗണത്തിൽ കണക്കാക്കപ്പെടുന്നുവയത്രേ. മാർ ബസേലിയോസിനോടു ചേർന്ന് അദ്ദേഹം സന്യാസ സമൂഹങ്ങൾക്കായി നിയമാവലികൾ രൂപപ്പെടുത്തിയെടുത്തു; കൂടാതെ ഇവർ രണ്ടുപേരും ചേർന്ന് വിശുദ്ധ ത്രിത്വം എന്ന പ്രമാണം വ്യക്തമായി വിശദീകരിക്കുകയും ചെയ്തു. ശക്തമായ അടിസ്ഥാനത്തിൽ മാർ ബസേലിയോസ്, നിസായിലെ മാർ ഗ്രീഗോറിയോസ് എന്നിവരുമായി ചേർന്നു പ്രവർത്തിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം സംശയാതീതമായി സ്ഥാപിച്ചെടുത്തു. ആകമാന സഭയുടെ വിശുദ്ധ ത്രിത്വവിശ്വാസം ഈ മൂന്ന് കപ്പദോക്യൻ പിതാക്കന്മാരാണ് രൂപപ്പെടുത്തിയെടുത്തത്.

വിശുദ്ധ ഗ്രീഗോറിയോസ് ഒരുവിധത്തിൽ ഉൾവലിയുന്ന, വികാരാധീനനായ,

പരസ്യമായ പുകഴ്ച ആഗ്രഹിക്കാത്ത ഒരു പ്രകൃതക്കാരനായിരുന്നു. മാർ ബസേലിയോസിന്റെ വ്യക്തിപ്രഭാവം അന്ന് സമസ്ത മേഖലകളും നിറഞ്ഞു നിന്നു. അതേസമയം മാർ ഗ്രീഗോറിയോസ്, മാർ ബസേലിയോസിനെ പോലെ തന്നെ ജ്ഞാനത്തികവും വിശുദ്ധിയും നിറഞ്ഞ ചിന്താസരണികൾക്ക് ഉടമയായിരുന്നു.

വിദ്യാഭ്യാസകാലത്ത്, ആഥൻസിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ വിശുദ്ധ ബേസിലും വിശുദ്ധ ഗ്രിഗറിയും ഇത്ര കണ്ട് ആത്മാർത്ഥ സുഹൃത്തുക്കൾ ആയത് എങ്ങനെയാണെന്ന് പറയുന്ന ഒരു യഥാർത്ഥ സംഭവം ഉണ്ട്.

ഇന്നത്തെപ്പോലെ തന്നെ അന്നും ചെറുപ്പക്കാരായ വിദ്യാർത്ഥികൾ കുസൃതി കാണിക്കുന്നതിൽ അതീവ തൽപരരായിരുന്നു. ഓരോ വിദ്യാർത്ഥിയും തന്റെ സഹപാഠികൾ രൂപംകൊടുക്കുന്ന കഠിനമായ പ്രത്യേകതരം പരീക്ഷണത്തിൽ വിജയിക്കേണ്ട ഒരു സമ്പ്രദായം അവിടെ നിലനിന്നിരുന്നു. ഇത് അധിക നാളുകൾ അവിടെ വിദ്യാർത്ഥിയായി കഴിയുന്നതിനു മുമ്പു തന്നെ വേണ്ടിയിരുന്നത്രേ.

സാധാരണ രീതിയനുസരിച്ച് പുതിയ വിദ്യാർത്ഥികളിൽ ഒരുവനെ പഴയ വിദ്യാർത്ഥികൾ അവരുടെ താമസസ്ഥലത്തേക്ക് കൊണ്ടുപോകും. അയാളെ വളരെയധികമായി കളിയാക്കുകയും ചോദ്യശരങ്ങളാൽ വീർപ്പു മുട്ടിക്കുകയും ചെയ്യും. ഇത്തരം പെരുമാറ്റങ്ങളിലെ പ്രത്യേക സ്വഭാവത്താൽ ചില പുതിയ വിദ്യാർത്ഥികൾ കരഞ്ഞു പോകാറുണ്ട്. വിവിധതരം ക്രൂര പ്രവർത്തനങ്ങൾ നടത്തുമെന്ന ഭീഷണിയും മുതിർന്നവർ മുഴക്കുന്നു. ഇത് വെറും ഒരു തമാശ മാത്രമാണെന്ന് മനസ്സിലാക്കുന്നില്ലെങ്കിൽ ആ വിദ്യാർഥി വളരെ ഭയപരവശനാകുക തന്നെ ചെയ്യും. തുടർന്ന് അയാളെ പൊതുവായ കുളിസ്ഥലത്തേക്കു കൊണ്ടുപോയി വളരെയേറെ കളിയാക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുകയാണ് പതിവ്.

മാർ ബസേലിയോസ് ആഥൻസിൽ ഉപരിപഠനത്തിന് ഒന്നാം വർഷ വിദ്യാർത്ഥിയായി എത്തിയപ്പോൾ, മാർ ഗ്രീഗോറിയോസ് അവിടെ സീനിയർ വിദ്യാർത്ഥിയായി പഠനം നടത്തി വരുന്നുണ്ടായിരുന്നു. മാർ ബസേലിയോസ് അവിടെ പഠനത്തിന് ചെല്ലുമ്പോൾതന്നെ പ്രഗൽഭനായ ഒരു വിദ്യാർത്ഥി എന്ന പേര് നേടിയിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആഥൻസിലെ മുതിർന്ന വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ 'അഹങ്കാരം' ഒന്ന് ഇടിച്ചു താഴ്ത്തണമെന്ന ഉദ്ദേശ്യത്താൽ വളരെ പരുക്കൻ രീതിയിൽ അദ്ദേഹത്തെ കൈകാര്യം ചെയ്യണമെന്ന് വ്യക്തമായി നിശ്ചയിച്ചിരുന്നു. എന്നാൽ ബേസിൽ വളരെ മാന്യതയുള്ള ഒരു ഒരുവനായിരുന്നു എന്നും ഈ വിധത്തിൽ ഒരു പരുക്കൻ പെരുമാറ്റം നേരിടുവാൻ പ്രയാസപ്പെടുമെന്നും മാർ ഗ്രീഗോറിയോസ് മനസ്സിലാക്കിയിരുന്നു. അദ്ദേഹം മറ്റ് മുതിർന്ന വിദ്യാർത്ഥികളുമായി വേണ്ടവിധം സംസാരിക്കുകയും നേരത്തെ നിശ്ചയിച്ചിരുന്ന പരുക്കൻ രീതിയിലുള്ള സ്വാഗത രീതിയിൽ നിന്ന് അവരെ പിന്തിരിപ്പിക്കുകയും ചെയ്തു. ഇത്തരം ഒരു അവസ്ഥ നേരിടാതെ രക്ഷപ്പെട്ട ഒരേ ഒരു വിദ്യാർത്ഥി ബേസിൽ മാത്രമായിരുന്നുവെന്നാണ് കരുതപ്പെടുന്നത്.

ബേസിൽ ഉൾപ്പെട്ടുപോയ മറ്റൊരു സംഭവത്തിലും ഗ്രിഗറിയുടെ നന്മ നിറഞ്ഞ ഇടപെടൽ കാണുവാൻ സാധിക്കുന്നുണ്ട്.

അവിടെ വിദ്യാർത്ഥികൾ പ്രാദേശികതലത്തിൽ സംഘങ്ങളായി തിരിഞ്ഞ് സംവാദങ്ങൾ നടത്താറുണ്ടായിരുന്നു. ഇവരിൽ അർമേനിയൻ സംഘം വാദപ്രതിവാദം നടത്തി പരസ്യമായി ബേസിലിനെ തന്റെ ഉന്നത ഭാവത്തിൽ നിന്നും താഴ്ത്തുവാൻ ഉദ്യമിച്ചു. ഈ സംവാദത്തിൽ ഒരു ദൃക്സാക്ഷിയായിരുന്ന ഗ്രിഗറി വളരെ എളുപ്പത്തിൽ ബേസിൽ വിജയം വരിക്കുന്നതാണ് കണ്ടത്. അർമേനിയൻ വിദ്യാർത്ഥികളോട് അനുകമ്പ തോന്നിയ ഗ്രിഗറി അവരുടെ പക്ഷത്തു ചേർന്ന് ബേസിലുമായി സംവദിക്കുവാൻ തയ്യാറായി. ക്രമേണ, ബേസിൽ പിന്നോട്ടു തള്ളപ്പെട്ടു. അർമേനിയൻ വിദ്യാർത്ഥികൾ വിജയാട്ടഹാസം മുഴക്കുവാനും തുടങ്ങി. ബേസിലിന്റെ 'താൻപോരിമ' ഭാവത്തിന് മങ്ങലേറ്റുവെന്ന് മനസ്സിലാക്കിയ ഗ്രിഗറി സാവകാശം ബേസിലിന്റെ വശത്തേക്ക് തിരിഞ്ഞു. അവസാനം ബേസിലിനായിരുന്നു വിജയം. ഈ സംഭവം മുതൽ ബേസിലും ഗ്രിഗറിയും ആത്മാർത്ഥ സ്നേഹിതന്മാരായി മാറി.

ഗ്രിഗറിയുടെ സഹോദരൻ സിസേറിയസ് അതിപ്രഗത്ഭനായ ഒരു ഭിഷഗ്വരനായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ ഇദ്ദേഹം കോൺസ്റ്റന്റൈൻ രാജാവിന്റെ സ്വകാര്യ ഭിഷഗ്വരൻ ആയി നിയമിക്കപ്പെട്ടു. ഈ ഈ

ലോകജീവിതത്തിൽ യഥാർത്ഥ വിജയമായിത്തീർന്ന ഒരു വ്യക്തിത്വമായിരുന്നു സിസേറിയസ്. അദ്ദേഹത്തിന്റെ സ്വഭാവം, പെരുമാറ്റരീതികൾ, താലന്തുകൾ ഇവയെല്ലാം അസാധാരണമാംവിധം ആ വ്യക്തിത്വത്തിൽ സമ്മിളിതമായിരുന്നു. അദ്ദേഹം ജ്ഞാനം നിറഞ്ഞ ഒരു ക്രൈസ്തവ വിശ്വാസിയായി ജീവിതം നയിച്ചുപോരവെ ക്രൈസ്തവ വിശ്വാസത്തിന് എതിരായുള്ള നിലപാടുകൾ ഉള്ള ജൂലിയൻ, കോൺസ്റ്റന്റൈന്റെ പിൻഗാമിയായി കുസ്തന്തീനോപോലീസിൽ സ്ഥാനാരോഹണം ചെയ്തു. ഈ ചക്രവർത്തി സിസേറിയസിനെ ക്രൈസ്തവ വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കുവാൻ അധ്വാനിച്ചു. ജൂലിയൻ ആഥൻസിൽ ഗ്രിഗറിയുടെ സഹപാഠി ആയിരുന്നു. തന്റെ സഹോദരനുവേണ്ടി ജൂലിയൻ ചക്രവർത്തിയുടെ മുമ്പിൽ ശക്തമായ നിലപാട് എടുക്കുവാൻ ഗ്രിഗറി തയ്യാറായി.

അവസാനം സിസേറിയസ് രാജകൊട്ടാരം വിടുവാൻ തന്നെ തീരുമാനിച്ചു. മാർ ബസേലിയോസിനും മാർ ഗ്രീഗോറിയോസിനും ഒപ്പം പർവ്വതങ്ങളിലെ സന്യാസാശ്രമത്തിലേക്ക് അദ്ദേഹം മാറി. ഡോ. സിസേറിയസിന്റെ സാന്നിധ്യം തന്റെ ആദ്യത്തെ ആശുപത്രി രൂപപ്പെടുത്തുവാൻ മാർ ബസേലിയോസിനെ സഹായിച്ചു. അങ്ങനെ സമീപവാസികളായ രോഗികൾക്ക് മതിയായ ചികിത്സകൾ നൽകുന്നതിന് സാധിച്ചു.

* * * * * * * *

നമുക്ക് മാർ ഗ്രീഗോറിയോസിലേക്ക് തന്നെ മടങ്ങി വരാം. സഭയിലെ വിവാഹിത മെത്രാന്മാരിൽ അവസാനത്തെ കണ്ണിയിൽപെട്ട ആളായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മറ്റ് കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ തന്നെ മാർ ഗ്രീഗോറിയോസും അവിവാഹിതനായ മെത്രാൻ ആയിരുന്നു. ഈ ലഘു ഗ്രന്ഥത്തിൽ നമ്മൾ പഠിക്കുന്ന എല്ലാ മെത്രാന്മാരും അവിവാഹിതർ തന്നെയാണ്.

ഒരു ദിവസം, തന്റെ 29-ാം വയസ്സിൽ സ്വന്തം ഇടവകയായ നാസിയാൻസിലെ കുറേപ്പേർ ബലമായി ഇദ്ദേഹത്തെ പിടിച്ച് തന്റെ പിതാവിന്റെ സന്നിധിയിൽ ഹാജരാക്കി. ഉടൻതന്നെ ഗ്രിഗറിയെ കശീശയായി അഭിഷേകം ചെയ്യണം എന്നായിരുന്നു അവരുടെ ആഗ്രഹം. ഗ്രിഗറിയാകട്ടെ, അവർക്കിടയിൽ നിന്നും ഓടി രക്ഷപ്പെട്ട് 'പൊന്തസ്' എന്ന പ്രദേശത്ത് എത്തി. തന്റെ സുഹൃത്ത് ബേസിൽ അവിടെ ഒരു ധ്യാനകേന്ദ്രത്തിന്റെ നിർമ്മിതിയിൽ വ്യാപൃതനായിരുന്നു.

ഏതാനും മാസങ്ങൾക്കുശേഷം ഗ്രിഗറി നാസിയാൻസസിൽ മടങ്ങിയെത്തി. ഇടവകക്കാർ ഒന്നടങ്കം അദ്ദേഹത്തോട് കടുത്ത അമർഷത്തിലായിരുന്നു. ജൂലിയൻ രാജാവിനോടുള്ള ഭയമാണ് പൗരോഹിത്യം സ്വീകരിക്കുന്നതിൽ നിന്ന് ഗ്രിഗറിയെ പിന്നോട്ട് മാറ്റുന്നതെന്ന് അവർ ആരോപിച്ചു. അദ്ദേഹം ഒരു ഭീരുവാണെന്നു വരെ ചിലർ പറഞ്ഞു വെച്ചു. വേറെ ചിലരുടെ ആരോപണം അദ്ദേഹം ഉയർന്ന സ്ഥാനങ്ങൾ മോഹിക്കുന്നവനാണെന്നും നേരിട്ട് മെത്രാൻ സ്ഥാനം നൽകാത്തതിൽ അമർഷം പൂണ്ട് ഓടിപ്പോയതാണെന്നുമായിരുന്നു.

താൻ എന്തിനാണ് ഓടിപ്പോയത് എന്ന് തന്റെ പ്രബോധനത്തിൽ അദ്ദേഹം

വിശദീകരിച്ചു. ഒരു പുരോഹിതന് വേണ്ടതായ സവിശേഷതകൾ അദ്ദേഹം അക്കമിട്ട് നിരത്തിപ്പറഞ്ഞു. ഈ പ്രബോധനം വർഷങ്ങൾക്കുശേഷം പൗരോഹിത്യത്തെക്കുറിച്ചും അതിന്റെ ഉത്തരവാദിത്വ മൂല്യങ്ങളെക്കുറിച്ചും വിരചിതമായ നിരവധി ഗ്രന്ഥങ്ങൾക്ക് അടിസ്ഥാനമായി മാറി.

അദ്ദേഹത്തിന്റെ ഏറ്റവും മഹത്തരമായ വേദശാസ്ത്ര സംഭാവനകളെ രണ്ടായി ചുരുക്കാവുന്നതാണ്. ഒരു വശത്ത് നാസിയാൻസിലെ വിശുദ്ധ ഗ്രിഗറിയും നിസായിലെ വിശുദ്ധ ഗ്രിഗറിയും എടുത്തുപറഞ്ഞത് മനുഷ്യ മനസ്സിനോ സൃഷ്ടിക്കപ്പെട്ട മനസ്സിനോ (മാലാഖമാർ ഉൾപ്പെടെ) ഒരിക്കലും ദൈവത്തെ മനസ്സിലാക്കുവാനോ അപഗ്രഥിക്കുവാനോ സാദ്ധ്യമല്ല എന്നത്രേ.

ദൈവത്തിന്റെ പ്രവൃത്തികളിൽ കൂടി മാത്രം കുറെയൊക്കെ ദൈവത്തെ തിരിച്ചറിയുവാൻ സാധിക്കും. ഈ പ്രപഞ്ചം ആകെ നോക്കുമ്പോൾ അവിടെയുള്ള ദൈവത്തിന്റെ പ്രവൃത്തികളിൽ നിന്ന് ദൈവം ത്രീയേകനാണ് – പരിശുദ്ധ ത്രിത്വമാണ് എന്ന് കാണുവാനാണ് ഇടയാകുന്നത്. ഇതായിരുന്നു ഗ്രിഗറിയുടെ മറ്റൊരു സംഭാവന. അദ്ദേഹത്തെ 'തിയോ ലോഗോസ്' അഥവാ 'വേദശാസ്ത്രജ്ഞൻ' എന്ന് പറയുവാൻ കാരണം ലോഗോസ് അഥവാ 'ദൈവ വചനം' പൂർണമായും ദൈവം തന്നെയെന്ന് കാണിച്ചു തന്നതാണ്. പരിശുദ്ധാത്മാവും പൂർണ്ണ ദൈവം തന്നെയെന്ന് തെളിയിക്കുന്ന കാര്യത്തിൽ വിശുദ്ധ ബേസിലിന് ഇദ്ദേഹം വലിയ സഹായം തന്നെയായിരുന്നു.

ദൈവത്തിന്റെയും പരിശുദ്ധ ത്രിത്വത്തിന്റെയും അപരിമേയത്വമാണ് മാർ ഗ്രീഗോറിയോസ് രൂപംകൊടുത്ത രണ്ട് പ്രമാണങ്ങൾ.

വിശുദ്ധ കുർബാന നമ്മുടെ കർത്താവിന്റെ തിരുശരീര രക്തങ്ങളുടെ സത്യമായ ബലിയർപ്പണം തന്നെയെന്ന് അദ്ദേഹം പഠിപ്പിച്ചു. വാഴ്ത്തപ്പെട്ട പരിശുദ്ധ കന്യകമറിയം യഥാർത്ഥ ദൈവവാഹി അഥവാ 'തിയോട്ടോക്കോസ്' എന്നും അദ്ദേഹം പഠിപ്പിച്ചു.

പ്രസിദ്ധമായ കുസ്തന്തീനോസ്പോലീസ് സുന്നഹദോസ് നടക്കുന്ന സമയം (381) ഒരു ചെറിയ കാലത്തേക്ക് കുസ്തന്തീനോസ്പോലീസ് പാത്രിയർക്കീസായും അദ്ദേഹം ശുശ്രൂഷ നടത്തിയിരുന്നു. എന്നാൽ വേഗം തന്നെ അദ്ദേഹം അതിൽ നിന്ന് വിടുതൽ നേടി. സ്വഭവനത്തിലേക്കു തന്നെ മടങ്ങിയ മാർ ഗ്രീഗോറിയോസ് 389–ൽ കാലം ചെയ്തു. (തുടരും)

പ. ബസേലിയോസ് മാർത്തോമാ ദിദിമോസ് ബാവയുടെ ആറാമത് ഓർമപ്പെരുന്നാളിന് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് പിതാക്കന്മാരുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി കൊടിയേറ്റ് കർമ്മം നിർവഹിച്ചു.

പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ 6–ാം ഓർമ്മപെരുന്നാൾ മെയ് 24 ഞായറാഴ്ച്ച കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ ആഘോഷിച്ചു. ഫാദർ കെ. ടി. ഏലിയാസ് മുഖ്യകാർമ്മികത്വം വഹിച്ചു.

കുന്നംകുളം പാറയിൽ സെന്റ് ജോർജ് പള്ളി ലോക്ക് ഡൗൺ കാലഘട്ടത്തിൽ അർഹതപ്പെട്ടവർക്ക് നൽകുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ ക്യാഷ് കൂപ്പൺ കൈസ്ഥാനി വി. വി. ജോസിന് കൈമാറുന്ന ചടങ്ങ് ഞായറാഴ്ച വി. കുർബാനക്ക് ശേഷം ഫാ. ജെറിൻ ജോർജ് നിർവഹിച്ചു. ആദ്യഘട്ടത്തിൽ 30 പേർക്കാണ് സഹായം നൽകുന്നത്.

ഭരണാധിപന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ ഭരണാധിപന്മാരെ നീ ഓർക്കണമേ. ഞങ്ങൾ സകല ദൈവാശ്രയത്തോടും കൂടെ ആശ്വാസത്തിലും അടക്കത്തിലും ജീവിപ്പാനായിട്ടു, ഞങ്ങളെ ഭരിപ്പാൻതക്ക വിവേകബുദ്ധിയും ജ്ഞാനവും നീ അവർക്ക് കൊടുക്കണമെ. നിന്റെ സത്യ തൊഴുത്തിന് അവർ സഹായിച്ചു നിന്നെ പിന്തുടരുമാറാകണമെ. അവർ ദയവോടെ ഞങ്ങളെ ഭരിക്കണമേ. അവരെയും അവരുടെ കുടുംബങ്ങളെയും നീ വാഴ്ത്തി സമാധാനമുള്ളതും ബഹുമാനമുള്ളതും നിന്റെ തിരുനാമ മഹത്വത്തിന് ഉതകുന്നതുമായ ദീർഘായുസിനെ അവർക്ക് കൊടുത്ത് സകല ശക്തിയേക്കാളും മേലായിരിക്കുന്ന നിന്റെ ശക്തിയാൽ നീ അവരെ കാത്തുകൊള്ളണമേ. ആമീൻ.

വീട്ടിൽ ഇരിക്കുക
സാമൂഹിക അകലം പാലിക്കുക

സഭാപിതാക്കന്മാർ

വിശുദ്ധിയുടെ സുഗന്ധം വീശുന്ന വലിയ ബാവാ

ബെൻസൺ ഓലിയിൽ

ആടുകളെ മേയിച്ചിരുന്ന ദാവീദ് എന്ന ബാലനിൽ ശമുവേൽ പ്രവാചകൻ ഇസ്രായേലിന്റെ ഭാവി ഇടയനെ കണ്ടെത്തി ദൈവാത്മാവിലായിരുന്നു ആ തിരഞ്ഞെടുപ്പ്. മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ സി. എം. തോമസ് റമ്പാൻ ആണ് (പിന്നീട് തോമ്മാ മാർ ദിവന്നാസിയോസ്) കുഞ്ഞോമ്മാച്ചൻ എന്ന സി. റ്റി. തോമസിനെ 1939-ൽ കണ്ടെത്തിയത്. പത്തനാപുരത്ത് മൗണ്ട് താബോർ സന്യാസ പ്രസ്ഥാനം തുടങ്ങിയ സി. എം. തോമസ് റമ്പാൻ എന്ന തോമ്മാ മാർ ദിവന്നാസിയോസ് പുതിയകാവ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ വന്നപ്പോൾ അഞ്ചാം തുബ്ദേൻ വായിച്ചത് ചെട്ടികുളങ്ങര ഗവൺമെന്റ് മലയാളം സ്കൂൾ വിദ്യാർഥിയായ കുഞ്ഞോമ്മാച്ചൻ ആയിരുന്നു. കുഞ്ഞോമ്മാച്ചന്റെ ഹൃദ്യമായ വായനയിൽ ആകൃഷ്ടനായ അദ്ദേഹം അപ്പനെ വിളിപ്പിച്ചു. തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായ സി. റ്റി. തോമസിനെ ദയറായിലേക്ക് വേണമെന്ന് ആവശ്യപ്പെട്ടു. മകനെ യാതൊരു വൈമനസ്യവും കൂടാതെ ദൈവ വേലയ്ക്കായി പിതാവ് വിട്ടു കൊടുത്തു. അങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ മൗണ്ട് താബോർ ദയറായിൽ എത്തിയ സി. റ്റി. തോമസ് ആണ് പിന്നീട് പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ആയിതീർന്നത്.

1921 ഒക്ടോബർ 29ന് ആണ് സി. റ്റി. തോമസ് ജനിച്ചത്. അദ്ദേഹത്തിന്റെ പ്രൈമറി സ്കൂൾ പഠനം പുതിയകാവ് പള്ളിയുടെ പ്രൈമറി സ്കൂളിൽ ആയിരുന്നു. എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കുകയും സൺഡേ സ്കൂളിൽ മുടങ്ങാതെ പഠിക്കുകയും ചെയ്ത തോമസിന്റെ ബാല്യകാലം പുതിയകാവ് പള്ളിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷയ്ക്ക് 1933-ൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ കൈവെപ്പ് നൽകി. അദ്ദേഹത്തിന്റെ പ്രാർത്ഥന ജീവിതത്തിന്റെ മുഖ്യമാതൃക മാതാപിതാക്കളായിരുന്നു. അവർ പ്രാർത്ഥന ജീവിതം ഉള്ളവരും ദൈവഭക്തിയുള്ളവരുമായിരുന്നു.

തന്റെ പതിനെട്ടാമത്തെ വയസ്സിൽ മൗണ്ട് താബോർ ദയറായിൽ എത്തിയ സി. റ്റി. തോമസിന് ഗുരുവിന്റെ കൂടെയുള്ള ജീവിതം ഒരു പുതിയ അനുഭവമായിരുന്നു. പന്ത്രണ്ടാം വയസ്സിൽ പുതിയകാവ് പള്ളി മദ്ബഹായിൽ കയറി തുടങ്ങിയ സി.റ്റി. തോമസിന് ആരാധനയും, നോമ്പും, ഉപവാസവും, ജീവിത വ്രതമായി. അരക്കെട്ടും, തടി കുരിശുമായി സന്യാസിയുടെ കുപ്പായമണിഞ്ഞപ്പോൾ പുത്തൻ അനുഭവമായി. ഗുരുവിന്റെ ദർശനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ സി. റ്റി തോമസിനു കഴിഞ്ഞു. ഗുരുവിന്റെ കൂടെ ദയറായിൽ സുറിയാനി, സഭാ വിശ്വാസപഠനം, ആരാധന പരിശീലനം എന്നിവയും ഉണ്ടായിരുന്നു. ധ്യാനം, മൗനം, മിതഭാഷണം, കുമ്പസാരം, വായന, വി. കുർബ്ബാന അനുഭവം എന്നിവ ജീവിത വ്യതം പോലെയായി. ദയറ ജീവിത പരിശീലനത്തോടൊപ്പം സ്കൂൾ പഠനവും തുടർന്നു. തോമ്മാ മാർ ദിവന്നാസിയോസ് 1926-ൽ സ്ഥാപിച്ച സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ആയിരുന്നു ഹൈസ്കൂൾ പഠനം. സന്യാസ ജീവിതത്തിലെ തീഷ്ണമായ അനുഭവങ്ങളും, കഠിനമായ അച്ചടക്കവും, ഗുരുവിന്റെ വചനങ്ങളും സി. റ്റി. തോമസിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ദയറാ ജീവിത പരിശീലനത്തിന്റെ പ്രാഥമിക പടിയായി സി.റ്റി തോമസ് 1941-ൽ തന്റെ ഇരുപതാമത്തെ വയസ്സിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു.

കോളേജ് വിദ്യാഭ്യാസത്തിനായി ഇന്റർ മീഡിയറ്റിന് കോട്ടയം സി. എം. എസ്. കോളജിൽ ചേർന്നു. അക്കാലത്ത് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും, പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെയും കീഴിൽ പരിശീലനത്തിന് അവസരം ലഭിച്ചു. പരിശുദ്ധ ഔഗേൻ ബാവാ ആയിരുന്നു ദിദിമോസ് പ്രഥമൻ ബാവയുടെ സുറിയാനി മൽപ്പാൻ.

തുടർന്ന് തമിഴ്നാട്ടിൽ തൃശിനാപള്ളിയിൽ നാഷണൽ കോളേജിലായിരുന്നു ബിരുദ പഠനം. അതിനുശേഷം പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിൽ പഠിപ്പിക്കുവാൻ തോമ്മാ ആ ദിവന്നാസിയോസ് നിയോഗിച്ചു. ശെമ്മാശൻ ആയിരിക്കുമ്പോൾ ആണ് വിദ്യാർഥികളെ പഠിപ്പിക്കുവാൻ എത്തിയത്. ഹൃസകാലത്തെ അധ്യാപനത്തിന് ശേഷം അദ്ദേഹം കാൺപൂരിൽ ക്രൈസ്റ്റ് ചർച്ച് കോളേജിൽ ആണ് ഉപരിപഠനത്തിന് ചേർന്നത്. മദ്രാസ് വെസ്റ്റേൺ ട്രെയിനിങ് കോളേജിൽ നിന്നും ബി. എഡ് സമ്പാദിച്ചിട്ടാണ് അദ്ദേഹം തൃശിനാപ്പള്ളി പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി എത്തിയത്.

1950 ജനുവരി 26-ാം തീയതി പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ വച്ച് സിറ്റി തോമസ് ശെമ്മാശനെ പദവിയിലേക്ക് കശ്ശീശ പദവിയിലേക്ക് ഉയർത്തി. ഒരിടത്തും വികാരി സ്ഥാനം നൽകിയിരുന്നില്ല. എന്നാൽ തിരുവല്ല, വേങ്ങൽ സെന്റ് ജോർജ് എന്നിവിടങ്ങളിൽ രണ്ടുവർഷത്തോളം ക്രമമായി വിശുദ്ധ കുർബാന അർപ്പിച്ചു.

തോമ്മാ മാർ ദിവന്നാസിയോസ് തിരുമേനിയുടെ തമിഴ്നാട് മിഷൻ ഭാഗമായി പ്രവർത്തിക്കുന്ന ഹൈസ്കൂളിൽ 1955 മുതൽ 1959 വരെ ഫാ. തോമസ് സേവനമനുഷ്ഠിച്ചു. 1961-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി. തോമ്മാ മാർ ദിവന്നാസിയോസ് തിരുമേനി 1964 ൽ സെന്റ് സ്റ്റീഫൻസ് കോളേജ് സ്ഥാപിച്ചപ്പോൾ ഫാ. സി. റ്റി. തോമസ് അവിടെ ഇംഗ്ലീഷ് വിഭാഗം മേധാവിയും, വൈസ് പ്രിൻസിപ്പലുമായി.

1965 മെയ് മാസം 16-ന് പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1964 ഡിസംബർ 28-ന് കോട്ടയം എം ഡി സെമിനാരി വച്ച് പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വച്ച് ഫാ. സി. റ്റി തോമസിനെ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തുടർന്ന് 1966 ഓഗസ്റ്റ് മാസം 24ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ വച്ച് സി. റ്റി തോമസ് റമ്പാച്ചാനെ തോമസ് മാർ തിമോത്തിയോസ് എന്ന പേരിൽ, ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നിവരോടൊപ്പം പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായാൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.

മെത്രാൻ സ്ഥാനം ഏറ്റതിനുശേഷം മലബാർ ഭദ്രാസനത്തിന്റെ സഹായ മെത്രാനായി. 1966 നവംബർ ഒന്നിന് കല്പന ലഭിച്ച തോമസ് മാർ തിമോത്തിയോസ് നവംബർ 11-നു മലബാറിൽ എത്തുന്നത്.

1953ൽ രൂപം പ്രാപിച്ച മലബാർ ഭദ്രാസനത്തിന്റെ ആദ്യത്തെ മെത്രാപ്പോലീത്തയായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് ശേഷം, ഭദ്രാസനത്തിലെ രണ്ടാമത്തെ മെത്രാപ്പോലീത്തായും മലബാർ ഭദ്രാസനത്തിന്റെ ആധുനിക ശില്പിയുമായ തോമസ് മാർ തിമോത്തിയോസ് 1968 ഫെബ്രുവരി രണ്ടിന് സ്ഥാനമേൽക്കുമ്പോൾ മലബാറിൽ 80 പള്ളികളാണ് ഉണ്ടായിരുന്നത്. മിക്കവാറും ഓലമേഞ്ഞ കെട്ടിടങ്ങൾ ആയിരുന്നു. അരമനയും ഉണ്ടായിരുന്നില്ല. 1967 ചാത്തമംഗലത്തു അരമനക്ക് സ്ഥലം വാങ്ങുകയും അരമന പണി കഴിപ്പിക്കുകയും ചെയ്തു. താബോറിൽ നിന്ന് മറ്റൊരു മലമുകളിൽ എത്തിയപ്പോൾ തന്റെ ആസ്ഥാനത്തിന് മൗണ്ട് ഹെർമൻ എന്നാണ് പേരിട്ടത്. താബോറിന്റെ മണ്ണിൽ നിന്നു ലഭിച്ച സന്യാസ പരിശീലനവും, അച്ചടക്കം, വിശ്വാസ സ്ഥിരതയും, സഭ തീഷ്ണതയും ആയിരുന്നു ഭദ്രാസന ഭരണത്തിന് എത്തിയപ്പോൾ ഉണ്ടായിരുന്ന കൈമുതൽ.

തിരുമേനിയുടെ ആത്മീയ നേതൃത്വത്തിൽ ഭദ്രാസനത്തിലെ ആത്മീയ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം പുതിയ ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു. മാർ തിമോത്തിയോസ് ഭദ്രാസനത്തെ ശക്തിപ്പെടുത്തി കൊണ്ടിരുന്നപ്പോൾ അണ് സഭയിൽ വീണ്ടും പ്രതിസന്ധി തുടങ്ങിയത്. അതിന്റെ തിക്ത അനുഭവം ഏറെ ഉണ്ടായത് മലബാറിലാണ്. എന്നാൽ തിരുമേനിയുടെ പ്രാർത്ഥനയും ദൈവവിശ്വാസവും കൊണ്ട് മലബാർ ഭദ്രാസനത്തിലെ

പ്രശ്നങ്ങൾ ഓരോന്നായി അവസാനിച്ചു. വൈദികരും അത്മായരും ഒറ്റക്കെട്ടായി തിരുമേനിയുടെ കീഴിൽ അണിനിരന്നു.

1974-ൽ ചുങ്കത്തറയിൽ ആരംഭിച്ച കൺവെൻഷൻ മലബാറിലെ പ്രധാന ആധ്യാത്മിക സംഗമങ്ങളിൽ ഒന്നായി. മലബാർ ഭദ്രാസനത്തിൽ തിരുമേനി ആരംഭിച്ച അട്ടപ്പാടി മിഷൻ സഭയ്ക്ക് ഒരു വലിയ മുതൽക്കൂട്ടാണ് ഇന്ന്.

എരുമമുണ്ടയിൽ 1982-ൽ ആരംഭിച്ച സെന്റ് തോമസ് ഹോം, 1990-ൽ ചേവായൂരിൽ ആരംഭിച്ച ഗ്രിഗോറിയോസ് ഗൈഡൻസ് സെന്റർ, എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളും തിരുമേനിയുടെ ഭരണകാലത്ത് ആരംഭിച്ചതാണ് തന്റെ മെത്രാൻ സ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചത് നിർധനരായ 25 പേർക്ക് വീടുകൾ നിർമ്മിച്ച് കൊണ്ടായിരുന്നു.

മലബാർ ഭദ്രാസന മെത്രാപ്പോലീത്തയായി 4 ദശാബ്ദങ്ങൾ പ്രവർത്തിച്ച തിമോത്തിയോസ് തിരുമേനി സഭാ അംഗങ്ങൾക്ക് നവീനമായ ആത്മീയ ചൈതന്യം പകർന്നു.

മലബാർ ഭദ്രാസനത്തിൽ തന്റെ പിൻഗാമിയായി ഡോക്ടർ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയെ ആശീർവദിച്ചു കൊണ്ടാണ് മലബാറിന്റെ ഈ നല്ല ഇടയൻ ദേവലോകത്തേക്ക് വന്നത്.

നിയുക്ത കാതോലിക്കയായി തോമസ് മാർ തിമോത്തിയോസിനെ പരിശുദ്ധ സുന്നഹദോസ് ഐക്യകണ്ഠേന തിരഞ്ഞെടുക്കുകയായിരുന്നു. 1992 സെപ്റ്റംബർ 10-ന് പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഈ പിതാവിനെ പരിശുദ്ധ മാത്യൂസ് ദ്വിതിയൻ ബാവയുടെ പിൻഗാമിയായി തെരഞ്ഞെടുത്തു.

സഭയുടെ സങ്കീർണമായ ഘട്ടത്തിലാണ് പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ മലങ്കര സഭയുടെ ഇരുപതാമത്തെ മലങ്കര മെത്രാപ്പോലീത്തയും ഏഴാമത്തെ പൗരസ്ത്യ കാതോലിക്കായും സ്ഥാനമേറ്റത്.

2005 ഒക്ടോബർ 29ന് പരുമലയിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ പരിശുദ്ധ പിതാവ് 2005 ഒക്ടോബർ 31-ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദീമോസ് പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ ആയി സ്ഥാനമേറ്റു.

മലങ്കരയുടെ അമരക്കാരൻ എന്ന നിലയിൽ ദിദീമോസ് പ്രഥമൻ വലിയ ബാവായുടെ സംഭാവനകൾ അനവധിയാണ്. മലങ്കരസഭയിൽ സമ്പൂർണ ജനാധിപത്യം നടപ്പാക്കാൻ വലിയ ബാവ നേതൃത്വം നൽകി.അഞ്ചു വർഷത്തെ ഭരണത്തിനിടയിൽ നാലുതവണ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുകയും, ഒരുതവണ തന്റെ പിൻഗാമിയെയും, മറ്റൊരു തവണ തന്റെ കൂട്ട് ട്രസ്റ്റികളെയും, മറ്റ് രണ്ട് തവണകളിലായി 14 മെത്രാന്മാരെയും തെരഞ്ഞെടുത്തു.

മലങ്കര അസോസിയേഷൻ തിരഞ്ഞെടുത്ത ഈ 14 പേർക്ക് മെത്രാൻ സ്ഥാനം നൽകുവാനുള്ള ഭാഗ്യവും, 2009 ഏപ്രിൽ മൂന്നിന് പരിശുദ്ധ മൂറോൻ കൂദാശ നടത്താനുള്ള ഭാഗ്യവും ഈ പിതാവിന് ലഭിച്ചു. പള്ളി ഇടവക പൊതു യോഗങ്ങളിൽ വനിതകളെ ഉൾപ്പെടുത്തി അംഗത്വം നൽകിയതും പരിശുദ്ധ ദിദിമോസ് ബാവായുടെ ഭരണകാലത്താണ്

കൂടാതെ മലങ്കര അസോസിയേഷനിൽ വരണാധികാരിയായി രണ്ടുതവണ ഒരു വനിതയെ നിയമിച്ചതും ദിദിമോസ് ബാവയാണ്.

മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും പരിശുദ്ധ പിതാവിന്റെ ഏറ്റവും വിശിഷ്ടമായ സംഭാവന സഭയിലെ ആത്മീയ നവോത്ഥാനമാണ്. സഭയുടെ വളർച്ചയുടെ സൂചനയായി എടുത്തു പറയാനുള്ള ഒരു കാര്യം ഭദ്രാസനങ്ങളുടെ വളർച്ചയാണ്. മലങ്കര സഭയ്ക്ക് ഇപ്പോൾ 31 ഭദ്രാസനങ്ങൾ ആണ് ഉള്ളത്. ഇതിൽ അഹമ്മദബാദ് (കല്പന നമ്പർ. 93/2009), ബാംഗ്ലൂർ, ബ്രഹ്മവാർ (കല്പന നമ്പർ. 389/2010), അടൂർ – കടമ്പനാട്, കൊട്ടാരക്കര – പുനലൂർ, റാന്നി – നിലയ്ക്കൽ ഭദ്രാസനങ്ങൾ ബാവായുടെ ഭരണകാലത്ത് രൂപംകൊണ്ടവയാണ്.

ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചത് അനുസരിച്ച് മാനേജിങ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും വർധിപ്പിച്ചു.

ഏറ്റവും കൂടുതൽ അംഗങ്ങളുള്ള എപ്പിസ്കോപ്പൽ സിനഡിന് അധ്യക്ഷനായി ഇരിക്കാനുള്ള ഭാഗ്യവും ദിദിമോസ് ബാവായ്ക്ക് ലഭിച്ചു. മെത്രാന്മാരുടെ തെരഞ്ഞെടുപ്പിൽ പല കാലത്തും പെരുമാറ്റച്ചട്ടവും മാനദണ്ഡങ്ങളും ഉണ്ടായിരുന്നു എങ്കിലും, അച്ചടക്കത്തിന്റെ കാര്യത്തിൽ അതീവ ജാഗ്രത ഉള്ള ബാവാ മെത്രാൻ തെരഞ്ഞെടുപ്പിന് വ്യക്തമായ ഒരു മാനദണ്ഡവും പെരുമാറ്റച്ചട്ടവും രൂപീകരിച്ചത് ദിദീമോസ് ബാവായുടെ കാലഘട്ടത്തിൽ അണ്. 2009-ൽ പാമ്പാക്കുടയിലും 2010 ശാസ്താംകോട്ടയിലും നടത്തിയ മലങ്കര അസോസിയേഷൻ ഈ ചട്ടങ്ങൾ കർശനമായി നടപ്പാക്കി.

മലങ്കര അസോസിയേഷനിൽ പാരമ്പര്യ പ്രകാരം ഉള്ള മലങ്കര മെത്രാന്റെ അംശവസ്ത്രം ധരിക്കുന്ന പതിവ് പുനസ്ഥാപിച്ചത് ദിദീമോസ് പ്രഥമൻ ബാവ ആണ്.

ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് നടന്ന ചരിത്രപ്രധാനമായ ഒരു സംഘമമായിരുന്നു 2008 നവംബർ 16-ന് കോട്ടയം ബസേലിയോസ് കോളേജ് ഗ്രൗണ്ടിൽ നടന്ന 'കോട്ടയം മഹാ സമ്മേളനം.'

ലോകത്തിലെ വിവിധ ഓർത്തഡോക്സ് സഭകളും ആയുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ഭരണകാലത്ത് അവസരങ്ങൾ ഉണ്ടായി.

ദിദിമോസ് ബാവായുടെ ക്ഷണം സ്വീകരിച്ച് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് കിറിൽ മെത്രാപ്പോലിത്ത, അർമേനിയൻ സുപ്രീം കാതോലിക്കാ കരേക്കിൻ രണ്ടാമൻ, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ്, സെലിഷ്യൻ കാതോലിക്കാ അരാം പ്രഥമൻ എന്നിവരും മലങ്കരസഭ സന്ദർശിച്ചു.

സഭകളുടെ ലോക കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോമ്പിയാ ദേവലോകത്തെത് ദിദീമോസ് പ്രഥമൻ ബാവായെ സന്ദർശിച്ചു.

ആഫ്രിക്കൻ രാജ്യമായ ലോസോത്തൊയിലെ ഉപ പ്രധാനമന്ത്രി അർബട്ട് ലിഹാലയും ദേവലോകത്ത് വന്ന് പരിശുദ്ധ പിതാവിനെ സന്ദർശിച്ചു.

കോപ്റ്റിക് സഭാതലവൻ പോപ്പ് ഷിനൂഡാ മൂന്നാമനെ കെയ്റോയിൽ വെച്ചും അസീറിയൻ പാത്രിയർക്കീസ് ദിൻഹാ നാലാമനെ ചിക്കാഗോയിലും വെച്ച് സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യ ബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി അർമേനിയൻ സുപ്രീം കാതോലിക്കാ അരാം പ്രഥമനും, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനു പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ മലങ്കര സഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് തോമസ്' നൽകി ആദരിച്ചു.

കേരളത്തിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ പുലിക്കോട്ടിൽ

ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനെ 'സഭ തേജസ്' എന്ന സ്ഥാനനാമം നൽകി ആദരിച്ചതും ദിദിമോസ് പ്രഥമൻ ബാവായുടെ സമയത്താണ്.

മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ ശേഷം ദിദീമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ 2006 ഒക്ടോബർ 12ന് പരുമലയിൽ വിളിച്ചു കൂട്ടിയ മലങ്കര അസോസിയേഷൻ വച്ചാണ് കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസിനെ നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തത്. നിയുക്ത കാതോലിക്കായുടെ തിരഞ്ഞെടുപ്പ് കോടതി മുഖേന തടസപ്പെടുത്താൻ ശ്രമം ഉണ്ടായിരുന്നുവെങ്കിലും അത് സംബന്ധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടായത് പരിശുദ്ധ ബാവായുടെ പ്രാർത്ഥനയുടെ ശക്തി തന്നെയായിരുന്നു. തന്റെ 5 വർഷത്തെ പ്രവർത്തനങ്ങൾക്ക് ശേഷം 2010 ഒക്ടോബർ 31-ന് പരിശുദ്ധ പിതാവ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞു.

2010 നവംബർ ഒന്നിന് തന്റെ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായെ വാഴിച്ചതോടെ കാതോലിക്ക സ്ഥാനവും പരിശുദ്ധ പിതാവ് ത്യജിച്ചു. തന്റെ തൊണ്ണൂറാം ജന്മദിനത്തിൽ സ്വന്തം ഇഷ്ടപ്രകാരം സ്ഥാനത്യാഗം ചെയ്ത ദിദിമോസ് പ്രഥമൻ ബാവായെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരയുടെ 'വലിയ ബാവാ' ആയി പ്രഖ്യാപിച്ചു.

ദിദിമോസ് ബാവ സ്ഥാനമൊഴിഞ്ഞത് പുതിയ കീഴ്വഴക്കം സഭയിൽ സൃഷ്ടിച്ചുകൊണ്ടാണ്. മുൻഗാമികളിൽ നിന്ന് അഭിഷിക്തനായ ദിദിമോസ് ബാവ പിൻഗാമിയെ വാഴിച്ചു കൊണ്ടാണ് സ്ഥാനത്യാഗം ചെയ്തത്.

ഒരു സന്യാസിയുടെ നിസ്സംഗതയോടെ വലിയ ബാവാ അധികാരം വിട്ടൊഴിഞ്ഞു, അത് സ്വന്തം ഇഷ്ടപ്രകാരം ആയിരുന്നു. പിൻഗാമിയെ വാഴിക്കാൻ പരുമല പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ദിദിമോസ് പ്രഥമൻ ബാവാ മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്തു. 2014 ഫെബ്രുവരി 21 കോട്ടയം കാതോലിക്കേറ്റ് അരമനയിൽ വെച്ച് കന്തില ശുശ്രൂഷ സ്വീകരിച്ചു. 2014 മെയ് 26ന് വൈകിട്ട് 7:30-ന് പരുമല ആശുപത്രിയിൽവച്ച് കാലംചെയ്ത പരിശുദ്ധ പിതാവിനെ 2014 മെയ് മാസം 28-ാം തീയതി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി.

മലങ്കരസഭയുടെ സമഗ്ര വളർച്ചയ്ക്ക് നിസ്തുല സംഭാവന നൽകിയ അതുല്യ വ്യക്തിത്വം ആണ് പരിശുദ്ധ കാതോലിക്ക ബാവാ. പ്രാർത്ഥന, ധ്യാനം, മൗനം എന്നിവയിലൂടെ ഈ മഹർഷി വര്യൻ മലങ്കര സഭയെ ശക്തീകരിച്ചു.

പ്രതിസന്ധികളിലും ഭിന്നതകളും വ്യവഹാരങ്ങളിലും ആടി ഉലഞ്ഞ സഭയെ അചഞ്ചലമായ വിശ്വാസത്തോടെയും, ദൈവശ്രായ ബോധത്തോടെയും നയിച്ച ഈ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ട ആയിരിക്കട്ടെ.

❑

യൂയാക്കിം മാർ ഈവാനിയോസ് (1858–1925)



ഓർമ്മ ജൂൺ 6–ന് പരുമല സെമിനാരിയിൽ

തുമ്പമൺ, കണ്ടനാട് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ (1913–25) ആയിരുന്നു. കണ്ടനാട് കരാട്ടുവീട്ടിൽ കോരയുടെ പുത്രനായി 1858–ൽ ജനിച്ചു. കോനാട്ട് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ സുറിയാനിയും സഭാവിശ്വാസപ്രമാണങ്ങളും പഠിച്ചു. 1876 മെയ് 5–ന് (മേടം 23) കണ്ടനാട് പള്ളിയിൽ വച്ച് യൗഫ് പദിയക്കിനോ പട്ടം സ്വീകരിച്ചു. 1882 ഏപ്രിൽ 6–ന് (മീനം 25) ശെമവൂൻ മാർ ദീവാന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കടുങ്ങമംഗലം പള്ളിയിൽ വച്ച് പൂർണ്ണ ശെമ്മാശുപട്ടം സ്വീകരിച്ചു. കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് പുലിക്കോട്ടിൽ മാർ ദീവാന്നാസ്യോസ് മെത്രാപ്പോലീത്താ 1892 ഏപ്രിൽ 14–ന് കശീശാപട്ടം നൽകി.

ദീർഘകാലം പഴയ സെമിനാരിയിലും പരുമല സെമിനാരിയിലും താമസിച്ചു. യെരുശലേമിൽ വച്ച് 1908–ൽ അബ്ദള്ളാ പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നൽകി. അബ്ദള്ളാ പാത്രിയർക്കീസ് മലങ്കര വന്ന് ലൗകികാധികാരം കൈയടക്കുവാൻ ശ്രമിച്ചപ്പോൾ, ഇദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം നിന്ന് അതിനെ ശക്തിയായി എതിർത്തു.

1913 ഫെബ്രുവരി 9–ന് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് പ. അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ കാതോലിക്കായും മറ്റു മെത്രാന്മാരും കൂടി ഇദ്ദേഹത്തിനും വാകത്താനം ഗീവർഗ്ഗീസ് റമ്പാനും മേല്പട്ടസ്ഥാനം നൽകി. യൂയാക്കിം മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി പരുമല ആസ്ഥാനമാക്കി തുമ്പമൺ, കണ്ടനാട് എന്നീ ഭദ്രാസനങ്ങളുടെ ഭരണസാരഥ്യം വഹിച്ചു. 1925 ജൂൺ 6–ന് കാലം ചെയ്തു. പരുമല സെമിനാരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഔഗേൻ മാർ ദീവന്നാസ്യോസ് (1955–2007)

ഓർമ്മ ജൂൺ 6–ന് വാകത്താനം വള്ളിക്കാട്ട് ദയറാ ചാപ്പലിൽ

നിലയ്ക്കൽ ഭദ്രാസനത്തിലെ റാന്നി മുക്കാലുമൺ മാവേലിൽ പേരങ്ങാട്ടു മത്തായി കുര്യൻ, സാറാമ്മ കുര്യൻ ദമ്പതികളുടെ പുത്രനായി 1955 ജൂലൈ ഒന്നിന് ജനിച്ചു. ഫിസിക്സിൽ ബി.എസ്സി., ഹിസ്റ്ററിയിൽ എം.എ., വൈദികസെമിനാരിയിൽനിന്ന് ജി.എസ്.റ്റി. എന്നീ ബിരുദങ്ങൾ കരസ്ഥമാക്കി.

1979–ൽ ശെമ്മാശുപട്ടവും 1980–ൽ വൈദികപട്ടവും സ്വീകരിച്ചു. 1992–ൽ റമ്പാനായി. പ. മാത്യൂസ് പ്രഥമൻ ബാവായുടെ സെക്രട്ടറി, ദേവലോകം അരമന മാനേജർ, കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറി, വാകത്താനം വള്ളിക്കാട്ട് ദയറാ മാനേജർ, പീരുമേട് എൻജിനീയറിങ് കോളജ് റസിഡന്റ് മാനേജർ, എപ്പിസ്കോപ്പൽ സിനഡ് ഓഫീസ് സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു.

മലങ്കര അസോസിയേഷൻ മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തതിനെത്തുടർന്ന് 2005 മാർച്ച് 5–ന് പരുമല സെമിനാരിയിൽവച്ച് പ. മാത്യൂസ് ദ്വിതീയൻ ബാവ എപ്പിസ്കോപ്പയായി വാഴിച്ചു. 2006 ഫെബ്രുവരിയിൽ മെത്രാപ്പോലീത്തയായി. ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്തയായി സ്തുത്യർഹമായി പ്രവർത്തിച്ചുവരെ 2007 ജൂണ് 6–ന് വാഹനാപകടത്തെത്തുടർന്ന് കാലംചെയ്തു. വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി.

പരിശുദ്ധാത്മാവേ വന്ന് സ്നേഹത്തിൻ നിറവേകണമേ...

(എന്നെത്തന്നെ സന്നിധിയിൽ... എന്ന ട്യൂണിൽ)

ശക്തിയെ സമ്പാദിക്കാനായ്
നോക്കിപ്പാർത്തൊരു സംഘത്തെ
റൂഹായാൽ ജ്വലിപ്പിച്ചതുപോൽ
ഞങ്ങളെയും ബലപ്പെടുത്തണമേ

പരിശുദ്ധാത്മാവേ വന്ന്
സ്നേഹത്തിൻ നിറവേകണമേ
ശത്രുവിനെയും സ്നേഹിപ്പാൻ
മാനസ ശുദ്ധി നിറയ്ക്കണമേ

മാമോദീസായിൽ റൂഹാ
നൽകിയ പാവന വസ്ത്രത്താൽ
കവചം തീർത്തതിനുള്ളിൽ നീ
ഞങ്ങളെ സംരക്ഷിക്കേണമേ

തിന്മയെഴും കാഴ്ചയിൽ നിന്നും
നാശത്തിൻ കേൾവിയിൽ നിന്നും
റൂഹാ, നിന്നാവാസത്താൽ
നാൾതോറും കാത്തീടണമേ

സൃഷ്ടിക്കും പുനഃസൃഷ്ടിക്കും
ഊതിനിറച്ചൊരു റൂഹായാൽ
അദൃശ്യമതാം പോരാട്ടത്തിൽ
ജീവശ്വാസം പകരണമേ.

തിന്മകളെ നന്മകളാക്കും
ലോകത്തിൻ വഞ്ചനയറിയാൻ
സത്യാത്മാവേ ഞങ്ങളെ നീ
തിരുശബ്ദം കേൾപ്പിക്കണമേ

റൂഹാ നിന്നാവാസത്താൽ
ഞങ്ങളെയെല്ലാം ഐക്യത്തിൽ
ആദിമസഭയെപ്പോലിന്നും
നിൻ രാജ്യമതാക്കീടണമേ.

ഇന്നാളുകളിൽ ഭൂമിക്ക്
ഏറ്റൊരു മുറിവിനെ മാറ്റിടുവാൻ
സൗഖ്യം ജീവനുമേകിടുവാൻ
റൂഹായേ വന്നീടണമേ.

പുതിയൊരു ആകാശം ഭൂമി
കടലും കരയും കാടുകളും
ശുദ്ധമതായിതീർന്നിടുവാൻ
റൂഹാ വന്നു സഹായിക്ക

അർപ്പിത വീഞ്ഞും അപ്പമതും
നാഥൻ ഗാത്രമതാകുമ്പോൾ
സൽഗുണ പോഷണ റൂഹായെ
ഞങ്ങളെ അതുപോൽ ആക്കണമേ

രചന: ഫാ. ബിജേഷ് ഫിലിപ്പ്



Ahmedabad Diocese Priest's meeting

Ahmedabad Diocese Priest's meeting was held online on Tuesday 26/5/2020 through "Google Meet" under the Presidentship of our Diocesan Metropolitan Dr. Geevarghese Yulios.* (Beloved Thirumeni who had been to U.S. to conduct the Passion week got held up there due to nation wide lockdown and could not return to India in time due to this reason.)

The meeting was held at Indian time 8.00pm. All 32 priests of our diocese from Gujarat, Rajasthan, Madhya Pradesh and Sultanate of Oman attended this meeting.

Diocesan Vaidika Sangham secretary Fr. Isaac Thomas welcomed His Grace and all the fellow priests to the meet.

We disussed and analysed the effects of this present Pandemic situation throughout the world and in particular among the respective Parishes of our Diocese.

We have noted that 2 members from our diocese in India and 1 Family in Muscat, Oman were reported COVID 19 positive. By the immense grace of God Almighty and timely medications the members of our Muscat region are recovering well and the members in our Indian regions have been totally recovered to normal health.

We appreciated all our priests for taking immediate steps in their respective parishes for effectively taking care of their members by providing online services to participate in Holy Qurbana, Holy week Services and encouraging messages and sermon via YouTube and other digital platforms throughout these lockdown phase.

Further we were happy to know that every priest of our diocese made a definite effort for calling up each family and encouraging them in this time of isolation and distress. We also appreciated our 'parish committees' for lending financial and medical aid to the parishioners and needy people around them. (Money was transferred to people's account who lost their jobs or weren't able to generate income during the lockdown. Essential grocery kits were provided to the needy and medical kits were provided to every parishioner in most Churches of the diocese.)

We further discussed the financial condition of our Diocese and how it has affected negatively our working during this lockdown period. Required measures to control expenses and improve the financial stability were discussed alongside. Thus, all the priests unanimously agreed to accept a salary deferment of 30% in the coming months, until a financial stability is regained in the diocese.

Finally His Grace expressed his thanks to all achens for being present in the meeting and shared his experiences in America and all events throughout the time since all priests' last meeting in February 2020.

The meeting successfully concluded with Fr. James Geevarghese expressing the Vote of thanks, and benediction from by His Grace.

The meeting ended at 11:50pm.

Fr Isaac Thomas, Secretary, Diocesan Viadeeka Sangham.

Dr Vimith C. Wilson is officially posted as scientist medical officer for the state of Kerala

Dr Vimith C. Wilson (Member of St. Gregorios Orthodox Church Marathamcod) is officially posted as scientist medical officer for the state of Kerala, in connection to an all India COVID-19 related mission named "COVID-19 Sero Surveillance Program" conducted by ICMR (Indian Council of Medical Research). Dr Vimith is heading a team of 20 specialists from their respective field in this mission. The program is being conducted in 69 districts all over India. The Indian Council of Medical Research, the apex body in India for the formulation, coordination and promotion of biomedical research, is one of the oldest and largest medical research bodies in the world.

Dr Vimith. C. Wilson was heading, a team for Kerala for the eradication of Tuberculosis under ICMR-National Institute for Research in Tuberculosis [Formerly Tuberculosis Research Center (TRC)], a permanent institute under the Indian Council of Medical Research (ICMR), is an internationally recognized institution for Tuberculosis (TB) research. He was working in different capacities prior to this posting including Junior Resident in the Department of Urology and the Department of Emergency medicine. He worked in the department of Quality Assurance as quality co-ordinator and quality officer (Medical) for the Accreditation of NABH standards in Amala Institute of Medical Sciences, a well renowned multi-specialty hospital and medical college in the state of Kerala.

Dr Vimith. C. Wilson belongs to an ancient orthodox Christian family in Kunnamkulam. He was one of the active members in MGOCSM, Kunnamkulam Unit even during his school days. He served as secretary of the same unit for more than 2 years and was also Elected to MGOCSM Central Committee. He is also a member of Medical Auxiliary. Dr Vimith married to Dr Agnus Vimith, who is currently pursuing post-graduation in pulmonary medicine.

വെട്ടിക്കൽ ദയറായിൽ കബറടങ്ങിയിരിക്കുന്ന താപസശ്രേഷ്ഠനായ കാട്ടുമങ്ങാട്ടു ഇളയ ബാവായുടെ 211–ാമത് ശ്രാദ്ധ പെരുന്നാൾ കൊടിയേറ്റ് ഫാ. ഡോ. ജോസി ജേക്കബ് (പ്രിൻസിപ്പൽ, നാഗ്പൂർ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി) നിർവഹിക്കുന്നു. ദയറാ മാനേജർ ഫാ. വിനോദ് ജോർജ് സമീപം.

സഭാപിതാക്കന്മാർ

മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെ സംഭാവനകൾ

എം. കുര്യൻ തോമസ്

1665-ൽ മലങ്കരയിലെത്തി വടക്കൻപറവൂർ പള്ളിയിൽ കബറടങ്ങിയ യെറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെ സംഭാവനകളായി രണ്ടു പ്രധാന സംഗതികളാണ് ചരിത്രകാരന്മാർ എടുത്തുകാട്ടുന്നത്. അവ:

1) മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ടസ്ഥാനം ക്രമപ്പെടുത്തി മലങ്കര സഭയ്ക്ക് തദ്ദേശീയമായ ഒരു മേല്പട്ടശ്രേണിയ്ക്ക് ആരംഭമിട്ടു.

2) മലങ്കരസഭയുടെ യാക്കോബായ എന്നു വിളിക്കുന്ന അന്ത്യോഖ്യൻ അഥവാ പാശ്ചാത്യ സുറിയാനിസഭയുമായി മലങ്കരസഭ ബന്ധം ആരംഭിച്ചു.

ആരാണ് മാർ ഗ്രിഗോറിയോസ്

മലങ്കരയിൽ പ്രചാരത്തിലിരിക്കുന്ന പാരമ്പര്യവും, ലഭ്യമായ എല്ലാ ചരിത്ര രേഖകളുമനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള യെറുശലേമിലെ സുറിയാനി പാത്രിയർക്കീസായിരുന്നു മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീദ്. സമകാലികരായ റോമൻ കത്തോലിക്കാ ചരിത്രകാരന്മാരും ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്. അറബി ഗർശൂനിയിൽ എഴുതപ്പെട്ടതും ഇപ്പോൾ തൊഴിയൂരെ മലബാർ സ്വതന്ത്ര സുറിയാനിസഭാ ആസ്ഥാനത്തു സൂക്ഷിച്ചിരിക്കുന്നതുമായ അദ്ദേഹത്തിന്റെ സ്ഥാത്തിക്കോനും ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്. കുറച്ചുകൂടി കടന്ന് മലബാറിൽ യാക്കോബായ വിശ്വാസം കൊണ്ടുവന്ന വ്യക്തി എന്ന നിലയിലാണ് സമകാലിക റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ ഇദ്ദേഹത്തെപ്പറ്റി പരാമർശിക്കുന്നത്.

എതിർവാദങ്ങൾ

മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ്, നെസ്തോറിയൻ ആയിരുന്നെന്നും, റോമൻ കത്തോലിക്കാ റീത്തുകാരനായിരുന്നുവെന്നും, അർമ്മീനിയൻ സഭയുടെ കീഴിലുള്ള യെറുശലേമിലെ അഞ്ചാം പാത്രിയർക്കീസ് ആയിരുന്നുവെന്നും എന്തായാലും അന്ത്യോഖ്യൻ സുറിയാനി സഭയിൽപ്പെട്ട ആളല്ലെന്നും ചില വിചിത്രമായ വാദഗതികൾ ചിലർ തട്ടിമൂളിക്കുന്നുണ്ട്. അദ്ദേഹം യാക്കോബായ വിശ്വാസം പിന്തുടരുന്ന യെറുശലേമിലെ സുറിയാനി പാത്രിയർക്കീസായിരുന്നു എന്ന് മലങ്കരയിലെ പ്രബല പാരമ്പര്യവും, സമകാലിക രേഖകളും സാക്ഷിക്കുന്നു. അതിനേക്കാളുപരി അദ്ദേഹം റോമൻ കത്തോലിക്കാറീത്തിലോ നെസ്തോറിയൻ സഭയിലോ പെട്ട ആളല്ല എന്ന് താഴെ പറയുന്ന കാരണങ്ങളിൽ നിന്നും വ്യക്തമാണ്:

1) റോമൻ കത്തോലിക്കാ സഭയുടെ ഏതെങ്കിലും റീത്തിൽപ്പെട്ട ആളായിരുന്നു മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ് എങ്കിൽ ഏതുവിധേനയും റോമൻ കത്തോലിക്കർ അദ്ദേഹത്തെ സ്വാധീനിക്കാനോ, കീഴ്പ്പെടുത്താനോ ശ്രമിച്ചേനെ. ഡച്ച് ഭരണം ആരംഭിച്ചിട്ടും റോമൻ കത്തോലിക്കർ മാർത്തോമ്മാ ഒന്നാമനെ ഇല്ലായ്മ ചെയ്യാൻ നടത്തിയ ശ്രമം പരിഗണിച്ചാൽ ഇതൊരു സാദ്ധ്യതയല്ല യാഥാർത്ഥ്യമാണെന്ന് വ്യക്തമാകും. എന്നാൽ, മാർ ഗ്രിഗോറിയോസ് റോമൻ ശ്രമങ്ങൾ പൂർണ്ണമായും പരാജയപ്പെടുത്തി മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ടസ്ഥാനം ക്രമപ്പെടുത്തുകയും ജീവിതാന്ത്യം വരെ സത്യവിശ്വാസ സ്ഥാപനത്തിനായി അക്ഷീണം പരിശ്രമിക്കുകയുമാണ് ഉണ്ടായത്.

2) അദ്ദേഹം നെസ്തോറിയൻ അല്ലായിരുന്നു എന്നതും ചരിത്രപരമായ വസ്തുതയാണ്. കാരണം, 1599-ലെ ഉദയംപേരൂർ സുന്നഹദോസിനു ശേഷവും റോമൻ വിശ്വാസപ്രമാണത്തിനനുസരിച്ചു ഭേദപ്പെടുത്തിയ കൽദായ ക്രമങ്ങളാണ് മലങ്കരയിൽ ഉപയോഗിച്ചു വന്നിരുന്നത്. 1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷവും ഇതേ ക്രമം തന്നെയാണ് തുടർന്നത്. ബാഹ്യരൂപത്തിൽ യഥാർത്ഥ നെസ്തോറിയൻ ആരാധനാക്രമങ്ങളുമായി ഇതിനു യാതൊരു വ്യത്യാസവും ഇല്ലായിരുന്നു.

മാർ ഗ്രിഗോറിയോസിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമകാലിക ചരിത്രരേഖകൾ പ്രകാരം അദ്ദേഹം പുതിയ ക്രമത്തിൽ വി. കുർബ്ബാന അർപ്പിച്ചപ്പോൾ ജനങ്ങൾ അതിനെ എതിർക്കുകയും പഴയക്രമം തുടരാൻ ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം നെസ്തോറിയൻ ആയിരുന്നുവെങ്കിൽ ആ പാരമ്പര്യത്തിലുള്ള വി. കുർബ്ബാനയെ അതേ പാരമ്പര്യം പിൻ തുടരുന്ന നസ്രാണികൾ പുതിയതെന്നു മുദ്രകുത്തുകയോ, എതിർക്കുകയോ ചെയ്യില്ലായിരുന്നു.

മറ്റൊരു വിചിത്ര വാദഗതി, ഇദ്ദേഹം യെറുശലേമിലെ സുറിയാനി പാത്രിയർക്കീസ് അല്ലായിരുന്നു എന്നാണ്. മാർ ഗ്രിഗോറിയോസ് എന്ന

യെറുശലേം പാത്രിയർക്കീസിന്റെ പരമ്പരാഗത സ്ഥാനനാമം അദ്ദേഹത്തിന്റെ കാലത്തു നിലവിലില്ലായിരുന്നു എന്നതാണ് ഇതിനുപോൽബലകമായി ഇവർ പറയുന്ന വാദം. എന്നാൽ 19–ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മാർ മർക്കോസിന്റെ ദയറാ പണിക്കു പിരിവിനായി കേരളത്തിലെത്തിയ യെറുശലേമിലെ സുറിയാനി മെത്രാനും, പ. പരുമല തിരുമേനി ഊർശ്ലേംയാത്ര നടത്തിയ 19–ാം നൂറ്റാണ്ടിന്റെ അന്ത്യ ദശകത്തിലെ യെറുശലേമിലെ സുറിയാനി മെത്രാനും യഥാക്രമം മാർ ഗ്രിഗോറിയോസ് അബ്ദുൾ നുഹറോ, മാർ ഗ്രിഗോറിയോസ് ഗീവറുഗീസ് എന്നിവരായിരുന്നു. പ. പരുമല തിരുമേനിയോട്, പ. പത്രോസ് തൃതീയൻ പാത്രിയർക്കീസിനുള്ള പ്രത്യേക വാത്സല്യം നിമിത്തം യെരുശലേം പാത്രിയർക്കീസിന്റെ സ്ഥാനനാമമാണ് നൽകിയതെന്നാണ് പാരമ്പര്യം.

കബർ പൊളിച്ച വിവാദം

ഇദ്ദേഹം അന്ത്യോഖ്യൻ സഭയിൽപ്പെട്ട മേല്പട്ടക്കാരൻ അല്ലായിരുന്നു എന്നു ചിലർ വാദിക്കുന്നത് അദ്ദേഹത്തിന്റെ കബർ പൊളിച്ച സംഭവവുമായി ബന്ധപ്പെട്ടാണ്. 1860–കളിൽ കേരളത്തിലെത്തിയ മുകളിൽ പറഞ്ഞ യെറുശലേമിലെ മാർ ഗ്രിഗോറിയോസ് അബ്ദേദ് നുഹറോയാണ് വടക്കൻ പറവൂർ പള്ളിയിലുണ്ടായിരുന്ന മാർ ഗ്രിഗോറിയോസിന്റെ കബർ പൊളിച്ച് പള്ളിയുടെ വടക്കുവശത്തേയ്ക്കു മാറ്റിയത്. ഇത് അദ്ദേഹം വേദവിപരീതിയായിരുന്നതിനാലായിരുന്നു എന്നാണ് ഇവരുടെ വാദം.

എന്നാൽ ഇതേ മാർ ഗ്രിഗോറിയോസ് അബ്ദേദു നുഹറോ തന്നെ കണ്ടനാടു പള്ളി മദുബഹായിൽ 'കടച്ചിൽ വേലയായി വിശേഷതരമായി' പണിയപ്പെട്ടിരുന്ന മാർത്തോമ്മാ നാലാമന്റെയും, മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനയുടെയും കബറുകൾ പൊളിച്ചു നീക്കുകയും അസ്ഥികൾ അവിടെനിന്നു മാറ്റിസ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും അതുവരെ അതു പലകകൊണ്ട് മറച്ചുവയ്ക്കണമെന്നു കല്പന നൽകുകയും ചെയ്തിരുന്നു. മലയാളി ആയതിനാൽ മാർത്തോമ്മാ നാലാമന്റെയും, വേദവിപരീതി ആയതിനാൽ മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെയും കബറുകൾ മദ്ബഹായിൽ നിന്നു പൊളിച്ചു നീക്കി എന്നു വാദിച്ചാൽത്തന്നെ വ്യക്തമായും അന്ത്യോഖ്യൻ സഭയിൽ നിന്നും അയയ്ക്കപ്പെട്ട മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനായുടെ കബർ പൊളിച്ചു നീക്കിയതിന് ഇത്തരം യാതൊരു സാധൂകരണവുമില്ല.

അന്ത്യോഖ്യൻ സഭയുടെ പാരമ്പര്യപ്രകാരം പള്ളിയ്ക്കുള്ളിൽ ശവം അടക്കുന്നതു നിഷിദ്ധമാണ്. അതിനാലാണ് യൂയാക്കീം മാർ കൂറിലോസ് തന്നെ പള്ളിക്കുള്ളിൽ അടക്കി പാപം ചെയ്യരുതെന്ന് അന്ത്യസമയത്ത് നിർദ്ദേശിച്ചത്. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസാകട്ടെ, ആദ്യമായി കണ്ടനാടു പള്ളി സന്ദർശിച്ചപ്പോൾ മാർ ഗ്രിഗോറിയോസ് അബ്ദേദ് നുഹറോ പൊളിച്ചതിന്റെ ബാക്കികൂടെ പൊളിച്ചുമാറ്റി കുമ്മായമിട്ടശേഷം മാത്രമാണ് പള്ളിയിൽ ലുത്തിനിയാ പോലും നടത്തിയത്. കോതമംഗലം ചെറിയപള്ളിക്കാരോട് മാർ ബസേലിയോസ് യൽദോ മഫ്രിയാനയുടെ കബറും ഇപ്രകാരം പൊളിച്ചുമാറ്റണമെന്ന് കുറുപ്പുംപടി പള്ളിയിൽ വച്ചു കല്പന നൽകി. പാത്രിയർക്കീസ് അവിടം സന്ദർശിക്കാഞ്ഞതിനാൽ ആ കബർ രക്ഷപ്പെട്ടു. അന്ത്യോഖ്യൻ സഭയുടെ പാരമ്പര്യമല്ലാതെ മറ്റു കാരണങ്ങളൊന്നും ഈ കബറു പൊളിയ്ക്കലിലില്ല എന്ന് തികച്ചും ഇതിൽ നിന്നെല്ലാം വ്യക്തമാണ്.

മേല്പട്ടസ്ഥാന ക്രമീകരണം

റോമൻ കത്തോലിക്കാ ചരിത്രകാരന്മാരിൽ ചിലർ മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ്, മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനം ക്രമീകരിച്ചില്ല എന്നു വാദിക്കുന്നുണ്ട്. മലങ്കര നസ്രാണികൾക്ക് ക്രമപ്രകാരമുള്ള കൈവെപ്പില്ല എന്നുള്ള റോമൻ പ്രചരണതന്ത്രത്തിന്റെ ഭാഗമായി തള്ളിക്കളയാവുന്ന ഒരു വാദഗതിയാണിത്. കാരണം, സമകാലിക രേഖകൾ പരിശോധിച്ച് എഴുതിയ ജസ്യൂട്ട് ചരിത്രകാരൻ ഡി. ഫറോളിയടക്കമുള്ള ഭൂരിപക്ഷ ചരിത്രകാരന്മാരും മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനം ക്രമപ്പെടുത്തി എന്നു വ്യക്തമായി പറയുന്നുണ്ട്.

ആരാധനാ – ആചാര പരിഷ്ക്കാരങ്ങൾ

അഭിപ്രായ ഐക്യമില്ലാത്ത മറ്റൊരു സംഗതി മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ് വരുത്തിയ ആരാധനാ – ആചാര പരിഷ്ക്കാരങ്ങളാണ്. മുകളിൽ പറഞ്ഞതുപോലെ അന്ന് മലങ്കരയിൽ നിലവിലിരുന്നത് റോമൻ രീതിയിൽ പരിഷ്ക്കരിച്ച കൽദായക്രമങ്ങളാണ്. ഇതോടൊപ്പം, പുളിപ്പില്ലാത്ത അപ്പം, സ്വരൂപാരാധന മുതലായവയും റോമാക്കാർ കൂട്ടിച്ചേർത്തു.

1653–ലെ കൂനൻകുരിശു സത്യത്തോടെ മലങ്കര നസ്രാണികളുടെ ആരാധനാ – ആചാര രീതികളിൽ കാര്യമായ ഒരു മാറ്റവും വന്നില്ല. ഉദയംപേരൂർ സുന്നഹദോസിനു ശേഷം മലങ്കരയിൽ നിലവിലിരുന്ന ആചാര – ആരാധനക്രമങ്ങൾ അതേപടി തുടർന്നു എന്നതാണ് വസ്തുത. പട്ടക്കാരുടെ വിവാഹവിലക്കു നീക്കിയതൊഴിച്ചാൽ മറ്റൊരു മാറ്റവും ഉടനടി ഉണ്ടായില്ല എന്നാണ് സമകാലിക ചരിത്രരേഖകൾ സൂചിപ്പിക്കുന്നത്. റോമാക്കാർ ഭേദപ്പെടുത്തിയ മാർത്തോമ്മായുടെ മാർഗ്ഗം പുനഃസ്ഥാപിക്കുക എന്നതായിരുന്നു മലങ്കര നസ്രാണികളുടെ ആഗ്രഹം.

ഈ സാഹചര്യത്തിലാണ് മാർ ഗ്രിഗോറിയോസ് മലങ്കരയിലെത്തുന്നത്. സ്വാഭാവികമായും അദ്ദേഹം അവതരിപ്പിച്ചത് അന്ത്യോഖ്യൻ സുറിയാനിസഭയുടെ ആചാര – ആരാധനാ പാരമ്പര്യങ്ങളാണ്. ഇതിന് പൗരസ്ത്യ കൽദായ സുറിയാനിസഭയുടെ ആചാരാനുഷ്ഠാനങ്ങളുമായി സമാനതകളും അതേസമയം വൈജാത്യങ്ങളുമുണ്ടായിരുന്നു. കൽദായസഭ മാർ ആദായിയുടെയും മാർ മാറിയുടെയും തക്സാ ഉപയോഗിച്ചാണ് വി. കുർബ്ബാന അർപ്പിച്ചിരുന്നത്. മാർ ഗ്രിഗോറിയോസാകട്ടെ, മാർ യാക്കോബിന്റെ ക്രമവും അതിനെ അടിസ്ഥാനമാക്കി രചിച്ച മറ്റു തക്സാകളുമാണ് ഉപയോഗിച്ചത്. ഇത് നസ്രാണികളെ സംബന്ധിച്ചിടത്തോളം തികച്ചും നവീനമായ ഒരു രീതിയാണ്. സ്വാഭാവികമായും മുകളിൽ പറഞ്ഞ രീതിയിൽ എതിർപ്പുണ്ടാകും.

എന്നാൽ പുളിപ്പുള്ള അപ്പം, നോമ്പിന്റെ രീതികൾ മുതലായവ കൽദായ സഭയിലും, അന്ത്യോഖ്യൻ സഭയിലും സമാനമാണ്. അതിനാൽ ആ വിഷയത്തിൽ മാർ ഗ്രിഗോറിയോസ് തീർച്ചയായും സ്വാഗതം ചെയ്യപ്പെടും. മാർ ഗ്രിഗോറിയോസിന്റെ ആഗമനത്തോടെ മലങ്കരയിൽ പെട്ടെന്നു നടപ്പായത് റോമൻ കത്തോലിക്കർ അവതരിപ്പിച്ച പുളിപ്പില്ലാത്ത അപ്പത്തിനു (പത്തീറ) പകരം പുളിപ്പുള്ള അപ്പം (അമ്മീറ) വി. കുർബ്ബാനയ്ക്ക് വീണ്ടും ഉപയോഗിക്കാൻ തുടങ്ങി എന്നതു മാത്രമാണെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം.

ഇതോടൊപ്പം തന്നെ റോമൻ കത്തോലിക്കർ മലങ്കരയിൽ നടപ്പാക്കിയ മറ്റു ചില സംഗതികളും പുനക്രമീകരിക്കാൻ അദ്ദേഹം ശ്രമിച്ചതായി രേഖകളുണ്ട്. അവ, കയ്യില്ലാത്ത ലത്തീൻ കുപ്പായത്തിനു പകരം കാപ്പ ധരിച്ചുകൊണ്ട് വി. കുർബ്ബാന ചൊല്ലുക, വലിയ നോമ്പു തുടങ്ങുന്നത് ബുധനാഴ്ചകളിൽ നിന്നും വീണ്ടും തിങ്കളാഴ്ചയിലേയ്ക്കു മാറ്റുക, റോമാവൽക്കരിക്കപ്പെട്ട കൽദായ സഭാപഞ്ചാംഗത്തോടു സാമ്യമുള്ള അന്ത്യോഖ്യൻ സഭാപഞ്ചാഗം ഏർപ്പെടുത്തുക എന്നിവയാണ്. അതോടൊപ്പം റോമൻ കത്തോലിക്കർ നടപ്പാക്കിയ സ്വരൂപവന്ദനവും വൈദിക ബ്രഹ്മചര്യവും ഒഴിവാക്കാൻ ശ്രമിച്ചതായും ചരിത്രകാരന്മാർ പറയുന്നു. എന്നാൽ ഇവയൊന്നും പൂർണ്ണമായും നടപ്പാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നതും വാസ്തവമാണ്.

അന്ത്യോഖ്യൻ ബന്ധത്തിന്റെ ആരംഭം

മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെ ആഗമനത്തോടെ മലങ്കരയിൽ സംഭവിച്ച ഒരു സുപ്രധാന സംഗതിയാണ് അന്ത്യോഖ്യൻ ബന്ധത്തിന്റെ ആരംഭം. മലങ്കരസഭ ഉദയംപേരൂരിനു മുമ്പ് വേദതലവനായി കരുതി വരുന്ന പൗരസ്ത്യ കാതോലിക്കായെ, തുടർന്ന് വേദതലവനായി കരുതുക അസാദ്ധ്യമായിരുന്നു. കാരണം, 16–ാം നൂറ്റാണ്ടിൽ ഒരു റോമൻ കത്തോലിക്കാ കൽദായ റീത്തും അതിനൊരു കാതോലിക്കായും നിലവിൽ വന്ന വിവരം നസ്രാണികൾക്ക് അറിയാമായിരുന്നു. പൗരസ്ത്യ കാതോലിക്കായെ തുടർന്നും വേദതലവനായി അംഗീകരിക്കുന്നപക്ഷം ആ കാതോലിക്കാ റോമാ പോപ്പിന്റെ കീഴിലാണെന്നും, അതിനാൽ മലങ്കര നസ്രാണികൾ റോമൻ കത്തോലിക്കരാണെന്നും വാദിക്കാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. അതോടൊപ്പം തന്നെ തുടർന്നു വരുന്ന കൽദായ മെത്രാന്മാർ റോമൻ കത്തോലിക്കരോ, കക്ഷിമാറി റോമൻ കത്തോലിക്കരാവുകയോ ചെയ്താൽ വീണ്ടും മലങ്കരസഭ റോമാ നുകത്തിന്റെ കീഴിലെത്തിചേരുകയാകും ഫലം.

ഇതു മനസിലാക്കിയ മലങ്കര നസ്രാണികൾ, മറ്റൊരു പുരാതന പൗരസ്ത്യ സിംഹാസനത്തെ വേദതലവനായി അംഗീകരിക്കാൻ കാത്തിരുന്ന സമയത്താണ് മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ് കേരളത്തിലെത്തിയത്. അതിനാൽ അന്ത്യോഖ്യൻ സഭയുമായി ബന്ധപ്പെടുവാനും കലർപ്പില്ലാത്ത അലക്സാന്ത്രിയൻ വേദശാസ്ത്രം പിന്തുടരാനും പിന്നീട് അവസരം കിട്ടി. ആ ബന്ധത്തിന്റെ പിൽക്കാല തിക്തഫലങ്ങൾ റോമാ നുകത്തിന്റെ കീഴിൽ

പോകുന്നതുമായി താരതമ്യം ചെയ്താൽ ലഘുവാണെന്നു റോമാനുകത്തിൻ കീഴിൽ കൂനൻകുരിശിനു ശേഷം തിരിച്ചുപോയ ഇന്നത്തെ സീറോ മലബാർ സഭയുടെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും.

മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെ സംഭാവനകളുടെ ആകത്തുകയെ താഴെ പറയുംവിധം സംഗ്രഹിക്കാം:

1. കൂനൻകുരിശിനു ശേഷമുള്ള നിർണായക കാലഘട്ടത്തിൽ മലങ്കര സഭയ്ക്ക് ക്രമാനുസൃതമുള്ള മേല്പട്ടം പ്രദാനം ചെയ്ത് സഭയുടെ നിലനിൽപ്പ് ഉറപ്പാക്കി.

2. റോമൻ കത്തോലിക്കർ ഭേദപ്പെടുത്തിയ സുറിയാനി പാരമ്പര്യം പുനഃസ്ഥാപിക്കുന്ന പ്രക്രിയയ്ക്ക് ആരംഭമിട്ടു.

3. പില്ക്കാല അന്ത്യോഖ്യൻ ബന്ധവും അതുവഴി സ്തുതി ചൊവ്വാക്കപ്പെട്ട ഓർത്തഡോക്സ് വിശ്വാസവും അലക്സാണ്ട്രിയൻ വേദശാസ്ത്രവും മലങ്കര സഭയ്ക്കു ലഭിക്കുവാനുള്ള അവസരമുണ്ടായി.

4. റോമൻ കത്തോലിക്കർക്ക് മലങ്കരയെ വീണ്ടും കീഴ്പ്പെടുത്താനുള്ള അവസരം ഇല്ലാതായി.

പരിശുദ്ധൻ

വടക്കൻപറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ് ബാവായെ ഇതുവരെ മലങ്കരസഭ ഒരു പരിശുദ്ധനായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ അനേകായിരങ്ങൾ അദ്ദേഹത്തെ പരിശുദ്ധനും അദ്ഭുത പ്രവർത്തകനുമായാണ് കണക്കാക്കുന്നത്.

ലോകത്ത് ഇന്നു മൂന്നു സഭകൾക്ക് മാത്രമാണ് പരിശുദ്ധന്മാരെ പ്രഖ്യാപിക്കാൻ പ്രത്യേക മാനദണ്ഡങ്ങളുള്ളത്. അവ മലങ്കരസഭ, റഷ്യൻ ഓർത്തഡോക്സ് സഭ, റോമൻ കത്തോലിക്കാ സഭ എന്നിവയാണ്. മലങ്കരസഭയ്ക്ക് പരിശുദ്ധ പ്രഖ്യാപനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസിനെ നിയോഗിച്ചു. പ. സുന്നഹദോസ് അംഗീകരിച്ച അദ്ദേഹത്തിന്റെ റിപ്പോർട്ടിൻപ്രകാരം അദ്ഭുത പ്രവൃത്തികൾ പോലെ തന്നെ സഭയ്ക്കുവേണ്ടി ഒരു പിതാവ് നൽകിയ സംഭാവനകളും പരിശുദ്ധനായി കണക്കാക്കുന്നതിനുള്ള മാനദണ്ഡമായി പുരാതന സഭകൾ കരുതിയിരുന്നതായി ചൂണ്ടിക്കാട്ടുന്നു. അഞ്ചാം തുബ്ദേനിൽ പേരു പറയുന്ന എല്ലാ പരിശുദ്ധന്മാരും അദ്ഭുത പ്രവർത്തകരല്ല. വിവിധ തരത്തിൽ സഭയ്ക്ക് വിലതീരാത്ത സംഭാവനകൾ നൽകിയവരും അക്കൂട്ടത്തിലുണ്ട്.

ഈ മാനദണ്ഡപ്രകാരം, ഒരു സന്നിഗ്ദ ഘട്ടത്തിൽ മലങ്കരസഭയുടെ നിലനിൽപ്പിനുതന്നെ കാരണഭൂതനായ യെറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ് പരിശുദ്ധ പദവിക്ക് തികച്ചും അർഹനാണ്. ❑

പ്രശസ്തരായ സഭാംഗങ്ങൾ

ചില ദീപങ്ങൾ അണയാറില്ല...

ആധുനിക വൈദ്യശാസ്ത്ര രംഗത്ത് കേരളം ഇന്ന് തലയുയർത്തി നിൽക്കുമ്പോൾ ആ രംഗത്തെ തുടക്കക്കാരിയും ഏറ്റവും പ്രശസ്ത സേവനം നൽകിയ വ്യക്തിയുമായ മേരി പുന്നൻ ലൂക്കോസ് എന്ന മഹതിയെക്കുറിച്ച്

ഡോക്ടർ മേരി പുന്നൻ ലൂക്കോസ്: ചരിത്രത്തിന്റെ താളുകളിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തിയ വ്യക്തിത്വം. അവരുടെ ജീവിതം, ജീവിതവിജയം തേടുന്നവർക്ക് ഒരു പ്രചോദനമാണ്. സ്ത്രീ വിവേചനം കൊടികുത്തി നിന്ന ആ നാളുകളിൽ അതിനെതിരെ ഒറ്റക്ക് പടപൊരുതി ചരിത്രത്തിലേക്ക് തന്റെ പാത വെട്ടിത്തുറക്കുകയാണ് അവർ ചെയ്തത്. ആധുനിക ചികിത്സക്ക് കേരളത്തിൽ അടിത്തറ പാകിയ മഹതിയാണവർ. കേരള ചരിത്രത്തിലെ ഒരു ഇതിഹാസമെന്ന് നമുക്കവരെ വിശേഷിപ്പിക്കാം.

1886, ഓഗസ്റ്റ് 2-ന് കോട്ടയത്തെ അയ്മനത്താണ് ജനനം. തിരുവതാംകൂർ രാജാവിന്റെ കൊട്ടാരം ഡോക്ടർ ആയിരുന്നു പിതാവായ റ്റി. ഇ. പുന്നൻ. കേരളത്തിൽ നിന്നുള്ള ആദ്യത്തെ മെഡിക്കൽ ബിരുദധാരി എന്ന വിശേഷണവും അദ്ദേഹത്തിനുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മകളായ മേരി പഠനത്തിൽ മിടുമിടുക്കിയായിരുന്നു. ഒരു ഡോക്ടർ ആകണമെന്ന അഭിനിവേശം ചെറുപ്പത്തിൽ തന്നെ അവളിൽ ആളിക്കത്തിയിരുന്നു.

തിരുവനന്തപുരത്തെ ഹോളി ഏഞ്ചൽ സ്കൂളിൽ നിന്ന് സ്വർണ്ണ മെഡലോടെ മെട്രിക്കുലേഷൻ പാസ്സായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സയൻസിൽ ബിരുദപഠനത്തിന് അപേക്ഷിച്ചുവെങ്കിലും ഒരു സ്ത്രീയാണെന്ന കാരണത്താൽ പ്രവേശനം നിഷേധിക്കപ്പെട്ടു. എന്നാൽ ചരിത്ര പഠനത്തിന് പ്രവേശനം ലഭിച്ചതിനാൽ അത് പഠിച്ച് ബിരുദമെടുത്തു.

മെഡിസിനിലും അന്ന് സ്ത്രീകൾ വിവേചനം നേരിട്ടിരുന്നു. ഇന്ത്യയിൽ സ്ത്രീകൾക്ക് മെഡിസിൻ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല. അതിനാൽ ഡോക്ടറായ തന്റെ പിതാവിന്റെ പാത പിന്തുടർന്ന് ഇംഗ്ലണ്ടിലാണ് മെഡിസിന് പഠിച്ചത്. ഇംഗ്ലണ്ടിൽ നിന്ന് ആദ്യം മെഡിസിനിൽ ബിരുദമെടുത്ത വനിത എന്ന വിശേഷണം അവിടെ ലഭിക്കുകയായിരുന്നു.

ട്രെയ്ൽബ്ലേസർ എന്ന തന്റെ ആത്മകഥയിൽ ലണ്ടൻ യൂണിവേഴ്സിറ്റിയിലെ ആദ്യവർഷാവസാന പരീക്ഷയുടെ വ്യാകുലതകളെപ്പറ്റി അവർ പറയുന്നുണ്ട്. സയൻസ് വിഷയങ്ങൾ ഡിഗ്രിക്ക് പഠിക്കാതെ മെഡിസിൻ പഠിച്ചിരുന്ന നാലു വിദ്യാർത്ഥികളിൽ ഒരുവളായിരുന്നു മേരി. പരീക്ഷ കഴിഞ്ഞു റിസൾട്ട് നോക്കിയ മേരി പരിഭ്രമവും പേടിയും മൂലം ലിസ്റ്റലെ തെറ്റായ പേജ് ആണ് നോക്കിയത്. ഇത് മനസ്സിലാക്കാതെ തന്റെ പേര് ലിസ്റ്റിൽ ഒരു സ്ഥലത്തും കാണാതെ ബോധം മറയുന്ന അവസരത്തിൽ ഒരു കൂട്ടുകാരി

അഭിനന്ദിച്ചപ്പോഴാണ് ലിസ്റ്റിലെ തെറ്റായ ഭാഗമാണ് താൻ നോക്കിയതെന്ന് മനസ്സിലായത്. നിരാശ സന്തോഷത്തിന് വഴിമാറികൊടുത്തു. ഉടൻ വീട്ടിലേക്ക് കേബിൾ അടിച്ചു. വീട്ടിലെല്ലാവരും അതൊരാഘോഷമാക്കി മാറ്റി.

അവിടെ നിന്നുള്ള ബിരുദം കൊണ്ട് അവർ തൃപ്തിപ്പെട്ടില്ല. അയർലാൻഡിലെ ഡബ്ലിനിലുള്ള റോട്ടുണ്ട (Rotunda) ഹോസ്പിറ്റലിൽനിന്ന് പ്രസവ വിഷയത്തിലും സ്ത്രീരോഗ ചികിത്സയിലും (obstrectics and Gynecology) ബിരുദാനന്തര ബിരുദമെടുത്തശേഷം ശിശുരോഗ ചികിത്സയിൽ പരിശീലനവും നേടി.

ഇംഗ്ലണ്ടിൽ ഒരു ഡോക്ടർ ആയി സേവനം അനുഷ്ഠിക്കുമ്പോഴാണ് 1915–ൽ പിതാവ് മരിക്കുന്നത്. തന്റെ എക്കാലത്തെയും താങ്ങും തണലുമായിരുന്ന അദ്ദേഹത്തിന്റെ വേർപാട് അവർക്ക് താങ്ങാനായില്ല. കൂടാതെ കേരളത്തിലെ അപരിഷ്കൃതമായ ചികിത്സാ രംഗത്ത് തനിക്കെന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹവും ഉണ്ടായിരുന്നു. പലരും പിന്തിരിപ്പിച്ചെങ്കിലും അവരുടെ തീരുമാനം ഉറച്ചതായിരുന്നു. അടിയന്തിര ചികിൽസക്കുള്ള ഒരു കിറ്റുമായി അവർ യാത്ര തിരിച്ചു. ആ ഉപകരണങ്ങൾ അവർക്ക് തുടക്കത്തിൽ വളരെ സഹായകമായി.

ഇന്ത്യയിലേക്കുള്ള യാത്ര അത്ര എളുപ്പമായിരുന്നില്ല. ഒന്നാം ലോക മഹായുദ്ധത്തിന്റെ സമയം. ഒരുവിധത്തിൽ ഇന്ത്യയിലെത്തിയ അവർ തകർന്നു പോയി. 'ഒരു ചായ കുടിക്കാനുള്ള കപ്പുവരെ വീട്ടിൽ ഇല്ലായിരുന്നു. ഒരു രാജകുമാരിയായി ഇംഗ്ലണ്ടിലേക്ക് പോയ ഞാൻ തിരിച്ചെത്തിയപ്പോൾ ഒരു അനാഥനെപ്പോലെ ആയിപ്പോയിരുന്നു.' എല്ലാം കൊള്ളയടിക്കപ്പെട്ടിരുന്നു.

എല്ലാം തകർന്നപോലെയായ അവരെ തിരുവതാംകൂർ രാജാവായ ശ്രീമൂലം തിരുനാൾ രാമവർമ്മ സാന്ത്വനമേകി. സ്വന്തം പിതാവ് നഷ്ടപ്പെട്ടെങ്കിലും തന്നെ പിതാവിന്റെ സ്ഥാനത്ത് കാണണമെന്ന് അവരോട് ആവശ്യപ്പെട്ടു. സ്ത്രീകൾക്ക് അദ്ദേഹം പ്രതേക പരിഗണന നൽകിയിരുന്നു. 1916–ൽ അദ്ദേഹം അവർക്ക്

തൈക്കാട് വിമൻ ആൻഡ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ പ്രസവവിഭാഗത്തിന്റെ ചുമതല നൽകി. ക്രമേണ അവിടുത്തെ സൂപ്രണ്ടായി. അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകാരണങ്ങളുടേയും അപര്യാപ്തത മാത്രമല്ല സ്ത്രീകളെ ഡോക്ടർ ആയി അംഗീകരിക്കാത്ത ഒരു സമൂഹവും അവർക്ക് വെല്ലുവിളി ഉയർത്തി.

തന്റെ ആദ്യകാല മെഡിക്കൽ അനുഭവങ്ങളുടെ പൊള്ളുന്ന യാഥാർഥ്യങ്ങൾ അവരുടെ ട്രെയ്ൽബ്ലേസർ (trailblazer) എന്ന ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. പരമ്പരാഗത ചികിത്സാസമ്പ്രദായത്തിൽ വിശ്വസിച്ചിരുന്ന ജനങ്ങൾ ആശുപത്രികളെ സംശയദൃഷ്ടിയോടെയാണ് നോക്കിയിരുന്നത്. വീടുവീടാന്തരം കയറിയിറങ്ങി ഹൃദയത്തിന്റെ

ഭാഷയിൽ ജനങ്ങളോട് സംസാരിച്ചാണ് അവരുടെ വിശ്വാസം നേടിയത്. ആദ്യത്തെ കുഞ്ഞ് അമ്മയുടെ സ്വന്തം വീട്ടിലായിരിക്കണം പിറക്കേണ്ടത് എന്ന പരമ്പരാഗത വിശ്വാസം പലപ്പോഴും അമ്മയുടെയും കുഞ്ഞിൻെറയും ജീവൻ അപകടത്തിലാക്കി. ഒരു വൈദ്യുത വിളക്കുപോലും ലഭ്യമല്ലാതിരുന്ന ആശുപത്രിയിൽ ഹരിക്കയിൻ വിളക്കിന്റെ വെളിച്ചത്തിൽ നടത്തിയിരുന്ന സർജറിയെപ്പറ്റി അവർ എഴുതിയിട്ടുണ്ട്. പലപ്പോഴും വിളക്കുവെട്ടം സമ്മാനിച്ച സ്വന്തം നിഴലുകൾ ഈ സർജറിക്കിടയിൽ വഴിമുടക്കി പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ടായിരുന്നെന്ന് അവർ പറയുന്നു.

രണ്ടു വർഷത്തിനുശേഷം ഒരു വക്കീലായ കെ. കെ. ലൂക്കോസുമായുള്ള വിവാഹം നടന്നു. തന്നേക്കാൾ പ്രായം കുറഞ്ഞ ഒരാളെ വിവാഹം ചെയ്ത് സമൂഹത്തിലെ യാഥാസ്ഥിക കാഴ്ചപ്പാടുകൾക്കെതിരെ സ്വജീവിതത്തിലൂടെയും അവർ പ്രതികരിച്ചു.

പ്രസവ മരണങ്ങൾ ധാരാളമായി നടന്നിരുന്ന സമൂഹത്തിൽ അവർ മിഡ്വൈഫറി പരിശീലന ക്ലാസുകൾ ആരംഭിച്ചു. മൂന്ന് വർഷത്തിനകം കേരളത്തിലെ പ്രസവങ്ങളുടെ പത്തു ശതമാനം അപരിഷ്കൃതമായ ഗ്രാമീണ മേഖലയിൽപ്പോലും മതിയായ യോഗ്യതയുള്ള മിഡ് വൈഫുകൾ കൈകര്യം ചെയ്യാൻ ആരംഭിച്ചു.

1929–ഓടെ തിരുവതാംകൂറിലെ 50 ലക്ഷം ജനങ്ങളിൽ 16 ലക്ഷത്തിനും ആധുനിക മെഡിസിൻ കരഗതമായി. ആരോഗ്യരംഗത്ത് അവളുടെ നേതൃത്വത്തിൽ ഉണ്ടായ ഈ പുരോഗതി ഇന്ത്യയിലെങ്ങും മാതൃകയും പ്രചോദനവുമായി.

ശ്രീമൂലം തിരുന്നാൾ രാജാവിന്റെ മരണശേഷം സ്ഥാനാരോഹണം ചെയ്ത മഹാറാണി സേതു ലക്ഷ്മിഭായിയുടെ കാലത്താണ് അവർ ഉയർച്ചയുടെ പടവുകൾ താണ്ടിതുടങ്ങിയത്. രാജ്ഞി അവരെ മെഡിക്കൽ ഡിപ്പാർട്മെന്റിന്റെ മേധാവിയാക്കി.

സ്ത്രീകളുടെ ഉന്നമനത്തിന് രാജ്ഞിക്കുണ്ടായിരുന്ന പ്രതിബദ്ധതയും, ഡോ. മേരിയുടെ പ്രതിഭയും ഒന്നിച്ചപ്പോൾ കേരളത്തിൽ ആധുനിക ചികിത്സയുടെ നവ വസന്തം പിറന്നു. 1976–ൽ 90–ാം വയസ്സിൽ സംഭവബഹുലമായ ആ ജീവിതത്തിന് തിരശ്ശീല വീണു.

ഡോക്ടർ മേരി പുന്നൻ ലൂക്കോസിന്റെ ചില നേട്ടങ്ങൾ

- നാഗർകോവിലിലെ ക്ഷയരോഗ ആശുപത്രി ഡോക്ടർ മേരിയാണ് സ്ഥാപിച്ചത്. ഇത് പിന്നീട് കന്യാകുമാരി മെഡിക്കൽ കോളേജ് ആയി.
- തിരുവനന്തപുരത്ത് എക്സ്റേ ആൻഡ് റേഡിയം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു
- ആരോഗ്യരംഗത്തു മാത്രമല്ല പൊതുരംഗത്തും അവർ വ്യക്തിമുദ്ര പതിച്ചിട്ടുണ്ട്. YWCA യുടെ തിരുവനന്തപുരം ചാപ്റ്ററിന്റെ സ്ഥാപക പ്രസിഡന്റ് അവരായിരുന്നു.
- ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളാണ്.
- 1920–ൽ കേരളത്തിലെ ആദത്തെ സിസേറിയൻ സർജറി ചെയ്ത് അവർ ചരിത്രം സൃഷ്ടിച്ചു.
- 1922–ൽ അവരെ തിരുവതാംകൂർ നിയമസഭയിലേക്ക് (ശ്രീമൂലം പ്രജാസഭ) നാമനിർദ്ദേശം ചെയ്യപ്പെട്ടു. നിയമസഭയിൽ എത്തിയ ആദ്യത്തെ വനിത സാമാജികയാണവർ.

❑ 1924-ൽ തിരുവിതാംകൂറിന്റെ സർജൻ ജനറൽ ആയി അവർ നിയമിക്കപ്പെട്ടു. ഇന്നത്തെ ആരോഗ്യമന്ത്രിയുടെ സ്ഥാനം.

❑ 1938-ൽ ഇന്ത്യയുടെ സർജൻ ജനറൽ ആയി നിയമിക്കപ്പെട്ടപ്പോൾ ഇന്ത്യയിലെ മാത്രമല്ല ലോകത്തിലെ തന്നെ ആദ്യത്തെ വനിതാ സർജൻ ജനറൽ ആയി അവർ.

❑ ഡോക്ടർ മേരിയാണ് കേരളത്തിലെ ആദ്യത്തെ വനിതാ സർജൻ.

❑ യൂണിവേഴ്സിറ്റി കോളേജിലെ ആദ്യത്തെ വനിതാ വിദ്യാർഥി.

❑ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദമെടുത്ത ആദ്യത്തെ വനിത.

❑ തിരുവതാംകൂർ നിയമസഭയിലേക്ക് 1922 ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട് നിയമസഭയിൽ എത്തിയ ആദ്യത്തെ വനിത സാമാജിക.

❑ ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ആദ്യമായി മെഡിക്കൽ ബിരുദം എടുത്ത വനിത.

❑ ഇന്ത്യയിലെ ആദ്യത്തെ സർജൻ ജനറൽ.

❑ ലോകത്തിലെ ആദ്യത്തെ വനിത സർജൻ ജനറൽ.

❑ അവസാനത്തെ തിരുവിതാംകൂർ രാജാവ് ചിത്തിര തിരുനാൾ ബാലരാമവർമ്മ അവർക്ക് 'വൈദ്യശാസ്ത്ര കുശല' അവാർഡ് സമ്മാനിച്ചു.

❑ 1975-ൽ വൈദ്യശാസ്ത്ര മേഖലക്ക് നൽകിയ സേവനങ്ങളെ പുരസ്ക്കരിച്ച് ഡോ. മേരിക്ക് പദ്മശ്രീ അവാർഡ് സമ്മാനിക്കപ്പെട്ടു.

കേരളത്തിന്റെ ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് ഡോക്ടർ മേരി കേരളത്തിലെ ആരോഗ്യ മേഖലയുടെ വളർച്ചയ്ക്കു നൽകിയ സംഭവനയേപ്പറ്റി തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിക്കയുണ്ടായി.

സൗജന്യ ജീവിത ശൈലി രോഗ നിരണയവും മാസ്ക് വിതരണവും

കുന്നംകുളം: അടുപ്പുട്ടി സെന്റ് ജോർജ്ജ് പള്ളിയിൽ സൗജന്യ രോഗ നിർണ്ണയത്തിന്റെയും മാസ്ക് വിതരണത്തിന്റെയും ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് പള്ളിയിൽ വെച്ച് ബഹു.കുന്നംകുളം നഗരസഭ ചെയർപേഴ്സൻ ശ്രീമതി സീത രവീന്ദ്രൻ നിർവഹിച്ചു. വികാരി ഫാ. ഗീവർഗ്ഗീസ് തോലത്ത്, കൈസ്ഥാനി പി. ജി. ബിജു, മലങ്കര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ സെക്രട്ടറി ജിന്നി കുരുവിള തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ 10-ാം മെത്രാനാഭിഷേകാ ഘോഷത്തിന്റെ ഭാഗമായി ലണ്ടൻ ഹെമേൽ ഹെംസ്റ്റഡ് സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ സാമ്പത്തിക സഹായത്തിൽ പണി പൂർത്തിയാക്കിയ ഭവനം മാർ തിമോത്തിയോസ് കൂദാശ ചെയ്തു താക്കോൽദാനം നിർവഹിച്ചു.

പ്രാർത്ഥന

മനുഷ്യരുടെ ജീവിതത്തിന് ആവശ്യമായതെല്ലാം സൃഷ്ടിച്ചവനും സകലവും പരിപാലിക്കുന്നവനുമായ കർത്താവേ, നിന്നിൽ തന്നെ ഞങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. കൊടുങ്കാറ്റിനെ ശാസിച്ചു ശിഷ്യന്മാർ കയറിയിരുന്ന വഞ്ചി ഗലീല കടലിൽ മുങ്ങിപ്പോകാതെ അവരെ രക്ഷിച്ച നാഥാ നിന്റെ ആംഗ്യത്തിൽ സകല പ്രകൃതിയും കീഴടങ്ങുന്നു. പകർച്ച വ്യാധികൾ നിമിത്തം നശിക്കുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ മനസലിയണമേ.

ഞായറാഴ്ച വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തതിൽ ഏറെ പേർക്ക് വിഷമം ഉണ്ട്. പക്ഷേ Covid രോഗബാധ നിയന്ത്രിക്കാൻ ആൾക്കൂട്ടങ്ങളും പരസ്പര സാമീപ്യങ്ങളും ഒഴിവാക്കിയേ തീരൂ. ഈ സാഹചര്യത്തിൽ Virtual Qurbana യിൽ പങ്കെടുക്കാൻ താഴെ കൊടുക്കുന്ന link ഉപയോഗിക്കുക.

http://live.gregoriantv.com/

ലേഖനം

പരിശുദ്ധ റൂഹായും ലോകത്തിന്റെ രക്ഷയും

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

വി. റൂഹാ ദൈവം തന്നെ. താൻ ചെയ്യുന്നതെല്ലാം ത്രിത്വത്തിലെ മറ്റ് രണ്ട് ആളത്വങ്ങളോടും ഒരുമിച്ചല്ലാതെ ചെയ്യുന്നില്ല. എന്നാൽ പിതാവോ പുത്രനോ പരിശുദ്ധറൂഹായോ മുൻകൈ എടുക്കുന്ന ചില പ്രവർത്തനങ്ങളുണ്ട്. ഉദാഹരണം: മനുഷ്യാവതാരത്തിൽ പുത്രൻ മുൻകൈ എടുത്തു. എന്നാൽ താൻ സ്വർഗ്ഗം ചായിച്ച് ഭൂമിയിലേയ്ക്കിറങ്ങി മനുഷ്യനായിത്തീർന്നത് പിതാവിന്റേയും പരിശുദ്ധറൂഹായുടെയും പൂർണ്ണ സഹകരണത്തോടും തിരുവിഷ്ടത്തോടും കൂടെയായിരുന്നു എന്നുള്ളത് നാം മറക്കരുത്.

പരിശുദ്ധ റൂഹാ സൃഷ്ടിയിൽ പ്രവർത്തിക്കുവാൻ ആരംഭിച്ചത് പെന്തിക്കോസ്തി പെരുന്നാളോട് കൂടെയായിരുന്നു എന്ന് ചിലർ തെറ്റിദ്ധരിക്കുന്നു.

നമ്മുടെ കർത്താവായ യേശുമശിഹായുടെ മനുഷ്യാവതാരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എത്രമാത്രമുണ്ടായിരുന്നു എന്ന് കൂടുതൽ വർണ്ണിക്കുന്നത് വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിലാണ്. യോഹന്നാൻ മാംദോനോയുടെ മാതൃഗർഭത്തിൽ വെച്ചു തന്നെ അവൻ പരിശുദ്ധാത്മാവ് നിറഞ്ഞവനാകുമെന്ന് മാലാഖാ സഖറിയാ പുരോഹിതനോട് പറഞ്ഞു (വി. ലൂക്കോസ് 1:15). പരിശുദ്ധ കന്യകമറിയം ഗർഭം ധരിക്കുന്നത് തന്നെ പരിശുദ്ധാത്മാവ് മൂലമായിരിക്കുമെന്ന് ഗബ്രിയേൽ മാലാഖ കന്യകയോടു പറഞ്ഞു (വി. ലൂക്കോ 1:35). മറിയാമിനെ കണ്ടപ്പോഴേ ഏലിശ്ബാ പരിശുദ്ധാത്മാവ് നിറഞ്ഞ് പ്രവചിച്ചു (1:41). കർത്താവിന്റെ മായൽത്താ സമയത്ത് സഖറിയാ പരിശുദ്ധാത്മാവ് നിറഞ്ഞ് കർത്താവിനെക്കുറിച്ച് പ്രവചിക്കുന്നതായി നാം കാണുന്നു (1:67). വൃദ്ധനായ ശെമവൂനിലും പരിശുദ്ധാത്മാവ് വസിക്കുന്നതായി നാം കാണുന്നു (2:25, 26, 27). പെന്തിക്കോസ്തിപ്പെരുന്നാളിന് വളരെ മുമ്പാണല്ലോ യോർദ്ദാൻ നദിയിൽ കർത്താവ് സ്നാനമേറ്റത് (3:22). ആ സമയത്ത് പ്രാവുരൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി കർത്താവിന്റെ മേൽ വസിക്കുന്നതായി നാം കാണുന്നു. കർത്താവിനെ പരീക്ഷിക്കുവാൻ വിജനപ്രദേശത്തേയ്ക്ക് കൊണ്ടുപോയതും പരിശുദ്ധാത്മാവു തന്നെ (4:1).

എന്നാൽ കർത്താവിന്റെ മനുഷ്യാവതാരത്തിന് വളരെ മുൻപു തന്നെ പരിശുദ്ധാത്മ പ്രവർത്തനം ആരംഭിച്ചിരുന്നു.

പഴയനിയമവും, പുതിയനിയമവും ഒരുമിച്ചെടുത്ത് പരിശോധിക്കുമ്പോൾ, പരിശുദ്ധാത്മ പ്രവർത്തനങ്ങളെ മൂന്ന് മണ്ഡലങ്ങളായി തരം തിരിക്കുവാൻ നമുക്ക് സാധിക്കും.

1. സൃഷ്ടിയിൽ പരിശുദ്ധാത്മ പ്രർത്തനം.
2. ഇസ്രയേലിൽ പരിശുദ്ധാത്മ പ്രവർത്തനം.
3. ക്രൈസ്തവസഭയിൽ പരിശുദ്ധാത്മ പ്രവർത്തനം.

ഈ മൂന്നു പ്രവർത്തനങ്ങളും ഒരേ ആത്മാവിന്റെ വിവിധ വ്യാപാരങ്ങളാണെങ്കിലും അവ പരസ്പരം ഉറ്റ ബന്ധമുള്ളവയാണ്. ഉല്പത്തി പുസ്തകത്തിന്റെ ആദ്യ വാചകങ്ങളിൽ വെള്ളത്തിന് മേൽ പൊരുന്നി ആവസിച്ച് സൃഷ്ടിക്ക് രൂപംകൊടുക്കുന്ന അതേ ആത്മാവ് തന്നെയാണ് നിബിയന്മാരിൽ കൂടെ വരുവാനിരിക്കുന്ന ക്രിസ്തുവിനേക്കുറിച്ച് സംസാരിച്ചതും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ ഉള്ള പരിശുദ്ധാത്മ പ്രവർത്തനവും ആദിയിൽ പരിശുദ്ധാത്മാവിന്റേയും പുത്രന്റെയും സഹകരണത്തോടെ പിതാവാം ദൈവം സൃഷ്ടിച്ച ആ ലോകത്തിന്റെ തന്നെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായിരുന്നു.

നാം പരിശുദ്ധ കുർബ്ബാനയിൽ പറയുന്നത് "തന്റെ തിരുമേനിയുടെ വിലയേറിയ കഷ്ടാനുഭവത്താൽ അതിനെ (അതായത് ലോകത്തെ അല്ലെങ്കിൽ പിതാവിന്റെ സൃഷ്ടിയെ) വീണ്ടെടുത്ത് രക്ഷിച്ച ഏകപുത്രൻ നമ്മോട് കൂടെ" എന്നാണല്ലോ. അതിന് മുമ്പത്തെ വാചകത്തിൽ പറയുന്നു. "തന്റെ കൃപയാൽ ലോകത്തെ (ഒൽമോ) സൃഷ്ടിച്ചുണ്ടാക്കിയ പരിശുദ്ധനായ ഏക പിതാവ് നമ്മോടുകൂടെ" എന്നാണല്ലോ. ആ ലോകത്തെത്തന്നെയാണ് പുത്രൻ വീണ്ടെടുത്ത് രക്ഷിക്കുന്നത്. പക്ഷേ, ആദിമുതൽ സൃഷ്ടിയുടെ എല്ലാക്കാര്യങ്ങളിലും സർഗ്ഗാത്മകമായി പ്രവർത്തിക്കുന്നത് പരിശുദ്ധ റൂഹായാണ്. "ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തേയും പൂർണ്ണമാക്കുന്നവനും (ഗോമൂറോ) നിറയ്ക്കുന്നവനും (മ്ഷമലിയോനോ) ആയ ഏക പരിശുദ്ധ റൂഹാ നമ്മോട് കൂടെ."

പരിശുദ്ധ റൂഹായുടെ സൃഷ്ടി മുഴുവനിലുമുള്ള ഈ പ്രവർത്തനത്തെ മനസ്സിലാക്കുന്നതിൽ ക്രിസ്ത്യാനികൾ പൊതുവെ ഉദാസീനരാണ്. ഇസ്രായേലിനെ ഈജിപ്തിൽ നിന്ന് വിളിയ്ക്കുന്നതിന് അനേക സഹസ്രാബ്ദങ്ങൾ മുമ്പു തന്നെ സൃഷ്ടിയിലുള്ള പരിശുദ്ധാത്മ പ്രവർത്തനം ഉണ്ട്. അത് സൃഷ്ടിയുടെ ആരംഭത്തിലേ ആരംഭിച്ചു. സൃഷ്ടി മുഴുവൻ പൂർണ്ണമാക്കിത്തികയ്ക്കുന്നതു വരെ ആ പ്രവർത്തനം ഉണ്ടായിരിക്കും.

അതേക്കുറിച്ച് കൂടുതൽ പഠിക്കാനാഗ്രഹിക്കുന്നവർ താഴെ പറയുന്ന ഭാഗങ്ങൾ പ്രത്യേകം പഠിക്കുന്നത് നല്ലതാണ്.

(1) ഫറവോ യൗസേഫിൽ കാണുന്ന **അറിവും പ്രാപ്തിയും** ദൈവത്തിന്റെ ആത്മാവിൽ നിന്നാണെന്ന് ഫറവോ തന്നെ പറയുന്നു (ഉല്പ. 41:37–39). ലോകത്തിലേക്ക് വരുന്ന സകല മനുഷ്യരേയും പ്രകാശിപ്പിക്കുന്ന പ്രകാശം വചനം തന്നെ (യോഹ 1:9). അത് സകല മനുഷ്യരേയുമാണ് പ്രകാശിപ്പിക്കുന്നത്. അല്ലാതെ ക്രിസ്ത്യാനികളെ മാത്രമല്ല. ആ പ്രകാശം വിജ്ഞാനമാണ്. ദൈവത്തേയും ദൈവഹിതത്തേയും അറിയുവാനുള്ള കഴിവ്. അത് ക്രിസ്തുവിന്റെ സൃഷ്ടിയിലുള്ള പ്രവർത്തനവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും കൊണ്ടാണുണ്ടാകുന്നത് (ദാനിയേൽ 5: 14; സദൃശ്യവാക്യങ്ങൾ 1:23).

(2) പ്രവചനശക്തി: ഹോശയ 9:7, മീഖാ 3:8, യോഏൽ 2:28–32.

(3) ഭരണശക്തി അന്യസംരക്ഷണ ശക്തി: ന്യായാധിപതിമാർ 3:10, 6:34, 11:29, 13:25, ആവർത്തനപുസ്തകം 34:9, 1 ശമുവേൽ 10:6, ഏശായ 42:1, 61:1; 63:10–12.

(4) കലാസർഗ്ഗ ശക്തി: പുറപ്പാട് 31:3, 35:31.

പെന്തിക്കോസ്തി പെരുന്നാളിന്റെ പ്രുമിയോനിൽ പറയുന്ന പരിശുദ്ധാത്മ സ്വഭാവം നാം പ്രത്യേകം പഠിക്കണം. കാറ്റായും തീയായും (അ: പ്ര: 2:1–4) പ്രാവായും കാണപ്പെട്ടിട്ടുള്ള പരിശുദ്ധാത്മാവിന് സ്വഭാവേന രൂപമില്ല. പല രൂപങ്ങളിൽ അത് നമുക്ക് കാണപ്പെടുന്നു എന്ന് മാത്രമല്ല ഉണ്ടായതും ഉള്ളതും ഉണ്ടാകുവാനിരിക്കുന്നതുമായ സർവ്വത്തിനും രൂപം കൊടുക്കുന്നതും പരിശുദ്ധാത്മാവ് തന്നെ.

സഭയുടെ ദൗത്യനിർവ്വഹണത്തിന്റെ ചുക്കാൻ പിടിക്കുന്നതും പരിശുദ്ധാത്മാവ് തന്നെ (അ: പ്ര: 8:29; 10:19; 11:12; 16:7). സഭയിൽ സഭയുടെ വളർച്ചയ്ക്കാവശ്യമായ സർവ്വദാനങ്ങളു (ഷൂക്കോനേ ദാലോഹോ) നല്കി അതിനെ വളർത്തുന്നതും (1 കോരി. 12) പാമരനെ പണ്ഡിതനാക്കുന്നതും, വരുവാനുള്ള മഹത്വത്തിന്റെ അച്ചാരവും ജീവൻ നല്കുന്നവനും അതേ ആത്മാവാണ്. സഭയിലെ പരിശുദ്ധാത്മ പ്രവർത്തനങ്ങളെ മ്കദ്ശോനോ ദ്ഈദ്തോ (സഭയെ ശുദ്ധീകരിക്കുന്നവൻ) ഗോമൂറോ ദ്കുൽഹെയ്ൻ തെഷ്മെഷോതോ ആലോഹൊയോതോ (സകല ദൈവീക ശുശ്രൂഷകളെയും പൂർത്തിയാക്കുന്നവൻ) യോഹൂബോദ് കൊഹനൂതോ (പൗരോഹിത്യ ദാതാവ്) മ്ഷമ്ലിയോനോ ദ്മാമോദീതോ (മാമ്മോദീസായെ തികക്കുന്നവൻ) മ്കദ്ശോനോ ദ്റോസേ (രഹസ്യങ്ങളെ, അതായത് കൂദാശകൾ എന്ന് നാം തെറ്റായി പറഞ്ഞു വരുന്നവയെ ശുദ്ധീകരിയ്ക്കുന്നവൻ, മ്ഹസ്യോനേ ദാഹതോഹേ (പാപപരിഹാരകൻ) എന്നിങ്ങനെ പല വിധത്തിൽ വിശേഷിപ്പിക്കുന്നുണ്ട്. ഈ പ്രുമിയോൻ പരിശുദ്ധ മാർ ബാസേലിയോസ് (4-ാം ശതാബ്ദം) എഴുതിയതാണെന്ന് പറയുന്നു. ഇത് നാം കൂടുതൽ പഠിക്കണം.

എന്നാൽ അതോടൊപ്പം തന്നെ, സമൂഹത്തിലും സൃഷ്ടി മുഴുവനിലുമുള്ള പരിശുദ്ധാത്മ പ്രവർത്തനം കൂടെ നാം മനസ്സിലാക്കിയെങ്കിലേ നമ്മുടെ ഇടുങ്ങിയ മനസ്ഥിതി മാറുകയുള്ളൂ. പെന്തിക്കോസ്തി പെരുന്നാൾ കഴിഞ്ഞുള്ള ഈ ദിവസങ്ങളിൽ ദൈവം നമുക്കതിന് ശക്തി നൽകട്ടെ.

❑

ലേഖനം

പരിശുദ്ധാത്മാഭിഷേകത്തിന്റെ വെളിച്ചം

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

പട്ടംകൊട ശുശ്രൂഷയ്ക്കു ശേഷം പ്രധാന പുരോഹിതൻ നവാഭിഷിക്തനായ യൗവ്പദ്യകിനോയുടെ കൈയിൽ കത്തിച്ച മെഴുകുതിരി നല്കുന്നു. മെഴുകുതിരി പിടിച്ചുകൊണ്ട് യൗവ്പദ്യകിനോ ഒരു പ്രതിജ്ഞ ഏറ്റുചൊല്ലുന്നു. അത് ഇപ്രകാരമാണ്: "ദൈവത്തിന്റെ പരിശുദ്ധ സഭയുടെ നിരപ്പിനും കെട്ടുപണിക്കുമായി ദൈവത്തിന്റെ ഭവനത്തിൽ ഞാൻ മഹത്വമുള്ള സൈത്താകുന്നു (സൈത്ത് വൃക്ഷമാകുന്നു)." ഇതേ സംബന്ധിച്ച ഒരു പഠനമാണ് ഈ ലേഖനത്തിലെ പ്രമേയം.

മുൻ ഉദ്ധരിച്ച പ്രതിജ്ഞ സങ്കീർത്തനം 52:8 സന്ദർഭോചിതമായി വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്. സങ്കീ. 52:8 ആദ്യഭാഗത്ത് ഇങ്ങനെ പറയുന്നു: "ഞാനോ ദൈവത്തിന്റെ ആലയത്തിങ്കൽ തഴച്ചിരിക്കുന്ന ഒലിവു വൃക്ഷം പോലെയാകുന്നു." ഒലിവ് മരം (സൈത്ത് മരം) പലസ്തീനിൽ ദൈവാനുഗ്രഹത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതീകമാണ്. സമൃദ്ധമായി ഫലം കായിക്കുന്ന ഒലിവ് മരം വീടിനും നാടിനും ദൈവം നൽകുന്ന വലിയ അനുഗ്രഹമാകുന്നു. സങ്കീ. 128:3-ൽ ഇതിന് നല്ലൊരു ഉദാഹരണം കാണാൻ കഴിയും. "നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവ് തൈകൾ പോലെയുമിരിക്കും." സഭാശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന അഭിഷിക്തൻ സഭയ്ക്ക് നല്ല ഫലം കായിക്കുന്ന ഒലിവ് മരം പോലെയായിരിക്കും എന്ന് ഈ പ്രതിജ്ഞയിലൂടെ നമുക്ക് മനസ്സിലാക്കാം. എന്നാൽ ഈ പ്രഖ്യാപനത്തിന്റെ അർത്ഥവ്യാപ്തി മുൻപറഞ്ഞ വിശദീകരണത്തിൽ ഒതുങ്ങുന്നില്ല. യൗവ്പദ്യകിനോയുടെ (ഉപശെമ്മാശന്റെ) കൈയിൽ പിടിച്ചിരിക്കുന്ന കത്തുന്ന മെഴുകുതിരിയും സൈത്തുമരവും തമ്മിലുള്ള ബന്ധമെന്താണ്?

ഒലിവ് മരത്തിൽനിന്ന് ഒലിവ് കായ്കൾ ലഭിക്കുന്നു. ഒലിവ് കായ്കളിൽനിന്ന് ആട്ടിയെടുക്കുന്ന എണ്ണയാണ് വെളിച്ചത്തിന് അടിസ്ഥാനമായ ഊർജ്ജത്തിന്റെ ഉറവിടം. ഒലിവെണ്ണ അഭിഷേകതൈലമാണ്. പരിശുദ്ധാത്മാഭിഷേകത്തിന്റെ തൈലമാണ്. പരിശുദ്ധാത്മാഭിഷേകമാണ് സഭാ ശുശ്രൂഷയുടെ വെളിച്ചത്തിന് ആധാരമായ ആദ്ധ്യാത്മിക ഊർജ്ജത്തിന്റെ ഉറവിടം. കർത്താവ് പറഞ്ഞു: "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു." യേശുക്രിസ്തുവാകുന്ന വെളിച്ചത്തെ ലോകത്തിന് വെളിച്ചമാക്കിത്തീർക്കുന്ന ശുശ്രൂഷ കർത്താവ് സഭയ്ക്ക് നൽകിയിരിക്കുന്നു. അതുകൊണ്ടാണ് ശിഷ്യന്മാരോട് "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന് കർത്താവ് അരുളിച്ചെയ്തത്. ഈ മഹത്തായ ശുശ്രൂഷ നിർവ്വഹിക്കുവാനുള്ള നിയോഗമാണ് പ്രതിജ്ഞ വഴിയായി യൗവ്പദ്യകിനോ ഏറ്റെടുക്കുന്നത്. പരിശുദ്ധാത്മാഭിഷേകം ലഭിച്ച ശുശ്രൂഷകൻ സമൃദ്ധിയായി ഫലം നൽകുന്ന ഒലിവുമരമാണ്.

52-ാം സങ്കീർത്തനം ദാവീദിന്റെ കീർത്തനമാണ്. ദാവീദ് അഭിഷിക്തനായിരുന്നു. ശമുവേൽ 16:13-ൽ നാം ഇങ്ങനെ കാണുന്നു: "അങ്ങനെ ശമുവേൽ തൈലക്കൊമ്പെടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വച്ച് അവനെ അഭിഷേകം ചെയ്തു. യഹോവയുടെ ആത്മാവ് അന്നു മുതൽ ദാവീദിന്റെ മേൽവന്നു." ശമുവേൽ പ്രവാചകൻ ദാവീദിനെ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്തു. പഴയനിയമത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ആളാണ് രാജാവ്. അതേ പോലെ തന്നെ പുരോഹിതനും അഭിഷിക്തനാണ്. "അവൻ അഹറോന്റെ തലയിൽ അഭിഷേക തൈലം ഒഴിച്ച് അവനെ അഭിഷേകം ചെയ്ത് ശുദ്ധീകരിച്ചു" (ലേവ്യ 8:12). യഹോവയുടെ അഭിഷിക്തന്മാരാണ് രാജാവും പുരോഹിതനും. ഈ രണ്ട് അഭിഷിക്തന്മാർ മുഖേനയാണ് യഹോവ തന്റെ ജനത്തെ നടത്തിയത്. രാജാവും പുരോഹിതനും യഹോവയുടെ ശുശ്രൂഷകരാണ്. അവരുടെ ശുശ്രൂഷയുടെ അടിസ്ഥാനം പരിശുദ്ധാത്മാഭിഷേകമാണ്.

യഹോവയുടെ അഭിഷിക്തന്മാരായ രാജാവിനെയും പുരോഹിതനെയും ഒലിവ് മരങ്ങളായി സങ്കല്പിച്ചുകൊണ്ടുള്ള ചിത്രീകരണം സഖര്യാവ് 4-ൽ കാണാൻ കഴിയും. പൊന്നുകൊണ്ടുള്ളൊരു വിളക്കുതണ്ട്. അതിന്റെ തലക്കൽ ഒരു കുടം. കുടത്തിന്മേൽ ഏഴു വിളക്ക്. ഏഴു വിളക്കിന് ഏഴു കുഴൽ. കുടത്തിന് രണ്ടു വശവും രണ്ട് ഒലിവ് മരം. ഒലിവുമരങ്ങളിൽനിന്ന് രണ്ടു പൊൻനാളങ്ങളിലൂടെ എണ്ണ ഒഴുകി കുടം നിറയുന്നു. ഈ രണ്ട് ഒലിവുമരങ്ങൾ എന്ത് എന്ന് ചോദിച്ചപ്പോൾ ദൈവദൂതൻ ഉത്തരമായി "ഇവർ സർവ്വ ഭൂമിയുടേയും കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് അഭിഷിക്തന്മാർ എന്നു പറഞ്ഞു'' (സഖ. 4:13-14). യഹൂദജനം ബാബിലോൺ പ്രവാസം കഴിഞ്ഞ് തിരിച്ചെത്തി യെറുശലേം ദേവാലയം പുതുക്കിപ്പണിയുന്നതാണ് സന്ദർഭം. യോശുവാ പുരോഹിതനും, സെരുബാബേൽ രാജാവുമായി യഹൂദജനത്തിന് നേതൃത്വം നൽകുന്നു. യറുശലേം ദേവാലയം പുതുക്കിപ്പണിയുന്നതിനുള്ള പ്രത്യേക ദൗത്യം രാജാവായ സെരുബാബേലിൽ നിക്ഷിപ്തമായിരിക്കുന്നു. ദേവാലയം പുതുക്കിപ്പണിയുന്നതിന് ഏറെ പ്രതിബന്ധങ്ങൾ ഉണ്ടായി. ഈ പശ്ചാത്തലത്തിലാണ് പ്രവാചകനായ സഖര്യാവിന് ഈ ദർശനം ലഭിക്കുന്നത്. ഈ ദർശനത്തിന്റെ അർത്ഥം എന്തെന്ന് പ്രവാചകൻ ദൈവദൂതനോട് ചോദിച്ചു. ദൈവദൂതൻ നൽകുന്ന ഉത്തരം ഇങ്ങനെയാണ്: "സെരുബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിത്. സൈന്യത്താലല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബാബേലിനു മുമ്പിലുള്ള മഹാ പർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും; അതിന് കൃപ കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും" (സഖ. 4:6-7). ഈ വേദഭാഗത്ത് ഒലിവുമരം, ഒലിവെണ്ണ, അഭിഷേകം, അഭിഷിക്തന്മാർ, പരിശുദ്ധാത്മാവ്, പരിശുദ്ധാത്മ കൃപ, ദേവാലയ പുനർനിർമ്മാണത്തിന്റെ ശുശ്രൂഷ എന്നിവയുടെ അന്യോന്യബന്ധം വെളിവായി കാണാൻ കഴിയും. പുതിയനിയമത്തിൽ രാജകീയ പുരോഹിത ശുശ്രൂഷകൾ സഭയിൽ നിക്ഷിപ്തമായിരിക്കുന്നു. സഭ രാജകീയ പുരോഹിതവർഗ്ഗമാണ്. പരിശുദ്ധാത്മ നിറവിൽ ലോകത്തിന് പ്രകാശം നൽകുന്ന ശുശ്രൂഷ പൂർത്തീകരിപ്പാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം സഭയിൽ പരിശുദ്ധാത്മാവിന്റെ വിശേഷാൽ ഉള്ള അഭിഷേകം സ്വീകരിച്ച പൗരോഹിത്യവൃന്ദവുമുണ്ട്. അജപാലനവും പുരോഹിതധർമ്മവും ഒന്നിച്ച് നിർവ്വഹിക്കുന്നവരാണ് പുതിയനിയമത്തിലെ പുരോഹിതർ. അവർക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രകാശനമാണ് കത്തിനിൽക്കുന്ന മെഴുകുതിരികളിലൂടെ നാം കാണുന്നത്.

എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. അഭിഷേകതൈലം പരിശുദ്ധാത്മാഭിഷേകത്തിനു വേണ്ടി ആണെന്ന് പഴയനിയമത്തിൽ നാം വായിക്കുന്നു (1 ശമു 10:1, 6, 10; 16:3). അഗ്നിയും പ്രകാശവും പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. 1 തെസ്സ. 5:19-ൽ "ആത്മാവിനെ കെടുക്കരുത്" എന്ന് നാം വായിക്കുന്നു. ഈ വിവർത്തനത്തേക്കാൾ കുറേക്കൂടി ശരിയായിട്ടുള്ളത് 'ആത്മാവിനെ കെടുത്തിക്കളയരുത്' എന്നത്രെ. ഇംഗ്ലീഷിൽ 'Do not quench (put out) the Spirit' എന്നു കൊടുത്തിരിക്കുന്നു. പരിശുദ്ധാത്മാവാകുന്ന വിളക്ക് ഊതിക്കെടുത്തരുത് എന്നാണ് ഇതിനർത്ഥം. ഇവിടെ പരിശുദ്ധാത്മാവ് അഗ്നിക്ക് (ദീപം) സമാനമാണെന്ന് വ്യക്തമാവുന്നു. ഇതിനോട് ചേർന്നുവരുന്ന ഒരു വേദഭാഗമാണ് 2 തീമോത്തി. 1:6: "എന്റെ കൈവപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു." ദൈവത്തിന്റെ കൃപാവരം പരിശുദ്ധാത്മാവിന്റെ വരം തന്നെയാണ്. ജ്വലിപ്പിക്കുക എന്ന വാക്കിന് തത്തുല്യമായ ഗ്രീക്ക് മൂലപദത്തിന്റെ അർത്ഥം മങ്ങിത്തുടങ്ങിയ വിളക്ക് എണ്ണ പകർന്ന് ജ്വലിപ്പിക്കണം, കൂടുതൽ പ്രകാശം പകരുന്നതാക്കണം (rekindle) എന്നത്രെ. ഇവിടെ പരിശുദ്ധാത്മാഭിഷേകം, തെളിഞ്ഞു നിൽക്കുന്ന ദീപം, സഭാശുശ്രൂഷ എന്നിവ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നതായി നാം കാണുന്നു.

ഈ പഠനത്തിന്റെ വെളിച്ചത്തിൽ അഭിഷേകം സ്വീകരിച്ച യൗവ്പദ്യകിനോ സഭാമധ്യേ നിന്നുകൊണ്ട് എടുക്കുന്ന പ്രതിജ്ഞ ഏറെ അർത്ഥപൂർണ്ണമായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. പൗരോഹിത്യ പദവിയിലേക്ക് പ്രവേശിക്കുന്ന കർത്താവിന്റെ ശുശ്രൂഷകൻ ലഭിച്ച പരിശുദ്ധാത്മാഭിഷേകത്തിന്റെ കൃപാവരമാകുന്ന വെളിച്ചം അണഞ്ഞു പോകാതെ ഏറെ ജ്വലിപ്പിച്ച് നിറപടിയായി ശുശ്രൂഷ പൂർത്തീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ അവബോധമാണ് യൗവ്പദ്യകിനോ എടുക്കുന്ന പ്രതിജ്ഞയ്ക്ക് പിമ്പിലുള്ളത്. ❑

ഞാനും നീയും ഒന്നാണ്

(പെന്തിക്കോസ്തി ഞായർ)

(വി. യോഹന്നാൻ 16:5–15)

കൂടുതൽ വായനയ്ക്ക്: വി. യോഹ. 14:13 – 24, വി. യോഹ. 4:13 – 23, വി. യോഹ. 14:25 – 27, 15:26 – 27, 16:1 – 15

ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

ഇന്ന് പരിശുദ്ധ സഭ പെന്തിക്കോസ്തി പെരുന്നാൾ ആയി ആചരിക്കുന്നു. ഉയിർപ്പിന് ശേഷമുള്ള അമ്പതാം ദിവസമാണ് ക്രിസ്തീയ സഭയുടെ പെന്തക്കോസ്തി. പെന്തിക്കോസ്തി എന്ന വാക്കിന് 'അമ്പതാമത്' എന്ന അർത്ഥമാണ് ഉള്ളത്. പഴയനിയമത്തിൽ യഹൂദന്മാരുടെ പ്രധാന പെരുന്നാളുകളിൽ ഒന്നായിരുന്നു പെന്തിക്കോസ്തി പെരുന്നാൾ. 'ഷാവുത്ത്' എന്നാണ് ഹീബ്രു ഭാഷയിൽ ഇത് അറിയപ്പെടുന്നത്. വാരഫല പെരുന്നാൾ, ആദ്യഫല പെരുന്നാൾ എന്നീ പേരുകളിലും ഇതറിയപ്പെടുന്നു. പെസഹായുടെയും കൂടാരപ്പെരുന്നാളിന്റെയും ഇടയിലാണ് പെന്തിക്കോസ്തി പെരുന്നാൾ (പുറപ്പാട് 23:14–17, 34:18–24, ആവർത്തനം 16:16, 2 ദിനവൃത്താന്തം 8:13). ഒരു കാർഷിക സംസ്കാരത്തിൽ നിന്നാണ് ഈ ഉത്സവത്തിന്റെ ഉദ്ഭവം. തങ്ങളുടെ അദ്ധ്വാനഫലത്തിന്റെ ദശാംശം ദൈവസന്നിധിയിൽ സമർപ്പിക്കുന്ന നന്ദിയുടെയും ആത്മ സംതൃപ്തിയുടേതുമായ ദിനങ്ങളാണ് പെന്തിക്കോസ്തിയിൽ നാം കാണുന്നത്. തങ്ങളുടെ അധ്വാനം നല്ല വിളയായി വന്നത് കണ്ട് അതിൽ ആനന്ദിക്കുന്ന ജനത. അതിൽ അരിവാൾ ഇടുവാൻ ആരംഭിക്കുന്ന ദിവസം മുതൽ ഈ ഉത്സവത്തിന്റെ ഒരുക്കങ്ങളാണ്. ഏഴ് ശാബത് കഴിഞ്ഞു വരുന്ന അമ്പതാമത് ദിവസം പ്രധാന പെരുന്നാളായി കൊണ്ടാടുന്നു. പെസഹാ പെരുന്നാളിന്റെ ഒന്നാം ദിവസം കഴിഞ്ഞ് വരുന്ന അമ്പതാമത്തെ ദിവസമാണ് പെന്തിക്കോസ്തി പെരുന്നാൾ വരുന്നത് എന്ന് ചരിത്രകാരനായ ജോസീഫസ് വ്യക്തമാക്കുന്നുണ്ട്. എന്നാൽ എ.ഡി. 70–ൽ ദേവാലയം തകർക്കപ്പെട്ടതിനു ശേഷം, സീനായ് മലയിൽ വച്ച് ദൈവം മോശയ്ക്ക് നൽകിയ കല്പനകളുടെ ദിവസത്തിന്റെ ഓർമ്മയായിട്ടാണ് യഹൂദർ ഈ പെരുന്നാൾ ആചരിക്കുന്നത് (പുറപ്പാട് 19:1). പെസഹാ പെരുന്നാളിനുശേഷം സീനായ് മലയിൽ വരെ എത്തുവാനെടുത്ത ദിവസം അമ്പത് ആണെന്ന് കണക്കാക്കുന്നു. ഇന്ന് യഹൂദമതത്തിൽ പെന്തിക്കോസ്തി പെരുന്നാൾ എന്നത് ദൈവം അവർക്ക് നൽകിയ ന്യായപ്രമാണത്തിന്റെ നന്ദി സൂചകമായ ആദരവിന്റെ ദിനമാണ്.

പുതിയനിയമത്തിലേക്ക് വരുമ്പോൾ പെന്തിക്കോസ്തി പെരുന്നാൾ ആദ്യ നൂറ്റാണ്ടിലെ ക്രൈസ്തവർ ആചരിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം (1 കൊരി. 16:8, റോമർ 11:16, അ.പ്ര. 20:16). എന്നാൽ പെന്തിക്കോസ്തി പെരുന്നാളിന്റെ അനുഭവത്തിന്റെ വിവരണം, ക്രിസ്തുവിന്റെ ഉയിർപ്പിന് ശേഷമുള്ള ആദ്യത്തെ പെന്തിക്കോസ്തിയെപ്പറ്റിയുള്ളതാണ് (അ. പ്ര. 2:1–42). ഗ്രന്ഥകർത്താവായ വി. ലൂക്കോസ് പെന്തിക്കോസ്തി ദിനത്തിലെ അനുഭവങ്ങളും അദ്ഭുതങ്ങളും വ്യക്തമായി വിവരിക്കുന്നു. അതുവരെയും ക്രിസ്തുവിനെ മറ്റുള്ളവരുടെ മുമ്പിൽ നേരിട്ട് സാക്ഷിക്കുവാൻ പേടിച്ചിരുന്ന ശിഷ്യന്മാർ പരിശുദ്ധാത്മ നൽവരത്താൽ യാതൊരു ഭയാശങ്കകളും ഇല്ലാതെ ക്രിസ്തുവിനെ സാക്ഷിക്കുന്നു (2:1–13, 14–36). ലോകത്തിന്റെ വിവിധയിടങ്ങളിൽ നിന്നു വന്ന യഹൂദ ജനതയ്ക്ക് ആത്മാഭിഷേകം ലഭിച്ച് പത്രോസിന്റെ പ്രസംഗത്തിന്റെ പൊരുൾ മനസ്സിലാവുകയും അവർ ക്രിസ്തുവിന്റെ പിൻഗാമികളാവുകയും ചെയ്തു. ബാബേലിൽ വച്ച്, ഒന്നായ ഭാഷ ചിതറി, മനുഷ്യർ അകന്നപ്പോൾ (ഉല്പത്തി 11:1–9) യരുശലേമിൽ വച്ച്, വിവിധ ഭാഷക്കാർ ക്രിസ്തുവിൽ ഒന്നായി (അ. പ്ര. 2:42).

പഴയനിയമത്തിലെ യോവേൽ പ്രവാചകന്റെ വചന നിവൃത്തി (യോവേൽ 2:8–32) മാത്രമല്ല ഇവിടെ നാം കാണുന്നത്. പിന്നെയോ, ക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുമ്പ് തന്റെ ശിഷ്യന്മാർക്ക് നൽകിയ വാഗ്ദത്തത്തിന്റെ പൂർത്തീകരണം കൂടിയാണ് (യോഹ. 16:7–14, അ. പ്ര. 1:8). വിവിധ സഭകൾ ഉയിർപ്പിന് ശേഷം അമ്പതാം ദിവസം ഈ പെരുന്നാൾ ആചരിക്കുന്നു. നമ്മുടെ സഭ പെന്തിക്കോസ്തി പെരുന്നാൾ പരിശുദ്ധാത്മാവിന്റെ പുതുക്കത്തിന്റെ പെരുന്നാൾ ആയാണ് കൊണ്ടാടുന്നത്. നമ്മിലുള്ള പരിശുദ്ധാത്മാവിനെ വീണ്ടും ജ്വലിപ്പിക്കുവാനും അതുവഴി കൂടുതൽ ആത്മീയതയുള്ളവരായിത്തീർന്ന് ക്രിസ്തുവിനെ സാക്ഷിക്കുവാനുമാണ് നാം ഒരുങ്ങേണ്ടത്. പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ, നമ്മിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കുവാൻ (2 തീമോ. 1:6) നമ്മെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുന്ന പെരുന്നാളാണ് പെന്തിക്കോസ്തി പെരുന്നാൾ.

സന്ധ്യയുടെയും പ്രഭാതത്തിന്റെയും കൂടിച്ചേർത്ത് ഇന്നത്തെ ഏവൻഗേലിയോനിൽ ആറ് വായനകളാണുള്ളത്. വി. യോഹന്നാന്റെ സുവിശേഷം 14, 15, 16 എന്നീ അദ്ധ്യായങ്ങളിൽ നിന്നാണ് എല്ലാ വായനകളും. 13 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങൾക്ക് വിശുദ്ധ ജെറോം നൽകുന്ന തലക്കെട്ട് Book of Glory (തേജസ്സിന്റെ പുസ്തകം) എന്നാണ്. ക്രിസ്തുവിന്റെ അന്ത്യ അത്താഴ സമയത്തെ ഭക്ഷണങ്ങളും, മഹാപുരോഹിത പ്രാർത്ഥനയും, കഷ്ടാനുഭവങ്ങളും, ഉയിർപ്പും ഇതിൽ വിവരിക്കുന്നു. വളരെ ആഴമേറിയ ചിന്തകളുടെ ഈ ഭാഗത്തിൽ നാം കാണുന്നത്, ക്രൂരതയ്ക്കു മേൽ സന്മനോഭാവവും, പക്ഷപാത ത്തിനുമേൽ ക്ഷമയും, ഭയത്തിനുമേൽ ധൈര്യവും, വിദ്വേഷത്തിനുമേൽ സ്നേഹവും കൈവരിക്കുന്ന ക്രിസ്തുവിനെ ആണ്. ആ ജീവിതം പിന്തുടരുവാനുള്ള ആത്മീയ പുതുക്കം പ്രാപിക്കുവാനാണ് പെന്തിക്കോസ്തി പെരുന്നാളിൽ കൂടി പരിശുദ്ധ സഭ ഇന്ന് നമുക്ക് തരുന്ന സദ്വാർത്ത.

1. ക്രിസ്തുവിനെ സാക്ഷിക്കുവാൻ നമ്മെ വിളിച്ചിരിക്കുന്നു: നിങ്ങളും ആദി മുതൽ എന്നോടുകൂടി ഇരിക്കകൊണ്ട് സാക്ഷ്യം പറവീൻ (യോഹ. 15:27) എന്നാണ് ക്രിസ്തു ശിഷ്യന്മാരോട് അരുളിച്ചെയ്യുന്നത്. ക്രിസ്തുവിന്റെ സ്നേഹം, നീതി, കരുണ, ന്യായവിധി എന്നിവയെക്കുറിച്ചുള്ള ദർശനങ്ങൾ ഈ ലോകത്തിന് കാണിച്ചുകൊടുത്ത് അവന്റെ സാക്ഷികളാകുവാനാണ് തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നത്. ക്രിസ്തുവിൽ വസിച്ചാൽ മാത്രമേ, ആ സത്യാത്മാവിനെ സ്വീകരിച്ച് ക്രിസ്തുവിന്റെ പ്രവൃത്തികൾ ചെയ്യുവാൻ നമുക്ക് സാധിക്കുകയുള്ളു. ക്രിസ്തു മുന്തിരിച്ചെടിയും, ശാഖകൾ നാമോരോരുത്തരും ആയി വളരുമ്പോൾ, ക്രിസ്തുവിനെ പരിപൂർണ്ണമായി നമ്മിൽ ആ വഹിക്കുവാൻ സാധിക്കും. അവനെത്തന്നെ ആഹരിച്ച് അവനിൽ ആയി, അവനിൽക്കൂടി അനേക നല്ല ഫലങ്ങളെ ലോകത്തിന് നൽകുവാൻ അങ്ങനെ ഒരു ക്രിസ്തുശിഷ്യന് കഴിയുന്നു. നമ്മിൽ കൂടി ക്രിസ്തുവാകുന്ന വഴിയിലും സത്യത്തിലും ജീവനിലും കടക്കുവാൻ ഒരുവന് കഴിയുമ്പോഴാണ് ക്രിസ്തു സാക്ഷ്യത്തിന്റെ പൂർത്തീകരണം സംഭവിക്കുന്നത്.

2. ഈ ലോകത്തിന് അനുരൂപരാകാതിരിക്കുവാൻ നമ്മെ വിളിച്ചിരിക്കുന്നു: ക്രിസ്തുവിനു വേണ്ടി സകലവും ഉപേക്ഷിച്ച ശിഷ്യന്മാരെ നാം കാണുന്നു. എന്നാൽ തങ്ങളുടെ ജീവിതത്തിലോ, മിഷൻ പ്രവർത്തനങ്ങളിലോ, അവർക്ക് ഒരു കുറവും ഉണ്ടായില്ല എന്നതും സുവിശേഷം സാക്ഷിക്കുന്നു (മത്തായി 19:27, ലൂക്കോസ് 21:35). ഈ ലോകത്തിന്റെ പ്രതാപങ്ങളോട് നാം അനുരൂപപ്പെട്ടു പോകുന്നതു കൊണ്ടാണ് ക്രിസ്തുസുവിശേഷം നമ്മിൽ അന്യമാകുന്നത്. ഈ ലോകം തരുന്ന സമാധാനവും സംതൃപ്തിയുമല്ല യഥാർത്ഥ ക്രിസ്തുജീവിതത്തിന്റെ പൂർണത. ഈ ലോകം നശ്വരമെന്നും, അനശ്വരമായ ജീവിതം ദൈവത്തോടൊപ്പമെന്നും, അതൊരുക്കുവാനാണ് ക്രിസ്തു തന്റെ പിതാവിന്റെ അടുക്കലേക്ക് പോകുന്നുവെന്നുമാണ് ശിഷ്യന്മാരോട് പറയുന്നത്.

3. ദൈവസ്നേഹത്തിൽ വസിക്കുവാൻ നമ്മെ വിളിച്ചിരിക്കുന്നു: ഒരുവൻ സ്നേഹിതന്മാർക്കുവേണ്ടി തന്റെ ജീവനെ ഉപേക്ഷിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ. 15:14) എന്നാണ് ക്രിസ്തു പറഞ്ഞത്. തന്റെ ജീവിതംകൊണ്ട് നമുക്ക് അത് കാട്ടിത്തരുകയും ചെയ്തു. പിതാവും ഞാനും ഒന്നാണ്. എന്നെക്കണ്ടവൻ പിതാവിനെയും കണ്ടിരിക്കുന്നു (യോഹ. 14:6–9) എന്ന് ക്രിസ്തു പറയുമ്പോൾ ദൈവസ്നേഹത്തിന്റെ ആഴമാണ് അവിടെ വെളിപ്പെടുന്നത്. ഈ വെളിപ്പെടുത്തലിന്റെ പൂർത്തീകരണമാണ് സത്യാത്മാവ് വരുമ്പോൾ സംഭവിക്കുന്നത്. 'അപരൻ' എന്ന മനോഭാവമില്ലാതെ, ഒരുമയുടെ, സ്നേഹത്തിന്റെ ഒരു സംസ്കാരമാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. ഞാനും നീയും ഒന്നാകുന്ന അവസ്ഥ. അപ്പോൾ മാത്രമേ അന്യന്റെ ദുഃഖം നമ്മുടേതും കൂടി ആകുന്നുള്ളു. അപ്പോൾ മാത്രമാണ് അപരന്റെ സന്തോഷത്തിലും സന്താപത്തിലും, ജീവിതത്തിന്റെ എല്ലാ മേഖലകളിലും നമുക്ക് നമ്മുടേതായ ഇടപെടലുകൾ സാധ്യമാകുന്നത്. ഈ സ്നേഹമാണ് നമ്മെ നയിക്കേണ്ടത്.

ഇത് രോഗാതുരമായ കൊറോണാ കാലമാണ്. പെന്തിക്കോസ്തിയുടെ അനുഭവം പ. കൂദാശ വഴി പ്രാപിക്കുവാൻ, നേരിട്ട് അനുഭവിക്കാൻ നമുക്ക് പലർക്കും സാധ്യമാകുന്നില്ല. എങ്കിലും പലരുടെയും ജീവത്യാഗങ്ങളും കരുതലും സ്നേഹവും എല്ലാം പഠിപ്പിക്കുന്നത് ദൈവസ്നേഹത്തിന്റെ വിവിധ വശങ്ങളാണ് എന്നുള്ളതിൽ തീർത്തും സംശയമില്ല. സത്യത്തിന്റെ ആത്മാവ് കൂടുതലായി നമ്മിൽ വ്യാപരിച്ച്, യഥാർത്ഥ ദൈവാന്വേഷണമുള്ളവരായി, ക്രിസ്തുസാക്ഷികളായി, ഈ ലോകത്തിന് അനുരൂപപ്പെടാതെ ജീവിക്കുവാൻ ഈ പെരുന്നാളിൽ കൂടി ദൈവം നമുക്ക് സാധ്യമാക്കട്ടെ.

❑

പ. ബസേലിയോസ് മാര്ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 6–ാം ഓർമ്മപ്പെരുന്നാൾ ഭിലായ് സെന്റ് തോമസ് മിഷൻ ചാപ്പലിൽ ആചരിച്ചു. വിശുദ്ധ കുർബ്ബാനയ്ക്ക് കല്ക്കട്ട ഭദ്രാസനാധിപൻ ഡോ. ജോസഫ് മാര് ദിവന്നാസ്യോസ് മുഖ്യ കാർമികത്വം വഹിച്ചു.

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം കേന്ദ്ര കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ ആശുപത്രികളിലും മാസ്ക് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ആലുവാ ജില്ലാ ആശുപത്രിയിലും മാസ്ക് വിതരണം ചെയ്തു. ബാംഗ്ലൂർ ക്രൈസ്റ്റ് കോളജ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ ലഭിച്ച 1000 മാസ്ക് ഉള്ളപ്പെടെ 1500 മാസ്ക് ജില്ലാ ആശുപത്രി സുപ്രണ്ടിന്റെ പക്കൽ തോമസ് പോൾ റമ്പന്റെ നേതൃത്വത്തിൽ നല്കി. ഭദ്രാസന വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. എൽദോ കുര്യാക്കോസ്, ഫാ. മൊബിൻ വർഗീസ്, കിരൺ എന്നിവർ സന്നിഹിതരായിരുന്നു.

സെന്റ്. ജോർജ്ജ് ഓർത്തഡോക് സിറിയൻ ചർച്ച് അടുപ്പുട്ടി – കോവിഡ് 19 അതിജീവനം പ്രോഗ്രാം. നിർധനരായിട്ടുള്ള ഇടവകയിലെ സ്ഥിരം മരുന്നുകൾ ആവശ്യമായി വരുന്ന രോഗബാധിതർക്ക് നിശ്ചിത തുകയിലുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം വികാരി ഫാ. ഗീവർഗീസ് തോലത്ത് പള്ളിയങ്കണത്തിൽ വെച്ച് നിർവഹിച്ചു.

മെഴുവേലി ഹോളി ഇന്നസെന്റ്സ് തീർത്ഥാടന ദേവാലയ അംഗത്തിന് മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ തണൽ സ്നേഹവീട് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകി കൂദാശ 23–05–2020 ശനിയാഴ്ച ഇടവക വികാരി ഫാ. മാമ്മൻ തോമസ്, മുൻ വികാരി ഫാ. മത്തായി കുന്നിലിന്റെയും കാർമ്മികത്വത്തിൽ നടന്നു.

മുളന്തുരുത്തി പള്ളിയിൽ ശവസംസ്ക്കാരം നടത്തി

കൊച്ചി: മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ ഓർത്തഡോക്സ് സഭയിലെ വൈദികരുടെ നേതൃത്വത്തിൽ ശവസംസ്ക്കാരം നടത്തി. ഹൈക്കോടതി നിർദേശപ്രകാരമാണ് ഓർത്തഡോക്സ് സഭയിലെ വൈദികർ പള്ളിയിൽ പ്രവേശിച്ചു ശുശ്രൂഷകൾ നടത്തി ശവസംസ്ക്കാരം നടത്തിയത്.

DAY OF SLAVIC CULTURE AND WRITING WAS CELEBRATED IN TRIVANDRUM

Under the auspices of the Russian Cultural Centre in Trivandrum, the Day of Slavic Slavic Culture and Writing was observed by organizing a seminar. Apart from the limited people who were in the seminar hall at the Centre abiding by the Covid-19 protocol, more people from different parts of the world joined the programme via ZOOM.

Metropolitan of the Malankara Syrian Orthodox Church Dr. Gabriel Mar Gregorios inaugurated the seminar. In his speech, Dr. Gabriel Mar Gregoios said that the Slavic Culture had played a significant role in molding the world civilization. “Russian culture grew from the East Slavs with the specific way of life. This has a long tradition and achievements in many fields. Cyril and Methodius, two brothers and Christian theologians and Missionaries, who promoted Slavic Culture and Alphabet. They can be considered as the ‘ Apostles of the Slavic Culture. I am happy to know that Russians remember and celebrate the Slavic Culture. It shows how best the Russians use the Day to remember their traditions’, said the Metropolitan of the Malankara Orthodox Church which has a long time association with the Russian Orthodox Church.

Tatyana Perova, Head of the Russian Language Teachers Institute at the Russian Centre of Science and Culture in New Delhi briefed how the Slavic Day is celebrated today in Russia. She said that after the Day of Russian Language, the Day of Slavic Culture and Writing is the most important day for the Russian language teachers.

In his presidential address, Ratheesh C. Nair , Honorary Consul of the Russian Federation and Director of the Russian Cultural Centre in Trivandrum said that Indian culture has its roots in ancient time and the Saints in India had contributed greatly in shaping the traditions through religion and epics like Mahabaratha. Similarly, Russian tradition had begun centuries back and Saints like Cyril and Methodius popularized Slavic Culture and Letters. The history of the traditions of the both countries helped us to easily promote the People to People Diplomacy which can be considered as the foundation of our relationship.

- പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.
- ജനങ്ങളുടെയിടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൽ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന.
- നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

– പ. പരുമല തിരുമേനി

Scholarship project of OSSAE NILACKAL DIOCESE function inaugurated by Raju Abraham MLA and the programme presided by HG. Dr. Joshua Mar Nicodimos Metropolitan. Scholarship and study equipments distributed to 1250 students.

കാട്ടുമങ്ങാട്ട് ഇളയ ബാവാ തിരുമേനിയുടെ 211–ാമത് ശ്രാദ്ധപ്പെരുന്നാൾ കാട്ടുമങ്ങാട്ട് ബാവാമാർ സ്ഥാപിച്ചതും, അവർ തപസ്സനുഷ്ഠിച്ചതുമായ തേവനാൽ താഴ്‌വരയിലെ മാർ ബഹനാൻ ദയറാ ചാപ്പലിൽ വിശുദ്ധ കുർബാനയും തുടർന്ന് വലിയപള്ളിയിലെ പരിശുദ്ധന്റെ സ്മാരക കബറിങ്കൽ ധൂപ്രാർത്ഥനയും ആശീർവാദവും നടത്തപ്പെട്ടു. ശുശ്രൂഷകൾക്ക് വികാരി ഫാ. സക്കറിയ ജോൺ നേതൃത്വം നൽകി.

മാധവശ്ശേരി സെന്റ് തേവോദോറോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിലെ ഭവനങ്ങളിലും, ഇടവകയുടെ പരിസര പ്രദേശങ്ങൾ ഉൾപ്പെട്ട നെടുവത്തൂർ പഞ്ചായത്ത്, പവിത്രേശ്വരം പഞ്ചായത്ത് പ്രദേശങ്ങളിലെ ഭവനങ്ങളിലും മാസ്കുകളും സാനിട്ടൈസറുകളും വിതരണം ചെയ്തു. ഇടവക വികാരി ഫാ. ജോൺ റ്റി. വർഗീസ് വിതരണത്തിന് തുടക്കം കുറിക്കുന്നു.

തിരുവനന്തപുരം ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജം കോവിഡ് 19 ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി നൽകുന്ന മലയിൻകീഴ്, ആലമ്പാറ മിഷൻ സെന്ററിലെ മുഴുവൻ ഭവനങ്ങൾക്കും ആവശ്യമായ നിത്യോപയോഗ സാധനങ്ങളുടെ കിറ്റുകളടങ്ങിയ വാഹനം പൗഡിക്കോണം മാതാ മറിയം ആശ്രമത്തിൽ നിന്നും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഫ്ളാഗ് ഓഫ് ചെയ്തു. മർത്തമറിയം വനിതാ സമാജം കാര്യദർശി ലൈലാ എബ്രഹാം, ട്രെഷറർ സോമി ബേബി, സൂസി ചെറിയാൻ, ചെറിയാൻ, അൻസു, യുവജനപ്രസ്ഥാനം മുഖ്യ കാര്യദർശി ജെറിൻ സോമർവെൽ, സഹകാര്യദർശി റോബിൻ കെ. ആർ. എന്നിവർ സന്നിഹിതരായിരുന്നു.

ഹോളി ഇന്നസെന്റ്സ് യൂത്ത് മൂവ്മെന്റ് ആഭിമുഖ്യതിൽ ഇടവകയിലെ എല്ലാ ഭവനങ്ങളിലും മാസ്ക് വിതരണം നടത്തുന്നു. ആയതിന്റെ ഉദ്ഘാടനം കർമ്മം ഇടവക വികാരി ഫാ. മാമ്മൻ തോമസ് നിർവഹിക്കുന്നു.

"ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധി ഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?"

– പ. പരുമല തിരുമേനി



പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം
ഫോൺ: 99471 20697 വില: 200 രൂപ

മലങ്കരസഭാ മാസിക ഓൺലൈനിൽ

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തപാൽ സംവിധാനം സുഗമമല്ലാത്തതിനാൽ മലങ്കരസഭാ മാസികയുടെ ഏപ്രിൽ, മെയ് ലക്കങ്ങൾ ഓൺലൈനിലാണ് പ്രസിദ്ധീകരിച്ചത്. വായിക്കുവാൻ http://www.malankarasabhaonline.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file